# വാഴ്ത്തപ്പെട്ട ചാവറ

## കേരളസഭാ സമുദ്ധാരകൻ

### പുസ്തകം മൂന്ന്

### ആ സുകൃതസരണി

Fr. Nandhikara
*300007709*
K91.1 C163 V3

r. Jose Nandhikara CMI
harmaram College
angalore - 560 029

[illegible]ിഷ്യസ് സി. എം. ഐ

Printed and Published By
The C M I General Department
For The Media of Communications
Prior General's House - Kochi-682 011
1990

**Bl. Kuriakose Elias Chavara**

Kerala Sabha Samudharakan, Vol III
(Malayalam)

By

Fr. CANISIUS C. M. I.

Fr. Jose Nandhikara CMI
Dharmaram College
Bangalore - 560 029

709

Rights Reserved

Published March 1990

By
The C M I General Department
For The Media Of Communications
Prior General's House
Kochi - 682 011

*Printed at* : Matha Printers
Kochi - 682 017
Tel. 369421

# മുഖവുര

ഈ മൂന്നാം പുസ്തകത്തിലെ പ്രതിപാദ്യ വിഷയം വാ. ചാവറയുടെ വ്യക്തിപരമായ വിശുദ്ധിയാണ്. പുണ്യങ്ങളുടെ അഥവാ സുകൃതശീലങ്ങളുടെ നിർവ്വചനവും, വീരോചിതമായ വിശുദ്ധി, വിശുദ്ധ പദവി എന്നിവ സംബന്ധിച്ച ചുരുങ്ങിയ വിവരണവും കഴിഞ്ഞ്, വാ. ചാവറയുടെ സുകൃതസരണിയുടെ പ്രതിപാദനം ആരംഭിക്കുന്നു.

നാമകരണക്കോടതി സമ്പാദിച്ച രേഖാസഞ്ചയത്തിൽ നിന്ന് വിദഗ്ദ്ധപഠനത്തിനായി തിരുസംഘം സമർപ്പിച്ച വസ്തുതകളുടെ സംഭരണമാണ് Positio എന്നറിയപ്പെടുന്ന ബൃഹത്തായ ലത്തീൻ ഗ്രന്ഥം. അതിൽനിന്നാണ് ഈ സംക്ഷിപ്ത വിവരണത്തിനുള്ള വസ്തുതകളും ഉദ്ധരണികളും അടർത്തിയെടുത്തിരിക്കുന്നത്. വാ. ചാവറയുടെ വാക്കുകൾ മലയാളം മൂലഗ്രന്ഥങ്ങളിൽ നിന്നുനേരിട്ടും പലപ്പോഴും ഉദ്ധരിക്കുന്നുണ്ട്. അപ്പോൾ അവ വായനക്കാർക്ക് സുഗ്രാഹ്യമാകുവാൻ വേണ്ടി ആധുനികമലയാളത്തിലേയ്ക്ക് പരാവർത്തനം ചെയ്തിരിക്കുന്നു.

വാ. ചാവറയുടെ ആഴമായ വിശുദ്ധിയുടെ പരിമളം അനേകരിലേയ്ക്കു പരത്തുവാൻ ഈ ചെറു ഗ്രന്ഥം ഇടയാക്കുമെന്ന് വിശ്വസിക്കുന്നു.

# വിഷയസൂചിക

പേജ്


| | |
|---|---|
| സുകൃതം–സുകൃതസരണി | 1 |
| - ഇതു സാദ്ധ്യമോ? | 2 |
| - നാമും ദൈവമക്കൾ | 3 |
| - ദാനങ്ങളും സുകൃതശീലങ്ങളും | ,, |
| - ദൈവികപുണ്യങ്ങൾ | 4 |
| - സാൻമാർഗ്ഗിക പുണ്യങ്ങൾ | 4 |
| - വിശുദ്ധ പദവി | 5 |
| I ദൈവികപുണ്യങ്ങൾ | 6 |
| i വിശ്വാസം | ,, |
| - എല്ലാം ദൈവദാനം | ,, |
| - എല്ലാസംഭവത്തിലും ദൈവകരം | 7 |
| - എവിടെയും ദൈവസാന്നിദ്ധ്യം | 9 |
| - വി. കുർബാനയിൽ | 9 |
| - ക്രിസ്തുസാന്നിദ്ധ്യം ക. സഭയിൽ | 11 |
| - ക്രിസ്തുവിൻെറ വികാരിയോട് പുത്രവാത്സല്യം | 12 |

- കേരളസഭാസമുദ്ധാരണം 15
- ശീശ്മക്കെതിരെ നേതൃത്വം 16
- ദൈവത്തെ ദർശിക്കുന്ന മനുഷ്യൻ 18

ii **ശരണം** 19

- പാപബോധത്താൽ ചഞ്ചലപ്പെടാത്ത പ്രത്യാശ 20
- വി. കുർബാന പ്രത്യാശയുടെ അച്ചാരം 21
- ക്ലേശങ്ങൾ പ്രത്യാശയുടെ ഉരകല്ല് 21
- സ്വയം പ്രസരിപ്പിക്കുന്ന പ്രത്യാശ 24

iii **ഉപവി** 24

1 **ദൈവസ്നേഹം** 24

- ബാല്യകാലത്ത് 25
- സെമിനാരിയിൽ 26
- വൈദിക വൃത്തിയിൽ 26
- ഹൃദയം, അധരങ്ങൾ, പേന 28
- പാപത്തോട് വെറുപ്പ് 30
- പ്രാർത്ഥനാരൂപി 33
- ഭക്തജീവിതം - തപശ്ചര്യകൾ 37
- പ്രത്യേക ഭക്തികൾ 38
- തിരുവോസ്തിയിലെ ക്രിസ്തു 39
- പ. കന്യക 41
- വി. യൗസേഫ് 43
- വി. ത്രേസ്യാ 44
- മററു മധ്യസ്ഥർ 45
- സ്വന്തം അമ്മ 46
- കാവൽ മാലാഖാ 46

2 **അയൽക്കാരോട് സ്നേഹം** 46

- വ്യക്തിവിലയിരുത്തലിൽ സത്യസന്ധത 47
- തെററുകാരുടെയും സൽപ്പേര് 48
- അനുരഞ്ജനസേവനം 49
- ചാവറയുടെ സമൂഹം സ്നേഹസമൂഹം 52
- ഉപകാരികളോടു കൃതജ്ഞത 52
- കീഴുള്ളവരോട് പരിഗണന 52
- തെററുതിരുത്തൽ 54
- രോഗികളോട് അനുകമ്പ 54
- പാവപ്പെട്ടവരോട് പ്രത്യേകത 56
- ശത്രു സ്നേഹം 58
- ആത്മരക്ഷയിൽ തീക്ഷ്ണത 60
- തീക്ഷ്ണതയുടെ ഉറവിടം 61

II **സാന്മാർഗ്ഗികപുണ്യങ്ങൾ** 65

i **നീതി** 65

- ''100 രൂപ ന്യായമായി സമ്പാദിച്ചതോ! 65
- നഷ്ടത്തേക്കാരം സത്യസന്ധത 65
- വേലക്കാർക്ക് കൂലി 66
- കണക്കുകളിൽ കൃത്യത 66
- ദാനവിവരം രേഖകളിൽ 66
- നന്ദി പ്രകടനം 66
- അപരന്റെ സൽപേര് 67

ii **വിവേകം** 67

- ആലോചന ചോദിക്കുന്നു 68
- ആലോചന നല്കുന്നു 69

- ആലോചനാപൂർവ്വം പ്രവർത്തിക്കുന്നു 69

iii ആത്മശക്തി 75

- ദൈവാഹ്വാനങ്ങൾക്കു പ്രത്യുത്തരം 75
- പ്രാതികൂല്യങ്ങളാൽ തളരാത്ത മനോധൈര്യം 76
- സഹനത്തിൽ പ്രസന്നത 77
- സത്യത്തോടും തത്ത്വങ്ങളോടും വിശ്വസ്തതയിൽ നിർഭയത്വം 78

iv മിതത്വം 79

III സന്യാസവ്രതങ്ങളാകുന്ന സുകൃതങ്ങൾ 80

i എളിമ 80

- ''സ്ഥാനം വേണ്ട, സ്വർഗ്ഗം മതി 81
- ''വലുപ്പത്തിന്റെ ചെറുപ്പം'' 82
- സ്തുതി, സഹപ്രവർത്തകർക്ക് 84

i ദാരിദ്ര്യം 85

- ഇല്ലാഞ്ഞിട്ടല്ല, സ്വമനസ്സാ 87
- പദ്ധതികൾക്കു കൈമുതൽ, പ്രത്യാശ 88

iii ബ്രഹ്മചര്യം 89

- നൈസർഗ്ഗിക വാസന 89
- കന്യകകൾക്കായി, മഠം, പരിശീലനം 90
- അടിസ്ഥാനപ്രേരകം 92

iv **അനുസരണം** 93

- നിയമാനുഷ്ഠാനം 93
- അധികാര വിധേയത്വം 94
- കണ്ണും ചെവിയുമില്ലാത്ത ചൊൽവിളി 96

- **ഉപസംഹാരം** 100

## ചുരുക്കെഴുത്തുകൾ

| | | |
|---|---|---|
| Positio | = | P. |
| നാളാഗമം | = | നാളാ. |
| ആത്മാനുതാപം | = | ആത്മാ. |
| ധ്യാനസല്ലാപങ്ങൾ | = | ധ്യാന. |
| എഴുത്തുകൾ | = | എഴു. |

**പ്രത്യേകശ്രദ്ധയ്ക്ക്:** ''ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ'' എന്ന നാലുവാല്യങ്ങളിൽ നിന്നാണ്, പല ഉദ്ധരണികളും എടുത്തിരിക്കുന്നത്.

''നാളാഗമങ്ങൾ'', വാല്യം ഒന്നിൽ
''ആത്മാനുതാപം''. ,, രണ്ടിൽ
''ധ്യാനസല്ലാപങ്ങൾ'', ,, മൂന്നിൽ
''എഴുത്തുകൾ'', ,, നാലിൽ

# വാ. ചാവറ
# കേരളസഭാ സമുദ്ധാരകൻ
## പുസ്തകം മൂന്ന്
### ആ സുകൃതസരണി
(ഒരു വിശകലനം)

### സുകൃതം - സുകൃതസരണി

പിതാവായ ദൈവം – സ്വപുത്രനെപ്പോലും ഒഴിച്ചുവയ്ക്കാതെ, നമുക്കെല്ലാവർക്കുംവേണ്ടി, അവിടത്തെ സമർപ്പിച്ചു. ആ സ്നേഹസ്വരൂപൻ - ''അവിടത്തോടുകൂടി, എല്ലാം നമുക്ക് നൽകാതിരിക്കുമോ? (Rom. 8/31-32).

നമ്മെപ്രതി സ്വയം ശൂന്യനാക്കിയ, പുത്രനായ ദൈവം- ''മരിക്കുകയും, മരിച്ചവരിൽനിന്നുയർക്കുകയും, ദൈവത്തിൻെറ വലത്തുഭാഗത്തിരുത്തുകയും, നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്ന ഈശോമിശിഹാ''–നമുക്കെതിരായി കുററം വിധിക്കുമോ? (Rom· 8/34).

നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനശിലകളാണ് ഈ വാക്യങ്ങളിൽ നാം കാണുക. ''ഈ പ്രത്യാശയിൽ, നിരാശയ്ക്കിടമില്ല''. കാരണം അതി

ൻെറ അച്ചാരമായി നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവായ ദൈവത്തിൻെറ സാന്നിദ്ധ്യം! ''നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ, ദൈവസ്നേഹം നമ്മുടെ ആത്മാവിൽ ചൊരിയപ്പെട്ടിരിക്കുന്നു.'' (Rom. 5/5)

ഇതാ, സാക്ഷാൽ സു–കൃതം! പിതാവും പുത്രനും പരിശുദ്ധാത്മാവും, ''ആദ്യമേതന്നെ നമ്മെ സ്നേഹിച്ചു'' എന്ന ചരിത്രവസ്തുത (I Joh. 4/19)

ദൈവത്തിൻെറ ഈ സുകൃതത്തെ അനുകരിക്കാൻ, നമുക്കുള്ള വെല്ലുവിളിയാണ്, ദിവ്യസുതൻെറ ഇരു കല്പനകളുടെ സംഗ്രഹം.

1. ''സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് പൂർണ്ണനായിരിക്കുന്നതു പോലെ, നിങ്ങളും പൂർണ്ണരാവുക.'' (MT. 5/45)

2. ''ഞാൻനിങ്ങളെ സ്നേഹിച്ചതുപോലെ, നിങ്ങൾ പരസ്പരം സ്നേഹിക്കുക'' (Joh. 13/34)

## ഇത് സാദ്ധ്യമോ ?

ഈ ആഹ്വാനത്തിനുത്തരിക്കുവാൻ കേവലം മനുഷ്യരായ നമുക്കു സാദ്ധ്യമാകുമോ? തികച്ചും പ്രസക്തമായ ചോദ്യമാണിത്. പിതാവായ ദൈവത്തെ അനുകരിക്കാനും, പുത്രനായ ദൈവം നമ്മെ സ്നേഹിച്ചതുപോലെ, നാം പരസ്പരം സ്നേഹിക്കുവാനും സാധിക്കണമെങ്കിൽ, നാമും ദൈവമക്കളായേ തീരു.

## നാമും ദൈവമക്കൾ

നമ്മെ ദൈവമക്കളാക്കിത്തീർക്കുന്നതിനുവേണ്ടിയാണ് പിതാവും പുത്രനും, പരിശുദ്ധാത്മാവായ ദൈവത്തെ നമ്മിലേക്കയച്ചിരിക്കുന്നത്. പരിശുദ്ധാരൂപിയാലും ജലത്താലും (മാമ്മോദീസാവഴി) നാം ദൈവമക്കളായി പുനർജന്മം പ്രാപിക്കുന്നു. (Gal. 4/6 ; Joh. 3/2–10). ദൈവമക്കളായിത്തീർന്ന നമ്മെ, പരിശുദ്ധാരൂപി തന്നെ, നയിക്കുവാൻ തുടങ്ങുന്നു. (Rom. 5/3-5 ; 8/14- 17 ; Joh. 14/12, 16 ; 16/26). അവിടന്നാണല്ലൊ ദൈവസുതനായ ഈശോയെ നയിച്ചിരുന്നത് (Is. 61/1–2).

## ദാനങ്ങളും സുകൃതശീലങ്ങളും

നമ്മുടെ ആത്മാവിന്റെ സത്തയെത്തന്നെ സംശുദ്ധമാക്കി ദൈവപുത്രസ്ഥാനത്തേയ്ക്ക് ഉയർത്തുന്ന ശുദ്ധീകരണവരപ്രസാദത്തോടുകൂടി, ദൈവത്തിന്റെ ആഭിജാത്യമനുസരിച്ച് ജീവിക്കുന്നതിനു നമ്മെ സഹായിക്കുന്ന അതിസ്വാഭാവികദാനങ്ങളും സുകൃതശീലങ്ങളും നമ്മിൽ ചിന്തപ്പെടുന്നു. അവയാണ് പരിശുദ്ധാത്മാവിന്റെ നേതൃത്വം സത്വരമായി അനുസരിക്കുന്നതിന് നമ്മെ പ്രാപ്തരാക്കുന്ന അവിടത്തെ സപ്തദാനങ്ങളും, പിതാവിന്റെയും പുത്രന്റെയും സു–കൃതം– അതിരു വയ്ക്കാത്ത സ്വയം ദാനം–അനുസരിച്ചു ജീവിക്കുന്നതിന് നമ്മെ പ്രാപ്തരാക്കുന്ന ദൈവികപുണ്യങ്ങളും സാന്മാർഗ്ഗിക സുകൃത ശീലങ്ങളും.

## ദൈവികപുണ്യങ്ങൾ

ദൈവത്തെ പിതാവായി കാണുന്നതിനും, അവിടത്തെ നൈസർഗ്ഗികമായി, ''അപ്പാ'' എന്നു വിളിക്കുന്നതിനും നമ്മെ പ്രാപ്തരാക്കുന്ന സുകൃതശീലമാണ് വിശ്വാസമെന്ന പുണ്യം. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, നാം പിതാവിന്റെ അവകാശികളും മിശിഹായുടെ കൂട്ടവകാശികളും ആയിക്കഴിഞ്ഞു എന്ന ഉറപ്പോടുകൂടിയ പ്രത്യാശാ ശീലമാണ് ശരണം എന്ന പുണ്യം. പിതാവിന്റെ ആഭിജാത്യമനുസരിച്ച്, അവിടന്ന് സ്വയം ദാനം ചെയ്തതുപോലെ അവിടത്തേയ്ക്കും അവിടത്തെപ്രതി സഹജീവികൾക്കും സ്വയം ദാനം ചെയ്യുന്ന സുകൃതശീലമാണ് ഉപവിയെന്ന പുണ്യം. ഈ മൂന്നു പുണ്യങ്ങളുടെയും വിഷയം ദൈവമായതുകൊണ്ട്, ഇവ മൂന്നും ദൈവികപുണ്യങ്ങൾ എന്നറിയപ്പെടുന്നു.

## സന്മാർഗ്ഗികപുണ്യങ്ങൾ

ദൈവത്തോടും സഹജീവികളോടും നമ്മോടുതന്നെയുമുള്ള കടമകളെല്ലാം ദിവ്യാഭിജാത്യമനുസരിച്ച് പ്രായോഗികമാക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന പുണ്യങ്ങൾ അഥവാ സുകൃതശീലങ്ങളാണ് സന്മാർഗ്ഗികപുണ്യങ്ങൾ എന്നറിയപ്പെടുന്നത്. അവയെ എല്ലാം സമാഹരിക്കാവുന്ന നാലു സമുന്നത സുകൃതശീലങ്ങളാണ്, നീതി, വിവേകം, മിതത്വം, ആത്മധൈര്യം എന്നിവ.

നമ്മോടു ബന്ധപ്പെടുന്ന ഓരോരുത്തർക്കും അർഹമായത് അവർക്കു നല്കുന്നതിന് നീതിയെന്ന

പുണ്യം നമ്മെ പ്രാപ്തരാക്കുന്നു. എല്ലാ പുണ്യങ്ങളെയും, സ്ഥലകാലസാഹചര്യങ്ങൾക്കനുസരണം, സമജ്ജസമായി പൊതുലക്ഷ്യപ്രാപ്തിയ്ക്കുവേണ്ടി ക്രമീകരിക്കുന്ന ദൗത്യമാണ് വിവേകമെന്ന പുണ്യത്തിനുള്ളത്. ഭൗമികമായ സുഖ–സന്തോഷ–സൗകര്യാദികളിൽ മിതത്വം പാലിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന സുകൃതശീലം ''മിതത്വം'' എന്നറിയപ്പെടുന്നു. പ്രതിബന്ധങ്ങളെ സധൈര്യം നേരിട്ട്, സുകൃതസരണിയിലൂടെ, സദാമുന്നേറുന്നതിന് ആത്മധൈര്യം എന്ന പുണ്യം നമ്മെ പ്രാപ്തരാക്കുന്നു.

## വിശുദ്ധപദവി

ദൈവികപുണ്യങ്ങളും സാന്മാർഗ്ഗികപുണ്യങ്ങളും വീരോചിതമായി അനുഷ്ഠിച്ചിട്ടുള്ള മഹാത്മാക്കളെയാണ് കത്തോലിക്കാതിരുസഭ വിശുദ്ധപദവിയിലേയ്ക്കുയർത്തി, വിശ്വാസികളുടെ അനുകരണത്തിനായി, അൾത്താരയിലെ ബഹുമാനങ്ങൾ നൽകുക.

വാ. ചാവറയുടെ ജീവിതവും പ്രവർത്തനങ്ങളും കൂലംകഷമായി പരിശോധിക്കുന്നതിനു നിയുക്തരായ വിദഗ്ദ്ധരും, വിദഗ്ദ്ധസമിതികളും ''വീരോചിതം'' എന്നു സാക്ഷിച്ച സുകൃതസരണിയുടെ സംക്ഷിപ്തവിവരണമാണ് താഴെ വരുന്നത്.

# I ദൈവികപുണ്യങ്ങൾ

i **വിശ്വാസം :** ദൈവത്തെ ''അപ്പാ'' എന്നല്ലാതെ വിളിക്കാനാവാത്ത ചാവറയുടെ വിശ്വാസം.

## എല്ലാം ദൈവദാനം

''ആത്മാനുതാപം'' എന്ന ഗ്രന്ഥത്തിൽ ചാവറ തനിക്കു ലഭിച്ച ദൈവദാനങ്ങൾ ഓരോന്നായി അനുസ്മരിക്കുന്നു: നല്ല കുടുംബത്തിലെ ജനനം–വിശ്വാസികളായ മാതാപിതാക്കന്മാർ, അതിവത്സലയായ മാതാവ്, മുലപ്പാലോടുകൂടി അവളിൽ നിന്നു ലഭിച്ച സുശിക്ഷണം–കാവൽമാലാഖാ, ജ്ഞാനസ്നാനം വഴി ലഭിച്ച ദൈവപുത്രസ്ഥാനം, അംഗഭംഗമില്ലാത്ത ശരീരം, തീരെ ദരിദ്രമോ അതിസമ്പന്നമോ അല്ലാത്ത കുടുംബം, പൗരോഹിത്യത്തിലേയ്ക്കും സന്യാസത്തിലേയ്ക്കുമുള്ള ദൈവാഹ്വാനം, പ്രിയോരെന്ന സ്ഥാനം, അതിൽ വാർദ്ധക്യംവരെയും ദൈവകരത്തിന്റെ നേതൃത്വം! ഇവയെല്ലാം ചാവറയിൽ, ആഴമായ കൃതജ്ഞതയുടെ മനോഭാവം സൃഷ്ടിക്കുന്നു:

''എന്നതു സർവ്വേശ്വരാ / നിൻകരുണയിൽ കടൽ / അന്തംകൂടാതെ/ചിന്തിയെന്റെ മേൽ ശുഭം ശുഭം.''
അതെ, എല്ലാം ആ കരുണാസാഗരത്തിന്റെ പ്രവാഹം!
(ആത്മാ 7/57–58)

മാത്രമല്ല, താൻ ജീവനിലും, ആരോഗ്യത്തിലും നിലനില്ക്കുന്നത് ദൈവത്തെത്തന്നെ അനുഭവിച്ചുകൊണ്ടാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

''എന്നുടെ സ്നേഹം നീയേ/ഭാഗ്യവുമെനിക്കു നീ/
നിന്നാലല്ലാതെ ഞാനു/മെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ / യാവന പാനം നീയേ /
ആശ്വാസം നിന്നാലല്ലാ/തെവിടെയെനിക്കയ്യോ!''
(ആത്മാ. 10/143-146)

## എല്ലാസംഭവത്തിലും ദൈവകരം കാണുന്ന വിശ്വാസം

കൂനമ്മാവു മഠത്തിലെ കന്യാസ്ത്രീകൾക്ക് ചാവറ ഇങ്ങനെ എഴുതുന്നു: ''ഈ മഠം നടത്തുവാൻ വേണ്ടതൊക്കെയും, യാതൊരു ബുദ്ധിമുട്ടും കൂടാതെ, ദൈവം ക്രമീകരിക്കുന്നു... ഓർക്കാതെ ഒരു ചെറുപുസ്തകം ഒരു മുറിയിൽ കണ്ടെത്തി. എടുത്തു നോക്കിയപ്പോൾ, കന്യകകൾക്ക് പററിയ വിഷയം! ഇതു നിങ്ങൾക്കായി ദൈവം കൊടുത്തയച്ചതെന്ന ബോദ്ധ്യത്തോടെ, മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തു. ഇന്നലെ തർജ്ജമപൂർത്തിയായി. ഇത് ജ്ഞാനവായനയായി എല്ലാവരും ഒരു പ്രാവശ്യമെങ്കിലും, മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.''
(എഴുത്തുകൾ p. 118).

വേറൊരവസരത്തിൽ, അതേ മഠത്തിലേയ്ക്കെഴുതുന്നു: ''സ്വന്തം ആവശ്യങ്ങൾ പറഞ്ഞറിയിക്കാൻ സാധിക്കാത്ത കുഞ്ഞുങ്ങൾ, ഉറങ്ങിക്കിടക്കുമ്പോഴും അവരെ ഉണർത്തി പാലൂട്ടുന്ന വിധത്തിലാണ് കർത്താവേ, അങ്ങ് ഞങ്ങളോട് വർത്തിക്കുന്നത്! സന്യാസ അന്തസ്, അതിൻെറ പദവികളിലുയർന്ന്, ഈശോ

യോട് ഐക്യപ്പെടുവാൻ സഹായിക്കുന്ന അഭ്യാസങ്ങൾ എന്നിവ പ്രതിപാദിക്കുന്ന ഒരു പുസ്തകം, ഞാൻ അന്വേഷിക്കാതെതന്നെ, ഈശോമിശിഹാ നിങ്ങൾക്കായി അയച്ചുതന്നിരിക്കുന്നു. ''ഉല്ലാസസമയത്തായാലും, എല്ലാവരെയും വിളിച്ചിരുത്തി, ഇതിൻെറ പതിനൊന്ന് അദ്ധ്യായമെങ്കിലും വായിച്ചു കേൾപ്പിക്കണം.'' (എഴു. p 118)

ആദ്യസന്യാസിനികൾക്ക്, തെങ്ങിൻെറ ചുവടും തലയും തെളിയിച്ച് വളമിടാനുള്ള നിർദ്ദേശങ്ങൾ നൽകുമ്പോൾ, ഈ കാര്യമെല്ലാം നടത്തിയ്ക്കാനുള്ള സിസ്ററർ പ്രൊക്കുരേററിനോട് പറയാനുള്ള കാര്യം ചാവറ ഇങ്ങനെ കുറിച്ചു: ''ഈ വേലകൾ എല്ലാം നടത്തുവാൻ പ്രൊക്കുദോരിനോടു പറയണം. കൂലി കൊടുക്കുവാൻ പണമില്ലല്ലോ എന്ന് അയാൾക്ക് ആകുലത വേണ്ട. നാം വേല എടുപ്പിക്കുക; പണം തമ്പുരാൻ തരും. ഇതു നമ്മുടെ വകയല്ല, പിന്നയോ ഈശോമിശിഹായുടെ പിത്രാമോനിയത്രെ. നാം വേലചെയ്താൽ മതി'' (എഴു. pp. 112-113)

സ്വന്തം സഭാംഗങ്ങളോട്, തൻെറ അന്ത്യശാസനത്തിൽ, ചാവറ അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുന്നു: ''പ്രിയമുള്ള കുഞ്ഞുങ്ങളേ, നാം സർവ്വേശ്വരൻെറ വിശേഷകൃപയാൽ, ദേവമാതാവിന് എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താസഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇത് ദൈവാലോചനയിൽ അല്ലാതെ, മനുഷ്യനടുത്ത വിചാരത്താലല്ലായെന്ന്, ഇത് കടലാസ് എന്നു കാണുംവണ്ണം കണ്ടുറച്ചിരിക്കുന്നു.'' (എഴു. p. 99).

## എവിടെയും ദൈവസാന്നിദ്ധ്യം ദർശിക്കുന്ന വിശ്വാസം സ്വഹൃദയത്തിൽ

തൻെറ 'ധ്യാനസല്ലാപങ്ങളിൽ' വാ. ചാവറ തൻെറ ഹൃദയത്തിൽ വസിക്കുന്ന ദൈവസുതൻെറ സാന്നിദ്ധ്യബോധത്തിനു സാക്ഷ്യം നൽകുന്നു. അമ്മയായ അമലോത്ഭവകന്യകയുടെ ഉദരത്തിൽ ഒമ്പതുമാസം വസിച്ച ദൈവസുതൻ, വത്സരം മുഴുവൻ തൻെറ ഹൃദയത്തിൽ വസിക്കുന്നു എന്ന അവബോധത്തോടെ ചാവറ ആ ഹൃദയം സക്കേവൂസിൻെറ വസതിപോലെയും, ബഥനിയിലെ ഭവനംപോലെയും അവിടത്തേയ്ക്ക് ഹൃദ്യമാക്കിത്തീർക്കുവാൻ, ബഥനിയിലെ മറിയം, കൊർദ്ദോനായിലെ മർഗ്ഗരീത്ത, ഈജിപ്റ്റ് മറിയം, ആവിലായിലെ ത്രേസ്യാ എന്നീ വിശുദ്ധകളുടെയും, തൻെറ പെറ്റമ്മയുടെയും മാധ്യസ്ഥ്യം തേടുന്നു. പ. കന്യകയുടെ മടിയിലിരിക്കുന്ന ഉണ്ണിയുടെ തിരുമുഖം ചാവറയുടെ ഇഷ്ടരൂപമാണ്. അതേ ആഹ്ളാദത്തോടെ, തന്നിൽ അവിടുന്ന് വസിക്കുവാനായി, അതിൽ പ. അമ്മയുടെ സാന്നിദ്ധ്യവും, അദ്ദേഹം അഭ്യർത്ഥിക്കുന്നു. (ധ്യാനം pp 31-44)

## വി. കുർബാനയിൽ

വി കുർബാനയിലെ സജീവസാന്നിദ്ധ്യത്തിന് വാ. ചാവറ സാക്ഷ്യം നൽകുന്നത് ഇങ്ങനെയാണ്. ''കർത്താവേ, അങ്ങയുടെ സ്നേഹത്തിൻെറ അവസാനലക്ഷ്യമായി, അങ്ങയുടെ ശരീരവും രക്തവും ഭക്ഷണപാനീയങ്ങളായി നൽകിയതുകൊണ്ട്, കൂദാശപരമായും അരൂപിക്കടുത്ത വിധത്തി

ലും വിശ്വാസനയനങ്ങളാൽ, അങ്ങയെ കണ്ട് മരണം വരെയും, അങ്ങിൽനിന്ന് പിരിയാതെ, ജീവിക്കാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. അതുതന്നെ, മരണശേഷം, മൂടലൊന്നും കൂടാതെ, മുഖാഭിമുഖം, സ്വർഗ്ഗവാസികളോടുകൂടെ, നിത്യകാലം, അങ്ങയെ സ്തുതിക്കുവാൻ എനിക്കു സാധിക്കും എന്ന ഇളകാത്ത ശരണത്തിന്റെ അമൂല്യമായ അച്ചാരവുമാണ്.'' (ധ്യാനസല്ലാപ. p. 43)

ഈ വിശ്വാസപ്രകടനത്തെപ്പറ്റി, ജീവചരിത്ര കർത്താവും ആത്മപിതാവുമായ ലെയൊപ്പോൾഡ് മിഷനറിയുടെ പ്രസ്താവം ഇപ്രകാരമാണ്: ''അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉടനീളം വി. കുർബാനയോടും പ. കന്യകയോടുമുള്ള ഭക്തി വിസ്മയകരമായി ശോഭിച്ചിരുന്നു. മഹോന്നതമായ വി. കൂദാശയോടുള്ള അപാരമായ ബഹുമാനവും വിശ്വാസവും മൂലം, നിസ്തുലമായ ശ്രദ്ധയോടും ഭക്തിയോടും ഏകാഗ്രതയോടുംകൂടി, അദ്ദേഹം ദിവ്യബലി സമർപ്പിക്കുമായിരുന്നു. ദിവസേന, നിയമാനുസൃതമായ വിസീത്തകൾക്കു പുറമെ, മണിക്കൂറുകൾതന്നെ, ദിവ്യകാരുണ്യസന്നിധിയിൽ, ധ്യാനത്തിൽ ചെലവഴിക്കുമായിരുന്നു.'' (P. XLIV)

ഇതേ ഭക്തി മററുള്ളവരിലേയ്ക്കു പകരുവാൻ അദ്ദേഹം ആത്മാർത്ഥമായി പരിശ്രമിച്ചു. കുടുംബാംഗങ്ങളിൽ ഒരാൾതന്നെയെങ്കിലും, മാറിമാറി, ദിവസേന ദിവ്യപൂജയിൽ സംബന്ധിച്ച്, കുടുംബത്തിൽ ദൈവാനുഗ്രഹം ഉണ്ടാകുവാൻ ഇടയാക്കണമെ

ന്ന് വിശ്വാസികളെ അദ്ദേഹം ഉൽബോധിപ്പിച്ചിരുന്നു.

സന്യാസിനികളെ അദ്ദേഹം ഉപദേശിച്ചു, വി. കുർബാനയുടെ തിരുനാൾ കഴിഞ്ഞുള്ള എട്ടുദിവസവും, ഓരോരുത്തർ മാറിമാറി ദിവ്യകാരുണ്യം സ്വീകരിക്കുക എന്ന്. (അന്ന്, ദിവസേനയുള്ള ദിവ്യകാരുണ്യസ്വീകരണം നിലവിലില്ലായിരുന്നു.)

ഇതേ സജീവവിശ്വാസമാണ് കേരളത്തിൽ നാൽപതുമണി ആരാധന ആരംഭിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ആദ്യമേ ആശ്രമദേവാലയങ്ങളിലും, പിന്നീട് മററു ദേവാലയങ്ങളിലും അതു സ്ഥാപിതമായി. അതിനുള്ള ക്രമങ്ങൾ ''റോമൻ ആരാധന ക്രമത്തിൽ''നിന്ന് അദ്ദേഹം തർജ്ജമ ചെയ്തു. അതുവഴി കേരളത്തിൽ അനേകം ആദ്ധ്യാത്മിക ദാനങ്ങൾ വർഷിക്കപ്പെടാൻ ഇടയായി. ആയിരങ്ങൾക്ക്, പാപസങ്കീർത്തനത്തിനും, ദിവ്യകാരുണ്യ സ്വീകരണത്തിനും, തിരുവോസ്തിയുടെ സുദീർഘമായ നിർന്നിമേഷദർശനത്തിനും അവസരം നൽകുന്ന മനോഹരസംവിധാനം. (P. XLIV/V)

## ക്രിസ്തുസാന്നിദ്ധ്യം കത്തോലിക്കാസഭയിൽ

തിരുസഭാധികാരത്തെ എതിർക്കുന്നവരിൽ വാ. ചാവറ കണ്ടിരുന്നത് വിശ്വാസത്തിൻെറ ദുർബലതയാണ്. റോക്കോസ് ശീശ്മയുടെ ചരിത്രത്തിൻെറ ആമുഖമായി അദ്ദേഹം ഇങ്ങനെ എഴുതി: ''അവർക്ക് (എതിർക്കുന്നവർക്ക്) ശരിയായ വിശ്വാസമില്ല. വിശ്വാസംവഴിയാണ്, അവരെ (സഭാധികാരികളെ)

അനുസരിക്കുകയും, ദൈവസ്നേഹത്തെപ്രതി സ്നേഹിക്കുകയും ചെയ്യുവാൻ നമുക്കു സാധിക്കുക.'' (P. XLVI)

മിഷനറിമാരെ അദ്ദേഹം, അപാരമായി മതിച്ചിരുന്നു. കാരണം, മാതാവായ തിരുസഭയുടെ പ്രേഷിതരാണവർ–സുവിശേഷപ്രഘോഷകർ! വിശ്വാസപ്രചാരണത്തിനായി, അനേകായിരങ്ങളെ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തിയെടുക്കുവാനായി, അവർ വളരെ സഹിച്ചു.

വാക്കുകൊണ്ടും മാതൃകകൊണ്ടും, വിശ്വാസത്തിലടിയുറച്ച അനുസരണം തിരുസഭാധികാരികളോടു പ്രകടിപ്പിക്കുവാൻ വാ. ചാവറ തന്റെ സഭാംഗങ്ങളെ പ്രേരിപ്പിച്ചിരുന്നു.

യാക്കോബായസഹോദരങ്ങളുടെ പുനരൈക്യത്തിനും അനാഗതരുടെ വിശ്വാസാഭ്യുദയത്തിനുമായി ചാവറ ചെയ്ത പ്രയത്നങ്ങളെല്ലാം അദ്ദേഹത്തിന്റെ വിശ്വാസസാക്ഷ്യങ്ങളായിരുന്നുവല്ലൊ.

## ക്രിസ്തുവികാരിയോട് പുത്രവാത്സല്യം

വാ. ചാവറയിൽ ശോഭിച്ചിരുന്ന തിരുസഭാ സ്നേഹത്തിന്റെ പ്രത്യേക പ്രകടനമായിരുന്നു പ. പിതാവിനോടുള്ള ഭക്തി. ലെയൊപ്പോൾഡ് മിഷനറിയുടെ പ്രസ്താവന സ്മർത്തവ്യമാണ്; ''ഈ പിതാവിന്റെ സുകൃതങ്ങളിൽ വിശ്വാസം, കത്തോലിക്കാ സഭയോടുള്ള തീവ്രസ്നേഹം, പ. പിതാവിനോടുള്ള ഭക്തി എന്നിവ സമുന്നതമായി പ്രകാശി

ച്ചിരുന്നു...ലോകമെങ്ങും തിരുസഭയുടെ സത്യവും പ്രകാശവും പരത്തുവാൻ അദ്ദേഹം ജാഗരൂകനായിരുന്നു. തിരുസഭ അനുഭവിക്കുന്ന മർദ്ദനങ്ങളുടെ വാർത്തയിൽ, അദ്ദേഹം കണ്ണുനീർ ചിന്തും ദുഃഖാർത്തനാകും. അവരം വിജയം പ്രാപിച്ചു കാണാൻ അദ്ദേഹം അത്യന്തയായി അഭിലഷിക്കും; പ. പിതാവിനെപ്പററി കേരംക്കുമ്പോരം, അദ്ദേഹം ഭക്തിയുടെയും ആഹ്ലാദത്തിൻെറയും കണ്ണുനീർ പൊഴിക്കും.'' (P·XLVI)

വിവിധ ഇടവകകളിൽ അദ്ദേഹം നൽവരസഖ്യം സ്ഥാപിച്ചു; കാരണം അത് വിശ്വാസികളുടെ ഇടയിൽ പ്രോത്സാഹിപ്പിക്കുക തിരുസഭയുടെ താല്പര്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി

പ്രസിദ്ധീകരണങ്ങളിൽ നിന്ന്, പ. പിതാവിനെപ്പററിയുള്ള വിവരങ്ങരം ശേഖരിച്ച്, സഭാംഗങ്ങരംക്കും, ആശ്രമങ്ങരംക്കു പൊതുവെയും അവ അയച്ചുകൊടുക്കുക അദ്ദേഹത്തിൻെറ പതിവായിരുന്നു. അതേ ചൈതന്യത്തിൽ, ആശ്രമങ്ങരം, ഇത്തരം വാർത്തകരം അവയുടെ നാളാഗമങ്ങളിൽപ്പോലും ഉദ്ധരിച്ച്യ കാണുന്നുണ്ട്. മാന്നാനം ആശ്രമത്തിൻെറ നാളാഗമത്തിൽ, 1866-ലെ കുറിപ്പിൽ, താഴെ കാണുന്ന വിവരം ചേർത്തിരിക്കുന്നു: ''പാപ്പായുടെ ശത്രുക്കരം, ദുഷ്ടരായ ആ മനുഷ്യർ, കരുതുന്നു: മാർപ്പാപ്പാ സ്ഥലം വിടുന്നത് തങ്ങരംക്ക് ആക്ഷേപകരമാണെന്ന്; അതുകൊണ്ട് പാപ്പായ്ക്ക് ശാന്തമായി വസിക്കാൻ ഒരു സ്ഥലം വിട്ടുകൊടുത്തേക്കാമല്ലൊ. ഈ ദിവസങ്ങളിൽ പ്രിയോറച്ചൻ ചില കത്തുകളിൽ,

അദ്ദേഹം ചില പത്രങ്ങളിൽ വായിച്ച ഈ വാർത്തകൾ നമുക്കു കുറിച്ചയച്ചുതന്നു. ഈ വാർത്ത അറിഞ്ഞ നിമിഷം മുതൽ നാം ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.'' (P XLVII)

ഒമ്പതാം പീയൂസ് പാപ്പാ സഹിച്ചിരുന്ന ക്ലേശങ്ങളെപ്പററി കേട്ടിട്ട്, ചാവറ, തൻെറ കീഴിലുള്ള ആശ്രമങ്ങൾക്ക് ഒരു സർക്കുലർ അയച്ചു. സഭാംഗങ്ങൾ പ. പിതാവിനുവേണ്ടി പ്രാർത്ഥിക്കുണമെന്ന പൊതു നിർദ്ദേശത്തോടുകൂടി, വൈദികർ ഓരോരുത്തരും പ. പിതാവിനുവേണ്ടി ദിവ്യബലിയർപ്പിക്കണമെന്നും അവൈദികർ ഭക്തിപൂർവ്വം കുർബാന കണ്ടു കാഴ്ചവയ്ക്കണമെന്നും, എല്ലാ ആശ്രമങ്ങളിലും സകല വിശുദ്ധരുടെ ലുത്തനീയാ ജപിക്കണമെന്നും പ്രത്യേക നിർദ്ദേശങ്ങൾ നല്കി. അതിനും പുറമെ, സഭാംഗങ്ങൾ, ദിവസത്തിൽ, പലപ്രാവശ്യം ആവർത്തിക്കാനുള്ള ചില സുകൃതജപങ്ങളും അദ്ദേഹം ഉപദേശിച്ചുകൊടുത്തതായി കാണുന്നു.

ഒന്നാം വത്തിക്കാൻ സൂനഹദോസിൻെറ ചെലവു വഹിക്കാൻ ഒമ്പതാം പീയൂസ് മാർപാപ്പായ്ക്ക് സഹായമായി, വാ. ചാവറയും സഭാംഗങ്ങളും 32,000 രൂപ, പള്ളികളിൽ നിന്നും, വൈദികരിൽനിന്നും സീറോമലബാർ വിശ്വാസികളിൽ നിന്നും ശേഖരിച്ച്, ആ സംഖ്യ, സൂനഹദോസിനുപോയ വികാരി അപ്പസ്തോലിക്കാ വഴി അയച്ചുകൊടുത്തു.

സൂനഹദോസ് സംബന്ധിച്ച വാർത്തകൾ പത്രങ്ങളിൽ നിന്നും മററു പ്രസിദ്ധീകരണങ്ങളിൽ നി

ന്നും ശേഖരിച്ച്, അവ സഭാംഗങ്ങളെ അദ്ദേഹം അറിയിച്ചുകൊണ്ടിരുന്നു.

പ. കന്യകയുടെ അമലോത്ഭവം വിശ്വാസ സത്യമായി പ്രഖ്യാപിച്ചപ്പോൾ, അതിയായ സന്തോഷത്തോടെ, വാ. ചാവറ ആ വിവരം എല്ലാ ആശ്രമങ്ങളെയും അറിയിച്ചു. ''കൃതജ്ഞതാസ്തോത്രം'' എല്ലായിടത്തും പാടണമെന്നും, അമലോത്ഭവത്തിരുനാൾ ദിവസം, ആഘോഷമായ പാട്ടുകുർബാന പാടണമെന്നും ആജ്ഞാപിച്ചു. അദ്ദേഹം തന്നെ ആ ദിവസം പാട്ടുകുർബാന പാടുകയും, അത്യാഹ്ലാദപൂർവ്വം ജനങ്ങളോടു പ്രസംഗിക്കുകയും ചെയ്തു (P. XLVII.)

## കേരളസഭ സമുദ്ധാരണത്തിന് സ്വയം സമർപ്പണം

കേരളസഭയിൽ തന്റെ ദൗത്യമെന്താണെന്ന ദൃഢബോദ്ധ്യം ചെറുപ്പത്തിലേതന്നെ വാ. ചാവറയ്ക്കുണ്ടായിരുന്നു. അവളെ ആദ്ധ്യാത്മിക വന്ധ്യതയിൽ നിന്നുദ്ധരിക്കുവാനായി തന്റെ ശക്തിയും കഴിവുകളും പരമാവധി ഉപയോഗിച്ചുകൊണ്ട്, പ്രാർത്ഥനോന്മുഖമായ കുടുംബങ്ങളെയും, പ്രാർത്ഥനാനിരതരായ സന്യാസിനീസന്യാസികളെയും, ഭക്തരും പ്രഗത്ഭരുമായ വൈദികരെയും, അൾത്താരയിലെ ബഹുമാനത്തിനുയോഗ്യരായ മക്കളെയും, നൽകി അവളെ ആഹ്ലാദചിത്തയാക്കിത്തീർത്തതിന്റെ സംക്ഷിപ്തവിവരമാണല്ലൊ, ഈ പരമ്പരയുടെ രണ്ടാം പുസ്തത്തിന്റെ ഉള്ളടക്കം.

## ശീശ്മക്കെതിരെ നേതൃത്വദൗത്യം

റോക്കോസ് കേരളത്തിലേയ്ക്കു വരുന്നത് മാർപ്പാപ്പയുടെ നിർദ്ദേശമനുസരിച്ചല്ല എന്ന് വികാരി അപ്പസ്തോലിക്കായിൽനിന്ന് മനസ്സിലാക്കിയ വാ. ചാവറ, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം, ഇടവകപ്പള്ളികളിലേയ്ക്ക് സർക്കുലർ അയച്ചു. വി. ലൂക്കായുടെ സുവിശേഷം 11/23 വിശദീകരിച്ചു കൊണ്ട്, അദ്ദേഹം എഴുതി: ''പ പിതാവിൽനിന്ന്–വി. പത്രോസിന്റെ പിൻഗാമിയായ മിശിഹായുടെ വികാരിയിൽനിന്ന്–അധികാരം ലഭിക്കാതെ, മിശിഹായുടെ ആട്ടിൻകൂട്ടിൽ പ്രവേശിക്കുകയും, അധികാരം ഉപയോഗിക്കുകയും ചെയ്യുന്നവൻ, ഒരുമിച്ചു കൂട്ടുന്ന ഇടയനല്ല, ചിതറിക്കുന്നവനാണ്. അതിനാൽ നിത്യരക്ഷയെപ്രതി പ. പിതാവിന്റെ സാക്ഷാൽ വികാരിയായ, വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്ക് വിധേയരായിരിക്കുക ആവശ്യമാണ്. ഇവരുടെ കരങ്ങളാൽ വധിക്കപ്പെടാനിടയായാൽ, നിങ്ങൾ വേദസാക്ഷികളാകും. വേദസാക്ഷിത്വം മഹാദാനമാണ്. അതിനായി ഒരുങ്ങിയിരിക്കുവിൻ.''

പ്രസ്തുത കലാപസന്ധിയിൽ, വാ. ചാവറ വിശ്വാസികളെ പഠിപ്പിച്ച സുകൃതജപം, അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ ഉജ്ജ്വലപ്രകടനമാണ്: ''തിരുസഭയുടെ എല്ലാ അപകടങ്ങളും ദൂരീകരിക്കുന്ന മാതാവായ, അമലോത്ഭവമറിയമേ, ഈ പുതിയ ശീശ്മയാൽ അസ്വസ്ഥയാകാൻ, ഞങ്ങളുടെ ഈ സഭയെ കൈവിടരുതേ. എവിടെയും, എപ്പോഴും,

എല്ലാവരും, വി. പത്രോസിൽനിന്ന് അധികാരം സി ദ്ധിച്ചിട്ടുള്ള പ. പിതാവിന് വിധേയരാകുവാൻ ഇ ടയാക്കണമേ.'' (P. XLV)

ശീശ്മക്കാർ വ്യാജക്കത്തുകൾ കാണിച്ച്, പ. പിതാവിൽനിന്ന് തങ്ങൾക്ക് അധികാരമുണ്ടെന്ന് ഭാ വിച്ചപ്പോൾ, വാ. ചാവറ നേരിട്ട് റോമിലേയ്ക്ക് എഴുതി, പരിശുദ്ധ പിതാവിൽനിന്നുതന്നെ, സത്യാ വിസ്ഥ വിശ്വാസികളെവരും അറിയുവാൻ ഇടയാ ക്കി.

ശീശ്മക്കാർ വച്ചുനീട്ടിയ സ്ഥാനമാനങ്ങൾ നി രസിച്ചുകൊണ്ടും, സ്വജീവൻ പൂജിക്കുവാൻ തയ്യാ റായിക്കൊണ്ടും, ഈ ധീരാത്മാവ്, ശീശ്മയുടെ ഉൻമൂലനത്തിന് നേതൃത്വം നൽകി.

മാത്രമല്ല, റോക്കോസ് ശീശ്മയുടെ തിക്താനു ഭവം ഭാവിയിൽ ആവർത്തിക്കപ്പെടാതിരിക്കുവാനായി, വാ. ചാവറ, ശീശ്മയ്ക്ക് വഴിതെളിച്ച സാഹചര്യ ങ്ങൾ വിശദീകരിച്ചുകൊണ്ട് ഒരു പുസ്തകം എഴു തി: ''ഈ കഷ്ടത ഇനി സംഭവിക്കാതിരിക്കാനും എന്റെ സഹോദരങ്ങൾ ഇത്ര വലിയ ആപത്തിലേയ് ക്ക് ആനയിക്കപ്പെടാതിരിക്കാനും, അങ്ങനെ റോമൻ കത്തോലിക്കാസഭയുടെ – നമ്മുടെ അതിവത്സല മാ താവിന്റെ – മടിയിൽനിന്ന് വേർതിരിയാതിരിക്കാ നുംവേണ്ടി, ഈ കാര്യങ്ങൾ പ്രസ്താവിക്കേണ്ടതാ ണെന്ന് എനിക്കു തോന്നി.'' ഇതായിരുന്നു ആ ഗ്ര ന്ഥത്തിന്റെ ഉദ്ദേശ്യം. (P. XLVI)

കത്തോലിക്കാവിശ്വാസപ്രചാരണത്തിനും, അതു സംരക്ഷിക്കുന്നതിനുമുള്ള തീക്ഷ്ണതയാൽ പ്രേരിതനായി, സാഹസികമായ മാർഗ്ഗങ്ങളിലൂടെ, 1846-ൽ വാ. ചാവറ മാന്നാനത്ത് ആരംഭിച്ച ആദ്യത്തെ കത്തോലിക്കാ പ്രസ്, സഭാഐക്യസംരക്ഷണത്തിൽ – റോക്കോസ് ശീശ്മായുടെ കാലത്തും, പിന്നീടുണ്ടായിട്ടുള്ള അടിയൊഴുക്കുകളുടെ കാലത്തും - കേരളകത്തോലിക്കാസഭയ്ക്ക് ഒരു ശക്തിദുർഗ്ഗമായി നിലകൊണ്ടിട്ടുണ്ട്.

ഇതിനെല്ലാം വാ. ചാവറയെ പ്രേരിപ്പിച്ച ചൈതന്യം എന്തായിരുന്നുവെന്ന്, അദ്ദേഹത്തിന്റെ "ധ്യാനസല്ലാപങ്ങൾ" വെളിപ്പെടുത്തുന്നുണ്ട്. അങ്ങയുടെ മകൻ എന്ന മഹിമപ്പേരിന് അടിയൻ യോഗ്യനല്ല...എന്നാലും എന്റെ അപ്പാ, ഈ പേരുകൊണ്ടല്ലാതെ, അങ്ങയെ വിളിക്കാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല." (ധ്യാന. p 17)

ആ ഹൃദയത്തിൽനിന്ന്, അപ്പന്റെ പക്കലേക്കുയർന്നുകൊണ്ടിരുന്ന പ്രാർത്ഥന ഇതായിരുന്നു:

> "കേസരി രാജൻ നീ/നിന്നുടെ സുമതം
> കേരളമൊക്കെയും/കാണാകേണം."
>
> (ആത്മാ. 21/25-26)

## ദൈവത്തെ ദർശിക്കുന്ന മനുഷ്യൻ:

ഈ വിധം ദൈവവുമായി സമ്പർക്കം പുലർത്തിയിരുന്ന സാക്ഷാൽ വിശ്വാസിയായ ഈ മഹാത്മാവിനെ മററുള്ളവർ കണ്ടിരുന്നത് ദൈവത്വം പ്ര

സരിക്കുന്ന മുഖകാന്തിയുള്ളവനായിട്ടാണ്, ബ്ര. റോക്കി T. O. C. D. തന്റെ ഡയറിയിൽ ചാവറയെ വിശേഷിപ്പിച്ചിരിക്കുന്നത്: "ദൈവത്തെ ദർശിച്ചിരുന്ന മനുഷ്യൻ" എന്നാണ് (P. XLIII)

മീനച്ചിൽ തഹസിൽദാർ പ്രഥമവീക്ഷണത്തിൽതന്നെ, "ദൈവികമനുഷ്യൻ" എന്ന് ചാവറയെ വിശേഷിപ്പിച്ചു. (P. XL)

ഇതേ ചിത്രം കൊല്ലം ഇടവകക്കാർക്ക് വാ. ചാവറയെപ്പററി ദൃക്സാക്ഷികളിൽനിന്ന് ലഭിച്ചിട്ടുള്ളതായി, ഇന്നും പറഞ്ഞുകേൾക്കുന്നുവെന്ന്, അവരിലൊരാൾ, നാമകരണക്കോടതി മുമ്പാകെ സാക്ഷ്യപ്പെടുത്തുകയുണ്ടായി. (P. XLIII)

ii **ശരണം**: നിത്യനന്മകളെ പ്രതി, അനിത്യമായവയെ പരിത്യജിച്ച മഹാത്മാവ്.

ഉറച്ച പ്രത്യാശയിൽനിന്ന് ചലനം സ്വീകരിച്ച ഒരു ജീവിതമാണ് ചാവറയിൽ നാം ദർശിക്കുക. നിത്യമായ നന്മകളെ പ്രതീക്ഷിച്ചുകൊണ്ട്, പതിനൊന്നു വയസ്സിനുമുമ്പേ തന്നെ ഭവനത്തെയും, മാതാപിതാക്കളെയും ഉപേക്ഷിച്ച്, ജീവിതം ദൈവശുശ്രൂഷക്കായി – വൈദികജീവിതത്തിനായി–അദ്ദേഹം പ്രതിഷ്ഠിച്ചു.

ഏകസഹോദരനും, മാതാപിതാക്കന്മാരും മരണമടഞ്ഞപ്പോൾ, കുടുംബത്തിലെ ഏകാവകാശിയായിത്തീർന്ന അദ്ദേഹം, കുടുംബത്തിന്റെ നിലനില്പി

നായി, വൈദികജീവിതം ഉപേക്ഷിച്ച്, വിവാഹിതനായിത്തീരണമെന്ന സമ്മർദ്ദത്തിന് വഴിപ്പെടാതെ ദൈവാഹ്വാനത്തിൽ, ഒന്നുകൂടി ഉറച്ചനിലപാടാണ് സ്വീകരിച്ചത്.

വൈദിക വിദ്യാർത്ഥിയായിരുന്നപ്പോഴം, പാലയ്ക്കൽ-പോരൂക്കര തോമാ മല്പാന്മാരിലൂടെ, സന്യാസജീവിതത്തിനുള്ള ദൈവാഹ്വാനവും ചാവറയ്ക്ക് ലഭിക്കുകയാണ്. അതോടെ, തന്റെ കുടുംബസ്വത്തുക്കളും അദ്ദേഹം നിത്യമായ സമ്പത്തിനെ പ്രതീക്ഷിച്ച് ബോധപൂർവ്വം ഉപേക്ഷിച്ചു.

## പാപബോധത്താൽ ചഞ്ചലപ്പെടാത്ത പ്രത്യാശ

ദൈവത്തെ സാക്ഷാൽ അപ്പനായി ദർശിച്ചിരുന്ന ചാവറയ്ക്ക്, അവിടത്തെ ആഭിജാത്യത്തിനെതിരെ, തന്നിൽ വന്നുപോയ നിസാരപോരായ്മകൾപോലും ഭീകരങ്ങളായ അവിശ്വസ്തതകളായിതോന്നിയിരുന്നു. അവയെ ഓർത്ത് താൻ ഒരു മഹാപാപിയാണെന്നും, പിശാചിന്റെ ദാസ്യത്തിൽ പെട്ടുപോയതുകൊണ്ട്, ''ഉന്നതവിശുദ്ധിയ്ക്കും ആഴമായ ധ്യാനത്തിനും'' തനിയ്ക്ക് യോഗ്യതയില്ലെന്നും അദ്ദേഹത്തിനുതോന്നി. പക്ഷേ, ഈ ചിന്തയെ, അദ്ദേഹം ''നിഗളമായി'' പരിഗണിച്ചുകൊണ്ട്, പ്രത്യാശയിൽ ഒട്ടും ചാഞ്ചല്യം കൂടാതെ തന്നോടുതന്നെ ചോദിക്കുന്നു: ''ദൈവം നടത്തിയതെല്ലാം എന്റെ സാമർത്ഥ്യം നോക്കിയാണോ? നീ ഇതുവരെ എങ്ങനെ വന്നെത്തി? ആരാണ് നിന്നെ വീട്ടിൽ നിന്നു വിളിച്ചത്? എങ്ങനെ വൈദികനായിത്തീർന്നു? എങ്ങനെ സന്യാസി

യായി? പ്രിയോർ സ്ഥാനം ആരു തന്നു? ഇവിടെ എങ്ങനെ എത്തി? അപ്പോഴോ, തിരുമനസ് നടക്കും, നടത്തും" (ധ്യാന. p. 13). ഇതാ, വാ. ചാവറ തന്റെ സാക്ഷാൽ "അപ്പന്റെ" അനുകമ്പാർദ്രമായ ഔദാര്യത്തിൽ അർപ്പിച്ചിരുന്ന അപാരമായ പ്രത്യാശയുടെ നിസ്തുലരേഖ.

## വി. കുർബാന പ്രത്യാശയുടെ അച്ചാരം

വി. കുർബാനയെ ഈ ഉറച്ച പ്രത്യാശയുടെ അച്ചാരമായി വാ ചാവറ കണ്ടിരുന്നു. "മരണശേഷം, മൂടലൊന്നും കൂടാതെ, മുഖാഭിമുഖം" ദർശിക്കാമെന്ന പ്രത്യാശയുടെ അച്ചാരമാണ് അതെന്ന് "ധ്യാനസല്ലാപങ്ങളിൽ" അദ്ദേഹം പ്രസ്താവിക്കുന്നുണ്ടല്ലോ.

## ക്ലേശങ്ങൾ പ്രത്യാശയുടെ ഉരകല്ല്

ക്ലേശകാലങ്ങളിൽ ഈ പ്രത്യാശ വാ. ചാവറയ്ക്ക് ഇളകാത്ത ധീരതയും ദീർഘശാന്തതയും പകർന്നുകൊടുത്തിരുന്നു. ചില ഉദാഹരണങ്ങൾ:

മാന്നാനം ആശ്രമപ്പണി നടന്നുകൊണ്ടിരിക്കുമ്പോൾ, പുതിയ വികാരി അപ്പസ്തോലിക്കാ (MSGR. FRANCIS XAVIER PESCETTO) ചാവറയെയും പോരൂക്കരെയെയും, അപ്രതീക്ഷിതമായി, അകലസ്ഥലങ്ങളിലെ വികാരിമാരായി മാററിയപ്പോൾ ആശ്രമപ്പണി പ്രതിസന്ധിയിലായി. പക്ഷേ, ചാവറയുടെ വിനയാന്വിതമായ വിധേയത്വവും പ്രത്യാശ വെടിയാത്ത അഭ്യർത്ഥനകളും വഴി, രണ്ടുവർഷം

കഴിഞ്ഞപ്പോൾ, രണ്ടുപേർക്കും തിരിച്ചുവന്ന്, ആശ്രമകാര്യങ്ങളിൽ പൂർണ്ണമായും വ്യാപൃതരാകുന്നതിനുള്ള സ്വാതന്ത്ര്യം ലഭിച്ചു.

റോക്കോസ് ശീശ്മയുടെ കാലത്ത് 115 ഇടവകകളിൽ, 86 പൂർണ്ണമായും, 30 ഭാഗികമായും, റോക്കോസിന് അടിയറ വച്ചു. അങ്ങനെ, ധനശേഷിയുള്ള മിക്ക പളളികളും, നേതാക്കന്മാരിൽ പ്രതിഭാസമ്പന്നന്മാരായ പലരും ശീശ്മയുടെ പിടിയിലായി. അവർ തീരുമാനിച്ചു, മാന്നാനം, എൽത്തുരുത്ത് ആശ്രമങ്ങൾ ബലമുപയോഗിച്ചുതന്നെ റോക്കോസിന്റെ ആസ്ഥാനങ്ങളാക്കിത്തീർക്കണമെന്ന് സിവിൽ അധികാരികളും അവരുടെ ഭാഗത്തേയ്ക്ക് ചാഞ്ഞിരിക്കുന്ന പ്രതിഭാസം ഈ സാഹചര്യത്തിൽ വാ. ചാവറ ദൈവത്തിലുള്ള പ്രത്യാശമാത്രം കൈമുതലാക്കി, ഒട്ടും ചാഞ്ചല്യംകൂടാതെ, സഹചരർക്ക് ഉത്തേജനം നല്കി, വിജയത്തിലേയ്ക്കു കുതിച്ചു പാഞ്ഞു. റോക്കോസിനെ വികാരി അപ്പസ്തോലിക്കാ മഹറോൻ ചൊല്ലി, കേരളത്തിൽ നിന്നു തിരിച്ചയച്ചു. പിരിഞ്ഞുപോയ പള്ളികളെല്ലാം തിരിച്ചുവരാൻ ഇടയായി. (P. XLIX)

ആശ്രമനിർമ്മാണം, മാന്നാനത്ത് നടന്നുകൊണ്ടിരിക്കേ, ചില ദിവസങ്ങളിൽ, ജോലിക്കാർക്ക് കൂലി കൊടുക്കുന്നതിനുപോലും വകയില്ലാതെ, ചാവറ വിഷമിച്ചിട്ടുണ്ട്, അത്തരമൊരവസരം സംബന്ധിച്ച്, അദ്ദേഹം നാളാഗമത്തിൽ കുറിച്ചിരിക്കുന്നത് ഇങ്ങനെയാണ്: ''ഞാൻ ഭവനത്തിലെത്തിയപ്പോൾ (മാന്നാനം ആശ്രമത്തിൽ) അവിടെ വേലക്കാർക്കും മററും കൊടുക്കാൻ ഒട്ടും പണമില്ലെന്ന് മനസ്സിലായി.

ഞങ്ങൾ വളരെ അസ്വസ്ഥരായി. വി: യൗസേപ്പിൻെറയും കാവൽ ദൂതൻെറയും മദ്ധ്യസ്ഥ പ്രാർത്ഥന ചൊല്ലി. ദൈവത്തിൻെറ പ്രത്യേകസഹായത്തിനായി അപേക്ഷിച്ചുകൊണ്ട്, കപ്പേളയിൽ ചിന്താധീനനായിരിക്കുമ്പോൾ, ചേർപ്പുങ്കൽ നിന്ന്, നെല്ലിപ്പുഴ ഇട്ടി എന്നയാൾ വന്ന് 500 ചക്രം നല്കി അതുകഴിഞ്ഞപ്പോൾ, എനിക്ക് വലിയ ആശ്വാസമായി.... P. XLIX)

കൂനമ്മാവിൽ സ്ത്രീകൾക്കുവേണ്ടിയുള്ള ആദ്യത്തെ മഠം സ്ഥാപിക്കുവാനുദ്ദേശിച്ചപ്പോൾ, കയ്യിലുണ്ടായിരുന്നത് 18 രൂപ മാത്രമാണ്. അതുകൊണ്ട് ഒരു ഓലക്കെട്ടിടം തീർക്കാനേ സാധിച്ചുള്ളൂ. എങ്കിലും ഒരുവർഷത്തിനകം 8,000 രൂപ ചെലവാക്കി, ഒരു നല്ല കെട്ടിടം സജ്ജീകരിക്കുവാൻ ചാവറയ്ക്ക് സാധിച്ചു. അതു സംബന്ധിച്ച്, അദ്ദേഹം നാളാഗമത്തിൽ ഇങ്ങനെ എഴുതി: "ഇപ്പോഴാണ് നാം ദൈവത്തിൽ മനോശരണം വയ്ക്കുന്നത്. അന്ന് (1866-ൽ), ഞാൻ പെട്ടെന്നു പറഞ്ഞു: ഈ ഓല പൊളിക്കാറാകുമ്പോഴേയ്ക്കും ദൈവം നമുക്ക് പുതിയ മഠം തരുമെന്ന്." 1867-ൽ, മഠം പണി തീർന്നപ്പോൾ അദ്ദേഹം എഴുതി: "ഇതാ ദൈവം ഈ '67-ൽ നമുക്കു നൽകിയ ഒരു മഹാദാനം! 66-ൽ, നാം ഓലക്കെട്ടിടത്തിൽ, താമസിപ്പിച്ച കന്യാസ്ത്രീകളെ ഈ 67 മീനമാസത്തിൽ, പൂർണ്ണമായും പൂർത്തിയാക്കിയ പുതിയ മഠത്തിൽ താമസിപ്പിക്കാൻ സാധിച്ചു. നമുക്ക് ഒട്ടും പണമില്ലാതിരിക്കെയാണ് ഇതെല്ലാം നടന്നത്. വലിയ പ്രയാസം കൂടാതെ, 8,000 രൂപാ പിരിച്ചെടുക്കാൻ നമുക്ക് സാധിച്ചു." (P.L)

## സ്വയം പ്രസരിപ്പിക്കുന്ന പ്രത്യാശ

മററുള്ളവരും ഇതേ പ്രത്യാശയിൽ വളരാൻ വാ. ചാവറ അവരെ അവസരോചിതം ഉത്തേജിപ്പിച്ചിരുന്നു. അതിൻെറ ഉദാഹരണങ്ങളാണ് കന്യാസ്ത്രീകൾക്കെഴുതിയ എഴുത്തുകളിലെ, ''ദൈവം കൊടുത്തയച്ച പുസ്തകവും'', ''ഈശോമിശിഹാ അയച്ചുതന്ന പുസ്തകവും'', ''ഇശോമിശിഹായുടെ പ്രതിമോനി'' എന്ന ആശയവും മററും.

മരണാസന്നനായിരിക്കേ, ഏതു സമയത്തും വാ. ചാവറ പ്രശാന്തത പാലിച്ചിരുന്നു. സന്ദർകരുടെ ചോദ്യത്തിന് അദ്ദേഹം നൽകിയിരുന്ന ഉത്തരം: ''എനിക്ക് സന്തോഷവും സമാധാനവുമാണ്'' എന്ന ആശയത്തിൻെറ ആവർത്തനമായിരുന്നു. മററുള്ളവർ കണ്ണുനീർ വാർത്തപ്പോൾ, അവരെ പ്രത്യാശയിലേയ്ക്ക് ആനയിക്കുമാറ് അദ്ദേഹം പറഞ്ഞു: ''നിങ്ങൾ എന്തിന് ദുഃഖിക്കുന്നു? മനുഷ്യൻ ആരുതന്നെ ആയാലും, എപ്പോഴെങ്കിലും മരിക്കണം. എനിയ്ക്കായുള്ള സമയം ഇപ്പോഴാണ്, ദൈവാനുഗ്രഹത്താൽ, ഈ സമയം ഓർത്ത് എന്നാൽ പാടുള്ള ഒരുക്കങ്ങൾ, കുറെനാൾ മുമ്പു തുടങ്ങി, ഞാൻ ചെയ്തുവന്നു... എന്നെക്കാൾ കൂടുതൽ നന്മചെയ്യുവാൻ ഒരു പുത്തൻ പ്രിയോരച്ചനെ ദൈവം ഉടനെ തരും.'' (Z. M. MOOZHOOR· വാ. ചാവറ...p161)

## iii ഉപവി

*1 ദൈവത്തോടുള്ള സ്നേഹം*

## ബാല്യകാലത്ത്

ശൈശവകാലത്ത് അമ്മയിൽ നിന്ന് പഠിച്ചതുപോലെ താൻ ദൈവസ്നേഹത്തിൽ വളർന്നതോർത്ത്, വാർദ്ധക്യദശയിൽ വാ. ചാവറ ഇങ്ങനെ എഴുതി:

> "അങ്ങനെ വളർന്നീടുന്നകാലത്തിൽ
> ഭംഗമെന്യേ ദൈവത്തിനുമിഷ്ടൻ ഞാൻ"
> (ആത്മാ 3, 85–6)

ബാലനായിരിക്കുമ്പോഴുംത്തന്നെ, പൗരോഹിത്യത്തിലേയ്ക്ക് ലഭിച്ച വിളി ദൈവത്തിൻെറ പ്രത്യേക അനുഗ്രഹമായി വാ. ചാവറ പരിഗണിച്ചു. അന്ന്, സീറോ മലബാർ സഭയിലെ നടപ്പനുസരിച്ച്, ഇടവകയോഗത്തിൻെറ അംഗീകാരം കൂടാതെ, ആർക്കും വൈദികാന്തസ്സിലേയ്ക്ക് പ്രവേശനം ലഭിച്ചിരുന്നില്ല. ഇടവകയോഗമാകട്ടെ, വൈദികാർത്ഥിയുടെ, കുടുംബത്തിൽപ്പെട്ട ഒരു വൈദികൻെറ ശുപാർശയോടുകൂടി മാത്രമേ സാധാരണയായി, അംഗീകാരം നൽകുമായിരുന്നുള്ളു. അപ്രകാരം ശുപാർശ നല്കാൻ, ചാവറക്കുടുംബത്തിൽ വൈദികർ ഇല്ലായിരുന്നു. ബാലനായ ചാവറയുടെ അസാമാന്യമായ, ദൈവഭക്തി മാത്രമാണ്, ഇടവകയോഗത്തിൻെറ അംഗീകാരത്തിന് നിദാനമായിരുന്നത്. ഈ മഹാഭാഗ്യം അനുസ്മരിച്ചുകൊണ്ട്, ജീവിതാന്ത്യത്തിൽ, അദ്ദേഹം എഴുതി:

''ഇങ്ങനെ ദശവത്സരം ചെന്നപ്പോഠം/
അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ/
എന്നതു മഹാനിശ്ചയമെന്നുള്ളിൽ.
അന്നല്ലെങ്കിലിങ്ങോട്ടു ഗതിയില്ലാ–
യെന്നതുമല്ലാ യെന്നുടെ വംശത്തിൽ/
അന്നൊരു ജനമില്ലായിയന്തസ്സിൽ.''

(ആത്മാ 4/13–18)

## സെമിനാരിയിൽ

വൈദിക വിദ്യാർത്ഥിയായിരിക്കുമ്പോഠംത്തന്നെ, അടിയുറച്ച ദൈവോന്മുഖത ചാവറയിൽ ദൃശ്യമായിരുന്നു. അതുകൊണ്ട്, അദ്ദേഹം ഒരു ഡീക്കനായപ്പോഠം, പാലയ്ക്കൽ – പോരൂക്കര തോമാച്ചൻമാർ, തങ്ങളുടെ സന്യാസ സഭാ പ്രസ്ഥാനത്തിൽ, അദ്ദേഹത്തെ സഹപ്രവർത്തകനായി സ്വീകരിച്ചു. തന്നോടുള്ള ദൈവത്തിൻെറ പ്രകടമായ ഔദാര്യത്തിന് വാ. ചാവറയുടെ പ്രത്യുത്തരം, അവിടത്തേയ്ക്ക് അദ്ദേഹം ചെയ്ത പരിപൂർണ്ണ സ്വയംസമർപ്പണമായിരുന്നു. അതിൻെറ സാക്ഷ്യമാണ്, ''ആത്മാനുതാപത്തിൽ'' താഴെ കാണുന്ന ഈരടി

''ഏകനാഥേശനേ/നിന്നുടെ ദാസൻമേ
ഏകദാനിന്നെ/ഞാൻ കാണാകേണം''(22 57–58)

## വൈദികവൃത്തിയിൽ

പുളിംകുന്ന് വികാരിയും ഇടവകക്കാരും ആവശ്യപ്പെട്ടതനുസരിച്ച്, വാ. ചാവറ അവർക്കായി തൻെറ ആദ്യത്തെ ധ്യാന പ്രസംഗം നടത്തി. അതു

സംബന്ധിച്ച് ചാവറയുടെ ജീവചരിത്രകാരൻ എഴുതുന്നു: "ധ്യാനത്തിൽ പങ്കെടുത്തവർക്ക് വലിയ ആത്മാനുതാപവും ആദ്ധ്യാത്മിക ഫലങ്ങളും സിദ്ധിച്ചു. അതിന് ഇന്നുവരെ (1871) അതിൽ പങ്കെടുത്തവർ സാക്ഷ്യംവഹിക്കുന്നു." (P. LI)

1869 നവംബർ 1 – ാം തീയതി മാന്നാനത്ത് വാ. ചാവറ ചെയ്ത പ്രസംഗത്തെപ്പററി, ആശ്രമനാളാഗമത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "അതു എല്ലാ ഹൃദയങ്ങളെയും സ്പർശിച്ചു: എല്ലാവരെയും ഇളക്കി." (P. LI)

മഞ്ഞുമ്മേൽ ബ. ളൂവീസച്ചൻ, സ്വന്തം അനുഭവം ഇങ്ങനെ വിവരിക്കുന്നു: "അദ്ദേഹത്തിൻെറ പ്രസംഗങ്ങറം തീക്ഷ്ണത നിറഞ്ഞവയായിരുന്നു. മല്പാനച്ചൻ ഇങ്ങനെ പറയുന്നത്. ഞാൻ കേട്ടിട്ടുണ്ട്: പുഷ്പത്തിൽ കയറുമ്പോറം, അദ്ദേഹം സിംഹതുല്യനാണ്." (P. LI)

റോക്കോസ് ശീശ്മാക്കാലത്ത് (1861–1862) വാ. ചാവറ പുത്തംചിറയിൽ ചെയ്ത പ്രസംഗത്തെപ്പററി ദൃക്സാക്ഷിയായ ബ്ര. റോക്കിയുടെ രഹസ്യക്കുറിപ്പുകളിൽ ഇങ്ങനെ കാണുന്നു: "റോക്കോസ് ശീശ്മയുടെ കാലത്ത്, പ്രിയോരച്ചൻ പുത്തൻചിറപ്പള്ളിയിൽ പ്രസംഗിക്കാൻ വന്നു. ഞാൻ പോയി ശ്രദ്ധിച്ചുകേട്ടു. വൈകിട്ട്, അദ്ദേഹം തൻെറ മുറിയിൽ, ക്രൂശിത രൂപത്തിൻെറ മുമ്പിൽ, കണ്ണുനീരോടുകൂടി പ്രാർത്ഥിക്കുന്നത് ഞാൻ കണ്ടു. ഈ കാ

ഴ്ചയിൽ, ആ മഹാത്മാവിനോട് എന്നിൽ സംജാത മായ ഭക്തി എന്ത്യമാത്രമെന്ന് എനിക്ക് വിവരിക്കുവാൻ സാദ്ധ്യമല്ല. രണ്ടോ മൂന്നോ പ്രസംഗങ്ങൾ കഴിഞ്ഞപ്പോൾ, അനേകം ശീശ്മക്കാർ തിരുസഭാഐക്യത്തിലേയ്ക്ക് തിരിച്ചുപോന്നു.'' (p· L11)

## ഹൃദയം, അധരങ്ങൾ, പേന

ചാവറയിൽ ജ്വലിച്ചിരുന്ന ദൈവസ്നേഹത്തിന്റെ ഏകദേശരൂപം അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ നിന്ന് ലഭിക്കാവുന്നതാണ്. ''ആത്മാനുതാപത്തിൽ'' അദ്ദേഹം എഴുതുന്നു:

> ''മമപിതാവു നീയേ/ഭാഗ്യവുമെനിക്കു നീ/
> മംഗലം നീയെന്നിയേ/മറ്റെന്തു ഗുണം നാഥാ!
> എന്നുടെ സ്നേഹം നീയേ/ഭാഗ്യവുമെനിക്കു നീ/
> നിന്നാലല്ലാതെ ഞാനു/മെങ്ങനെ ജീവിക്കുന്നു!
> ശ്വാസവുമെനിക്കു നീ/യാവന പാനം നീയേ/
> ആശ്വാസം നിന്നിലല്ലാതെ/യെവിടെയെനിക്കഹോ''!
> (ആത്മാ 10/141_146)

അദ്ദേഹത്തിന്റെ സംഭാഷണം മററുള്ളവരെ ദൈവത്തിലേയ്ക്കടുപ്പിക്കുവാൻ ഉതകുന്നതായിരുന്നു മഞ്ഞുമ്മേൽ ബ. ലൂവീസച്ചൻ (ആദ്ധ്യാത്മികപുത്രൻ) ഇങ്ങനെ സാക്ഷിക്കുന്നു: ''അനേകം വർഷം അദ്ദേഹം എന്റെ കുമ്പസാരക്കാരനായിരുന്നു. കുമ്പസാരസമയത്ത് അദ്ദേഹം നൽകിയിരുന്ന ഉപദേശങ്ങൾ ദൃഢതരവും കഴമ്പുള്ളവയുമായിരുന്നു.'' (p· L11)

ആശ്വാസസമയങ്ങളിൽ, ആദ്ധ്യാത്മികകാര്യങ്ങൾ സംഭാഷണ വിഷയമാക്കുക വാ. ചാവറയുടെ പതിവായിരുന്നു.

ചാവറയുടെ എഴുത്തുകളും ദൈവസ്നേഹത്തിന്റെ പ്രസരണമാദ്ധ്യമങ്ങളായിരുന്നു.

വി. വാരത്തിൽ, കൂനമ്മാവു മഠത്തിലേയ്ക്കയച്ച കുറിപ്പിൽ, അദ്ദേഹം എഴുതുന്നു: ''ഇതാ നിങ്ങളുടെ ഹൃദയങ്ങൾ എന്റേതിനോടൊപ്പം സക്രാരിയിൽ മറയപ്പെട്ടിരിക്കുന്നു. കർത്താവിന്റെ ഉയിർപ്പു തിരുനാൾ വരെ, അവിടെ ആയിരിക്കുക.''

വി. ഫിലോമിനായുടെ ദേവാലയത്തിൽ, ആരാധന നടക്കുമ്പോൾ, അവിടെചെന്ന് ആരാധനയിൽ സംബന്ധിക്കാൻ, സിസ്റ്റേഴ്സിന്, പ്രൊവികാരി അപ്പസ്തോലിക്കാ അനുവാദം നൽകിയിട്ടില്ല എന്നറിയിക്കുന്നതോടൊപ്പം വാ. ചാവറ ഇങ്ങനെ കുറിച്ചു: ''ഈശോമിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ! അവിടത്തെ മണവാട്ടികളായ നിങ്ങൾ, നിങ്ങളുടെ മുറികളിലിരുന്ന് അവിടത്തോടുകൂടെ സന്തോഷിക്കുവിൻ''.

വി. കുർബാനയുടെ തിരുനാളിന്റെ തലേദിവസം, അദ്ദേഹം അവർക്കെഴുതി: ''ഈ ദിവസങ്ങളിൽ ഭക്തിപൂർവ്വം മിശിഹായുടെ സ്നേഹത്തെപ്പറ്റി ധ്യാനിക്കുവിൻ; എപ്പോഴും അവിടത്തെ സന്നിധിയിൽ ഇരിക്കുവിൻ; അവിടത്തെ മുമ്പിൽ നടക്കുവിൻ; എപ്പോഴും അവിടത്തോടു സംഭാഷിക്കുവിൻ.''

വേറൊരവസരത്തിൽ, അദ്ദേഹം എഴുതുന്നു: ''നിങ്ങൾ ദൈവത്തിനു സമർപ്പിച്ച വ്രതങ്ങൾ നിർവ്വഹിക്കുവിൻ! അതായത്, ഞരമ്പുകളുടെ ചലനങ്ങളും നാഡിയടികളും, നമ്മുടെ ശ്വാസോഛ്വാസവും കണ്ണുകളുടെ ചലനങ്ങളും, എല്ലാ സൃഷ്ടികളുടെയും, പറവകളുടെയും ചലനങ്ങളും–ഇവയെല്ലാം പ്രാർത്ഥനകളായി-ഓരോന്നായും പൊതുവായും-നമുക്ക് ദൈവത്തിന് സമർപ്പിക്കാം.'' (P. L11)

ദൈവസ്നേഹം തന്നിൽ പോഷിപ്പിക്കുന്ന മാദ്ധ്യമങ്ങളിൽ വാ. ചാവറയ്ക്ക് അസാമാന്യനിഷ്ഠയുണ്ടായിരുന്നു–പാപത്തോടുള്ള വെറുപ്പ്, പ്രാർത്ഥനാരൂപി, ഭക്തജീവിതം, വിശുദ്ധരോടുള്ള കൂട്ടായ്മ മുതലായവയിൽ.

## പാപത്തോടു വെറുപ്പ്

ചാവറയുടെ ''ധ്യാനസല്ലാപങ്ങളും'' ''ആത്മാനുതാപവും'' പാപത്തിന്റെ ലാഞ്ചനപോലും വെറുക്കുന്ന ഒരാത്മാവിന്റെ ചിത്രമാണ് നമുക്ക് നൽകുക.

ധ്യാനിക്കുവാൻ തുടങ്ങുന്നതിനുമുമ്പുള്ള അദ്ദേഹത്തിന്റെ അപേക്ഷ: ''പാപപങ്കിലമായ ആത്മാവിനോട് ദൈവം ഐക്യപ്പെടുകയില്ല. ഇന്ന്, ആദ്യമായി എന്റെ രക്ഷകനായ ഈശോയെ സമീപിച്ച്, പാപപ്പൊറുതി യാചിക്കണം. അതുകൊണ്ട്, എന്റെ അമ്മേ (ഈശോയുടെ വി. ത്രേസ്യാ) അമ്മയുടെ തുണയും സഹായവും എനിയ്ക്കുണ്ടായിരിക്കണമേ.'' (P. L111)

കർത്താവിൻെറ പീഡാനുഭവങ്ങളെപ്പററി ധ്യാനിച്ചുകൊണ്ട്, ചാവറ വിലപിക്കുന്നു. അവയുടെ രൂക്ഷതയുടെ കാരണം തൻെറ പാപങ്ങളാണെന്ന് അദ്ദേഹം ഏററു പറയുന്നു. ഈശോയിൽ ദൈവത്വത്തിൻെറ പൂർണ്ണത ദർശിച്ചിരുന്ന അദ്ദേഹം, വ്യക്തിത്വവിവേചനകൂടാതെ, ഈശോയെയും ''അപ്പാ'' (പിതാവേ) എന്ന് വിളിക്കുന്നതായി കാണാം. തൻെറ പാപം മൂലം വേദന സഹിക്കുന്ന ഈ ''അപ്പനോ''ടുള്ള അനുകമ്പാർദ്രസ്നേഹമാണ് ചാവറയുടെ മനസ്താപം.

ഛേദനാചാരത്തിൽ വേദനിക്കുന്ന ഈശോയെ ധ്യാനിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ വിലപിക്കുന്നു:

''അയ്യയ്യോ മമനാഥാ/ അയ്യയോ മമസ്നേഹം/
അയ്യയ്യോ മമപാപം/കാരണമിതിന്നയ്യോ!''

(ആത്മ. 45/327-8)

കുരിശിലെ തിരുമുഖത്തെ ധ്യാനിച്ചുകൊണ്ട് അദ്ദേഹം എഴുതി: ''അയ്യോ, എൻെറ അപ്പൻെറ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയത് ഞാൻ തന്നെയല്ലയോ?'' (ധ്യാന p. 20)

മാരകമായ പാപത്തിൽ വീഴാതെ ദൈവകരം ആജീവനാന്തം തന്നെ കാത്തുസൂക്ഷിച്ചുവെന്ന് അദ്ദേഹത്തിന് ബോദ്ധ്യമുണ്ടായിരുന്നെങ്കിലും തൻെറ അപ്പനെ വേദനിപ്പിച്ച കേവലം നിസ്സാരമായ ചിന്തകളും, നോട്ടങ്ങളും, കേൾവികളും, ബാലചാപല്യങ്ങളും ഭീകരങ്ങളായി അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ടു. തന്നെ ''മഹാപാപി''യെന്നും ''പിശാചിൻെറ അടിമ''യെന്നും സംബോധന ചെയ്യത്തക്ക വൈരൂപ്യം

അവയിൽ അദ്ദേഹം ദർശിച്ചു. അഞ്ചുവയസുമുതൽ പത്തുവയസുവരെയുള്ള കളരിജീവിതത്തിൽ, പിതാവിന്റെ ആഭിജാത്യത്തിനുചേരാത്ത അന്തരീക്ഷവുമായി താൻ ഒത്തുചേർന്നു പോയല്ലൊ എന്നദ്ദേഹം വിലപിക്കുന്നു. അന്നത്തെ അനുഭവം:

''കൺതുറക്കുന്ന കാഴ്ചയും കേൾവിയും/
കാണുന്നതൊക്കെ കന്മഷ സാധനം/
അടക്കമില്ലാതുള്ള കളികളും/
നടക്കുന്നതും നഗ്നരൂപം യഥാ/
വചനത്തിലും ദൂഷിതവാക്കുകൾ/
അശനത്തിലുമജ്ഞാനാചാരങ്ങൾ!''

(ആത്മാ. 4/107–112).

ഇവമൂലം വേദനിക്കുന്ന പിതൃഹൃദയത്തോടുള്ള അനുകമ്പാർദ്രസ്നേഹത്തോടെ, മാപ്പപേക്ഷിക്കുന്നു. ഈ മകനെ ആശ്ലേഷിക്കാനായി ഓടിയടുക്കുന്ന പിതാവിനോടുള്ള പ്രത്യുത്തരം ചാവറയുടെ ആഴമായ സ്നേഹത്തിനു സാക്ഷ്യം നൽകുന്നു: ''അയ്യോ, ഇതുവേണ്ട! എന്നെ തൊടുവാൻ ഞാൻ യോഗ്യനല്ല! ഞാൻ ആ തൃപ്പാദങ്ങളിൽ സാഷ്ടാംഗം വീണുകൊള്ളട്ടെ!'' (ധ്യാന. p 17) – എന്നെ തൊട്ടാൽ ആ പാവനകരങ്ങളിൽ അഴുക്കുപറ്റും; അതുവേണ്ട എന്നു സാരം. ഗെത്സേമിനിയിൽ വേദനിക്കുന്ന രക്ഷകനെ ധ്യാനിച്ച്, മാപ്പിരക്കുന്ന ചാവറയെ ആശ്വസിപ്പിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

''ഒക്കെയും പൊറുത്തു ഞാനടുത്തുവന്നീടുക/......
കരുതിയണഞ്ഞു വാ/ നിന്നെ ഞാൻ മുത്തീടുവാൻ.''

അപ്പോഠം ചാവറയുടെ ആകുലത അപ്പന്റെ മൂക്കിൽ തന്റെ ദുർഗന്ധം പ്രവേശിക്കാൻ ഇടയാകുമല്ലോ എന്നതാണ്. അദ്ദേഹം ഉരുത്തരിക്കുന്നു:

''കഷ്ടനാമടിയന്റെ ദുഷ്ടതഹേതുവാൽ/
നഷ്ടമായി ദേഹിരൂപം/ദുർഗന്ധം വീശുന്നയ്യോ.''
(ആത്മാ. 5/284-9)

തന്റെ അപ്പന്റെ ഈ അചിന്ത്യമായ ഔദാര്യത്തെ വിസ്മയപൂർവ്വം അനുസ്മരിച്ചുകൊണ്ട് ചാവറ പാടുന്നു:

''ഇത്ര പാപിയാമെന്നുടെ ഹീനത/
തത്രപോക്കിയതെത്ര മഹാചിത്രം!''
(ആത്മാ 5/29-30)

## പ്രാർത്ഥനാരൂപി

കേവലം ശിശുവായിരിക്കേ, അമ്മയിൽനിന്ന് ജപങ്ങഠം പഠിച്ചതോർത്ത്, ''ആത്മാനുതാപത്തിൽ'' ചാവറ ഇങ്ങനെ പാടുന്നു:

''അന്നവഠംക്കു നീ നൽകിയ സ്നേഹത്താൽ/
അമൃതപാനം തന്നു വളർത്തുമ്പോഠം/
അതിനോട് കലർത്തി ജപങ്ങളും/
അപ്പോഠംത്തന്നെ ഗ്രഹിപ്പിച്ചു തന്നവഠം.
ദൃഢംവന്നപ്പോഠം ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം''
(2, 47-52)

ബാലനായിരിക്കെ ചാവറ ദിവ്യപൂജയിൽ ശുശ്രൂഷിച്ചിരുന്നത് കാണികൾക്ക് കൗതുകമായിരുന്നു. കുർബാനപ്പുസ്തകം ബലിപീഠത്തിൻെറ ഒരു വശത്തുനിന്ന് മറുഭാഗത്തേയ്ക്ക് എടുത്തുമാററുവാൻ ആവശ്യമായ കരബലം ലഭിക്കുന്നതിനുമുമ്പേതന്നെ, ഭക്തിപൂർവ്വം ശുശ്രൂഷിയുടെ ഭാഗങ്ങൾ സ്ഫുടമായി ചൊല്ലിയിരുന്ന കാര്യം ജീവചരിത്രകാരൻമാർ പ്രത്യേകം എടുത്തുപറയുന്നുണ്ട്.

സെമിനാരി ജീവിതത്തിൽ ചാവറയുടെ യാമപ്രാർത്ഥനാനിഷ്ഠ, ഏവർക്കും മാതൃക നൽകിയിരുന്നു. പല പുസ്തകങ്ങളിലായി കിടന്നിരുന്ന യാമപ്രാർത്ഥനയുടെ ഭാഗങ്ങൾ ഒരേ കൈയെഴുത്തു ഗ്രന്ഥത്തിലാക്കാൻ അദ്ദേഹം ചെയ്ത ശ്രമത്തെപ്പററി ജീവചരിത്രകാരൻ എഴുതുന്നു: ''സാധാരണദിവസങ്ങളിലേയ്ക്കും തിരുനാളുകളിലേയ്ക്കുമുള്ള യാമപ്രാർത്ഥനകൾ, പുരാതനകാലത്തേതുപോലെ, അന്ന് സീറോമലബാർ സഭയിൽ, നടന്നിരുന്നില്ല. യാമപ്രാർത്ഥനാരീതി പുനർജീവിപ്പിക്കുവാൻ, മല്പാനച്ചനുമായി ആലോചിച്ച്, പുസ്തകങ്ങൾ വിവിധ സ്ഥലങ്ങളിൽ നിന്ന് ശേഖരിക്കാൻ, അത്യദ്ധ്വാനം ചെയ്ത് അവ സ്വന്തം കൈകൊണ്ട് എഴുതി, ജപിക്കേണ്ട ക്രമങ്ങളെല്ലാം അദ്ദേഹംതന്നെ വളർത്തിയെടുത്തു.'' (P. LIV)

മാന്നാനത്ത്, സന്യാസജീവിതം ആരംഭിച്ചപ്പോൾ, ചാവറയും കൂട്ടുകാരും ദിവസത്തിൽ, മിക്കവാറും തുടർച്ചയായ ഒരു പ്രാർത്ഥനാപരിപാടിയാണ്

അവലംബിച്ചത്. അതു സംബന്ധിച്ചു കേട്ടവർ വിസ്മയഭരിതരായി. അതിനെപ്പററി കുരിയാക്കോസ് എലിസേവൂസ് പോരൂക്കര ഇങ്ങനെ എഴുതി: ''തുടർച്ചയായി പ്രാർത്ഥിച്ചിരുന്നു. രാത്രി വളരെ നേരം ഉണർന്നിരുന്ന് യാമപ്രാർത്ഥന മുഴുവനും കൂട്ടമായി ജപിച്ചിരുന്നു. അതോടെ, മററു വിവിധ പ്രാർത്ഥനകളും, ഭക്താനുഷ്ഠാനങ്ങളും, പ. കന്യകയുടെ പൂർണ്ണജപമാലയും...'' (P. LIV)

ലെയോപ്പോാംഡ് മിഷനറി ചാവറയുടെ പ്രാർത്ഥനാരൂപിയെപ്പററി എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്: ''ക്രമപ്രകാരമുള്ള വിസീത്തകൾക്കു പുറമേ, ദിവ്യകാരുണ്യസന്നിധിയിൽ മുട്ടിൻമേൽ, മണിക്കൂറുകൾ തന്നെ, അദ്ദേഹം ചെലവഴിച്ചിരുന്നു.'' (P. LIV).

മഞ്ഞുമ്മേൽ ലൂവീസച്ചൻ ഇങ്ങനെ സാക്ഷിക്കുന്നു: ''ആദ്യത്തെ പ്രമാണരേഖയനുസരിച്ച്, വൈകിട്ടുള്ള ധ്യാനം ഒരു പൂർണ മണിക്കൂറായിരുന്നു. മണിക്കൂർ മുഴുവനും അദ്ദേഹം അശ്രുധാര പൊഴിച്ചുകൊണ്ട്, മുട്ടിൻമേൽ, ഭക്തിപാരവശ്യത്തിൽ കഴിച്ചിരുന്നു. അദ്ദേഹം ദിവ്യകാരുണ്യാരാധനയിൽ മുഴുകിയിരിക്കുന്നത്, അടുത്തുനിൽക്കുന്നവർക്ക് അനുഭൂതിദായകമായ ഒരു ദർശനമായിരുന്നു.''

**വാ. ചാവറയുടെ പ്രാർത്ഥനാരീതി** ലളിതവും ആഴത്തിലേയ്ക്കു നയിക്കുന്നതുമായിരുന്നു. അതിന്റെ വിശദപഠനത്തിനായി ഒരു പുസ്തകംതന്നെ

ആവശ്യമായതുകൊണ്ട്, ഈ ഗ്രന്ഥപരമ്പരയുടെ നാലാം പുസ്തകം അതിന്റെ സംക്ഷേപമായ അവതരണത്തിനായി മാററിവച്ചിരിക്കുകയാണ്.

പ്രാർത്ഥനയും, പ്രാർത്ഥനാനേതൃത്വവുമാണല്ലോ കർമ്മലീത്തരുടെ പ്രത്യേകസിദ്ധി സമകാലീനരായ കർമ്മലീത്താമിഷനറിമാർ വാ. ചാവറയുടെ പ്രാർത്ഥനാചൈതന്യത്തെപ്പററി ശ്ലാഘിച്ചു സംസാരിക്കുമായിരുന്നു. മോൺ. മർസെലീനൂസ് ബെരാർദി 1883 – ൽ, കർമ്മലീത്താസഭയുടെ പ്രിയോർ ജനറാളിന് ഇങ്ങനെ എഴുതി: ''അദ്ദേഹം (ചാവറ) ഒരു പൂർണ്ണകർമ്മലീത്തനായിരുന്നു. ആ ചൈതന്യം സമ്പാദിക്കുവാനും അതു മററുള്ളവരിലേയ്ക്കു പകരുവാനും അദ്ദേഹം പരിശ്രമിച്ചിരുന്നു'' (P. LIV).

രോഗശയ്യയിൽവച്ചും ഭക്തമുറകൾ–ധ്യാനം, യാമപ്രാർത്ഥന മുതലായവ–വാ. ചാവറ തീക്ഷ്ണതാപൂർവ്വം അനുഷ്ഠിച്ചിരുന്നു. കണ്ണിനു സുഖമില്ലാതിരുന്നതിനാൽ, അവസാനകാലത്ത് വായിക്കുവാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും, മററുള്ളവരുടെ സഹായത്തോടെ, അദ്ദേഹം യാമപ്രാർത്ഥനകൾ ജപിക്കുമായിരുന്നു. അവസാനം, പ്രൊവികാരി അപ്പസ്തോലിക്കാ, യാമപ്രാർത്ഥനകൾ നിർത്തിവച്ച്, അതിനുപകരം ''സ്വർഗ്ഗസ്ഥനായ പിതാവേ'' എന്ന ജപം ആവർത്തിക്കുവാൻ നിർദ്ദേശിച്ചു.

അവശതകൊണ്ടും, അധികാരികളുടെ നിർബന്ധംകൊണ്ടും, ഭക്തകൃത്യങ്ങൾ അനുഷ്ഠിക്കുവാൻ

സാധിക്കാതെവന്നപ്പോഠം, അവ നടത്തിയിരുന്ന സഭാംഗങ്ങളോട് ആത്മനാ ചേർന്ന്, ആ സമയം വിനിയോഗിച്ചിരുന്നു. ആ രീതിയിൽ അദ്ദേഹം ദിവ്യാനന്ദം കണ്ടെത്തി. ഓരോ പ്രവൃത്തിയും എല്ലാ നാഡിയടികളും ദൈവസ്നേഹപ്രകരണങ്ങളായി പകർത്തി, അവ കർത്താവിൻെറ പീഡാനുഭവങ്ങളോട് ചേർത്ത് കാഴ്ചവയ്ക്കുക അദ്ദേഹത്തിൻെറ സുകൃതാഭ്യാസമായിരുന്നു (P. LV)

**ഭക്തജീവിതം-തപശ്ചര്യകൾ.**

താൻ ചെറുപ്പത്തിൽത്തന്നെ എന്തിനുവേണ്ടി എല്ലാം പരിത്യജിച്ചുവോ ആ ക്രിസ്തുശിഷ്യത്വത്തിനും, അതിൻെറ പൂർണ്ണതയ്ക്കായി സ്വീകരിച്ച സന്യാസജീവിതശൈലിയോടുള്ള വിശ്വസ്തതയ്ക്കും വേണ്ടി ഏതു ത്യാഗവും തപശ്ചര്യയും വാ. ചാവറ സ്വാഗതം ചെയ്തിരുന്നു.

നിയമസംഹിതയനുസരിച്ചുള്ള ശാരീരിക പ്രായശ്ചിത്തങ്ങളിൽ വാർദ്ധക്യദശയിൽപ്പോലും വാ. ചാവറ മുൻപന്തിയിൽ നിന്നിരുന്നുവെന്ന്, മഞ്ഞുമ്മേൽ ബ. ലൂവീസച്ചൻ സാക്ഷിക്കുന്നു. ആത്മാനുതാപത്തിൽ അദ്ദേഹം തൻെറ ബോദ്ധ്യം രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ്: ''ഭൂമിയിൽ, പാപത്തിൽ നിന്നൊഴിയുവാൻ, കഷ്ടപ്പാടുകഠം ക്ഷമാപൂർവ്വം സ്വീകരിക്കുക എന്നതിനെക്കാഠം പററിയ മാർഗ്ഗമില്ല (P. L VI).

ക്ലേശങ്ങളെല്ലാം ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെ സ്മരിച്ചുകൊണ്ട്, അദ്ദേഹം ആശ്ലേഷിച്ചിരുന്നു ശക്തിയായ തലവേദനയാൽ വലഞ്ഞിരുന്ന സമയത്ത്, ദിവ്യനാഥന്റെ ശിരസ്സിലെ മുൾമുടിയെപ്പറ്റി അദ്ദേഹം ധ്യാനിച്ചിരുന്നു. കൂനന്മാവു മഠത്തിലേയ്ക്ക് അദ്ദേഹം എഴുതി: ''എന്റെ പ്രിയ മക്കളേ, എന്റെ തലയിൽ ദുഃസഹവേദനയാൽ ഞാൻ വലയുകയാണ്. നമ്മുടെ കർത്താവിന്റെ ശിരസിൽ തറച്ച മുൾമുടിയെപ്പറ്റി ഞാൻ ധ്യാനിക്കുന്നു.'' (P. LVI)

മാന്നാനം ആശ്രമത്തിലെ, തന്റെ വികാരിയ്ക്ക് അദ്ദേഹം എഴുതി: ''എല്ലാം ദൈവചിത്തംപോലെ ഭവിക്കട്ടെ! ദൈവചിത്തം! അതാണെന്റെ ഭാഗ്യം!'' (P. LVI)

## പ്രത്യേകഭക്തികൾ–വിശുദ്ധരുടെ കൂട്ടായ്മ

വാ. ചാവറയുടെ ഭക്തികൾ ക്രിസ്തുവിൽ കേന്ദ്രീകൃതമായിരുന്നു. ''അപ്പാ'' എന്ന മൃദുലനാമത്താൽ അദ്ദേഹം വിളിച്ചിരുന്ന ക്രിസ്തു സർവ്വശക്തനായ ദൈവമാണ്, നിത്യപിതാവിന്റെ പുത്രൻ, ലോകസ്രഷ്ടാവ്, മനുഷ്യനായി പിറന്ന്, സഹിച്ച്, കുരിശിൽ മരിച്ചവൻ, അവസാനം വരാനിരിക്കുന്ന ലോകത്തിന്റെ വിധികർത്താവ്–ഇതെല്ലാമാണ് അവിടന്ന്. അവിടത്തോടുള്ള ഐക്യം തന്നിൽ വളർത്തിയെടുക്കണം. അതിനായി, ചാവറ ക്രിസ്തുവിന്റെ ജീവിതം, മനുഷ്യാവതാരം മുതൽ ഉത്ഥാനം വരെ ധ്യാനവിഷയമാക്കി. ആ ധ്യാനം കവിതാരൂപ

ത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഗ്രന്ഥമാണ് ''ആത്മാനുതാപം.'' അതിൻെറ അനുബന്ധമായി കരുതാവുന്ന ചെറുഗ്രന്ഥമാണ്: ''ധ്യാനസല്ലാപങ്ങൾ.'' അദ്ദേഹത്തിൻെറ ഇഷ്ടരൂപങ്ങൾ, മാതാവിൻെറ കരങ്ങളിലിരിക്കുന്ന ദിവ്യശിശുവിൻെറ മുഖവും, മുൾമുടി ചൂടി വ്യഥയിൽ മുങ്ങിയ തിരുമുഖവും തിരുവോസ്തിയുമായിരുന്നു.

## തിരുവോസ്തിയിലെ ക്രിസ്തു

ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ഭക്തിയുടെ പ്രത്യേകതയാണ് അവിടത്തെ നേരിട്ടു ദർശിക്കുന്നതിനുള്ള അഭിവാഞ്ഛ. വാ. ചാവറയുടെ ''കാണാകേണം'' എന്ന ഗീതം പ്രസ്തുത അഭിവാഞ്ഛയുടെ കവിതാരൂപത്തിലുള്ള അവതരണമാണ്. നേരിട്ടുള്ള ദർശനം സ്വർഗ്ഗത്തിലേ സാദ്ധ്യമാകൂ. അതിൻെറ അച്ചാരമായി ഈ ലോകത്തിൽ നമുക്കു ലഭിക്കുന്ന ദർശനമാണ്, അപ്പത്തിൻെറ രൂപത്തിലുള്ള അവിടുത്തെ തിരുസാന്നിദ്ധ്യം. (P. XLIV)

വാ ചാവറ, ദിവ്യപൂജസമർപ്പിച്ചിരുന്നത് അതീവ തീക്ഷ്ണതയോടുകൂടിയാണ്. ശാരീരികാസ്വാസ്ഥ്യം മൂലം ദിവ്യപൂജ സമർപ്പിക്കാൻ സാധിക്കാതെ വന്ന അവസരങ്ങളിൽ, ഭക്തിപൂർവ്വം ദിവ്യകാരുണ്യം സ്വീകരിക്കുന്ന നിഷ്ഠ അദ്ദേഹത്തിനുണ്ടായിരുന്നു. ദിവ്യകാരുണ്യസ്വീകരണത്തിനുമുമ്പു അന്ന് നിലവിലിരുന്ന, പാതിരാമുതലുള്ള, നിഷ്കൃഷ്ടമായ ഉപവാസത്തോടു വിശ്വസ്തത പാലിക്കുവാൻ വേണ്ടി, മരണക്കിടക്കയിലായിരുന്ന അവ

സരത്തിൽ, അതിരാവിലെ രണ്ട് അല്ലെങ്കിൽ മൂന്നു മണിയ്ക്ക് വലിയ ഒരുക്കത്തോടെ അദ്ദേഹം ദിവ്യ കാരുണ്യം സ്വീകരിക്കുമായിരുന്നു.

അവസാനകാലത്ത് രണ്ടുമാസം, ദിവ്യപൂജയർപ്പിക്കാൻ സാദ്ധ്യമല്ലാതായപ്പോൾ, ''രാത്രിയും പകലും, ഓരോ മണിക്കൂറിലും, ദിവ്യ കുഞ്ഞാടിനെ തുടർച്ചയായി, പിതാവിനു സമർപ്പിക്കുന്ന വൈദികരോട്, ആത്മനായോജിച്ച്, അദ്ദേഹവും സമർപ്പിക്കുമായിരുന്നു.''

ദിവ്യപൂജയർപ്പിക്കുകയോ ദിവ്യകാരുണ്യം സ്വീകരിക്കുകയോ ചെയ്യാത്ത ദിവസം, താൻ ഉപവസിക്കുകയാണെന്ന് അദ്ദേഹം പറയുമായിരുന്നു. (ദിവ്യകാരുണ്യമാകുന്ന അനുദിനഭോജനം വഴി ഓരോരുത്തരും വളരേണ്ടതുകൊണ്ട്, ഓരോരുത്തരും ദിവസേന ദിവ്യപൂജയിൽ സംബന്ധിക്കണമെന്ന് അദ്ദേഹം ഉപദേശിക്കും. അതൊരു പതിവാക്കിത്തീർക്കുന്നതിനുവേണ്ടി, ദൈവജനത്തിന് അദ്ദേഹം ഉപദേശിച്ചുകൊടുത്ത മാർഗ്ഗമാണല്ലൊ, കുടുംബാംഗങ്ങൾ എല്ലാവർക്കും ഒരുമിച്ചുവരാൻ സാധിച്ചില്ലെങ്കിലും ഒരാളെങ്കിലും ദിവസേന, മാറിമാറിവന്ന് ദിവ്യപൂജയിൽ സംബന്ധിക്കുക എന്നത്. അക്കാലത്ത്, ദിവസേനയുള്ള ദിവ്യകാരുണ്യ സ്വീകരണം നടപ്പിലായിട്ടില്ലായിരുന്നു. അതുകൊണ്ട്, കൂനമ്മാവു മഠാംഗങ്ങൾക്ക് താഴെവരുന്ന ഉപദേശം നൽകി: ''വി. കുർബാനയുടെ തിരുനാൾ തുടങ്ങി, എട്ടുദിവസത്തേയ്ക്ക്, ഓരോദിവസം ഒരാൾ എന്നവിധം, മാറിമാറി, ദിവ്യകാരുണ്യം സ്വീകരിക്കുക.''(P L11).

തിരുവോസ്തിയിൽ ദീർഘനേരം കണ്ണുകൾ പതിയുക, നിത്യത്വത്തിൽ ദിവ്യനാഥനെ നേരിട്ടു ദർശിക്കുന്ന മഹാഭാഗ്യത്തിൻെറ നാന്ദിയായതുകൊണ്ട് മുകളിൽ പ്രസ്താവിച്ചതുപോലെ, കേരളത്തിൽ 40 മണിയാരാധന അദ്ദേഹം ആരംഭിച്ചു. ആദ്യം കൂനമ്മാവിലും, പിന്നീടു മററു ദേവാലയങ്ങളിലും അത് നടപ്പിലായി).

## പ. കന്യക

ജീവിതത്തിൻെറ ആദ്യഘട്ടത്തിൽത്തന്നെ ചാവറയുടെ വത്സലയായ മാതാവ്, തൻെറ ശിശുവിനെ ദൈവമാതാവിൻെറ ദാസനായി സമർപ്പിച്ചു (വെച്ചൂർ ദേവാലയത്തിൽ). തദവസരത്തിൽ വൈദികൻ പറഞ്ഞ വാക്കുകൾ, ചാവറ എന്നും സംപൂജ്യമായി കരുതിയിരുന്നു: ''ഇനിമേൽ, ഈ ശിശു നിൻെറ മകനല്ല പ്രത്യുത ദൈവമാതാവിൻെറ ദാസൻ''. ഈ സമർപ്പണബോധം എന്നും അദ്ദേഹത്തിന് മനോവിശ്വാസം പകർന്നിരുന്നു. ''ആത്മാനുതാപത്തിൽ'' അദ്ദേഹം പ. കന്യകയോട് ഇങ്ങനെ സംസാരിക്കുന്നു:

> ''പ നാഥേ, ഞാൻ എത്രയോ ഭാഗ്യവാനാണ്! അയോഗ്യനെങ്കിലും, ഞാൻ അങ്ങയുടെ ദാസനാണല്ലൊ. എൻെറ ഭാഗ്യം അപാരമാണ്. എൻെറ നാഥയായ അങ്ങാണ് എൻെറ ഏററവും വലിയ ഭാഗ്യം.'' (P. LVII)

പുത്രനടുത്ത ഈ ഭക്തിയോടെ, അദ്ദേഹം പ. കന്യകയുടെ ചെറിയ ഒപ്പീസ് സുറിയാനിയിൽ രചിച്ചു. റോമൻ ആരാധനക്രമത്തിൽ നിന്ന്, സുറി

യാനി റീത്തിലെ യാമപ്രാർത്ഥനയോടു അനുരൂപപ്പെടുത്തിയാണ് അത് ഒരുക്കിയെടുത്തത്.

ആത്മാനുതാപത്തിലെ കവിതയിൽ ഈശോയുടെയും മാതാവായ കന്യകാമറിയത്തിൻെറയും വി. യൗസേപ്പിൻെറയും വ്യക്തിത്വങ്ങളാണ് ചാവറയുടെ ധ്യാനവിഷയങ്ങൾ. മരിയാ അഗ്രദായുടെ മരിയമഹിമകൾ ഉൾക്കൊള്ളുന്ന "MISTICA CITTA DI DIO" എന്ന ഗ്രന്ഥം സ്പാനിഷിൽ നിന്ന് ഇററാലിയനിലേയ്ക്ക് ഭാഷാന്തരം ചെയ്തിട്ടുണ്ടെന്നു കേട്ടപ്പോൾ, വാർദ്ധക്യദശയിലെത്തിയ ചാവറ-63-ാം വയസിൽ- ആ പുസ്തകം വായിക്കാൻ വേണ്ടി ഇററാലിയൻ ഭാഷ പഠിക്കുവാൻ ശ്രമിച്ച്യ.

മാന്നാനത്ത് ചാവറയുടെ നേതൃത്വത്തിൽ രൂപം കൊണ്ട ജീവിത ശൈലിയിൽ, പ. കുർബാനയും യാമ പ്രാർത്ഥനയും കഴിഞ്ഞാൽ, പ്രഥമ പ്രാധാന്യം മരിയ ഭക്തിക്കായിരുന്നു. സഭയുടെ പ്രമാണരേഖയിലും അതുപ്രകടമാക്കിയിരുന്നു.

ലെയോപ്പോൾഡ് മിഷനറി ചാവറയുടെ ജീവചരിത്രത്തിൽ ഇങ്ങനെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു: "കന്യകാമറിയത്തോട് പുത്രനിർവ്വിശേഷമായ സ്നേഹമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അവളുടെ മഹിമകളെ പുകഴ്ത്തുന്നതിൽ ഒരിക്കലും അദ്ദേഹം വിരസനായിരുന്നില്ല. വായനക്കാരുടെ ഹൃദയത്തിൽ അവ പതിച്ചിടുവാൻ അദ്ദേഹം പരിശ്രമിച്ചു" (കാണുക P. LVII-LVIII)

## വി. യൗസേപ്പ്

വി. യൗസേപ്പിന്റെ നൽമരണസഖ്യം പ്രചരിപ്പിക്കാൻ ചാവറ മുൻകൈ എടുത്തു. ''മരണമാകുന്ന കടൽ കടക്കാൻ, സമർത്ഥനായ ഒരു കപ്പിത്താൻ ആവശ്യമാണ്. ഒന്നാംതരം കപ്പലും വൻതൂക്കവും ഉറപ്പുമുള്ള ഒരു നങ്കൂരവും വേണം. കപ്പൽ പ. അമ്മയാണ്–എല്ലാ പാപികളുടെയും ആശ്രയം! വിശ്വസിക്കാവുന്ന ഒന്നാംതരം നങ്കൂരമാണ് ക്രിസ്തു–പിതാവിന്റെ വലത്തുഭാഗത്തെ ആസനസ്ഥൻ! സമർത്ഥനായ കപ്പിത്താൻ, വി. യൗസേപ്പും'' നൽമരണസഖ്യാംഗങ്ങൾക്ക് വാ. ചാവറ അയച്ച സർക്കുലറിലെ വിശദീകരണമാണിത്. പ്രസ്തുത സഖ്യം 1843-ൽ മാന്നാനത്തു സ്ഥാപിച്ചു, 1869-ൽ, കൈനകരിയിലും. വൈദികരും അൽമായരും അതിൽ ചേരുവാൻ അദ്ദേഹം താല്പര്യമായി ഉപദേശിച്ചു (P. LVIII).

തിരുക്കുടുംബത്തോട് പൊതുവെയുള്ള തന്റെ ഭക്തിയുടെ സാക്ഷ്യമായി, 1855-ലെ വ്രതവാഗ്ദാനത്തിൽ തന്റെ പ്രത്യേക സംരക്ഷണത്തിനായി അദ്ദേഹം തിരഞ്ഞെടുത്തത് തിരുക്കുടുംബത്തെയാണ്. ശൈശവത്തിൽ, അമ്മയിൽനിന്ന് ലഭിച്ചതാണ് ആ ഭക്തി.

എപ്പോഴും വാ. ചാവറയുടെ മേശപ്പുറത്ത് തിരുക്കുടുംബത്തിന്റെ ഒരു പടം ഉണ്ടായിരുന്നു. മരണക്കിടക്കയിൽവച്ച് പ്രസ്തുതപടം ചൂണ്ടിക്കാണിച്ചുകൊണ്ട്, സഭാംഗങ്ങളായ സഹോദരരോട്, താൻ സദാ, തിരുക്കുടുംബാംഗങ്ങളെ മനസിൽ നിർത്തിയിരു

ന്നുവെന്നും, അവരുടെ സഹായത്താൽ, അതുവരെ മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം കാത്തുസൂക്ഷിക്കുവാൻ സാധിച്ചുവെന്നും വെളിപ്പെടുത്തി. സഭാംഗങ്ങളുടെ മുമ്പിൽവച്ച്, സഭയെ തിരുക്കുടുംബത്തിനു പ്രതിഷ്ഠിക്കുകയും, സഭാംഗങ്ങൾ ആ ഭക്തിയിൽ വളരണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു (P· LVIII–LIX)·

## വി ത്രേസ്യാ

വാ. ചാവറയ്ക്ക് ആവിലായിലെ വി. ത്രേസ്യായോടുണ്ടായിരുന്ന അനന്യസാധാരണമായ ഭക്തി പരിഗണിച്ച് മോൺ. മാർസൂലിൻ ബെരാർദി,1866-ൽ പ്രസിദ്ധീകരിച്ച വി. ത്രേസ്യായുടെ ജീവചരിത്രം അദ്ദേഹത്തിനു സമർപ്പിച്ചു. അദ്ദേഹം എഴുതുന്നു: ''വി. അമ്മ ത്രേസ്യായുടെ ഈ ചരിത്രസംഗ്രഹം അങ്ങേയ്ക്കു സമർപ്പിക്കുക തികച്ചും സമുചിതമാണ്. ഈ അമ്മയോടുള്ള അങ്ങയുടെ നിസ്തുല സ്നേഹം, ഭക്തി, പുത്രനിർവ്വിശേഷമായ ആദരവ്, ഈ ഭക്തി വർദ്ധിപ്പിക്കുവാനും പരത്തുവാനുമുള്ള അങ്ങയുടെ തീക്ഷ്ണത എന്നിവ ഈ സംക്ഷേപഗ്രന്ഥം അങ്ങേയ്ക്ക് സമർപ്പിക്കുവാൻ മതിയായ കാരണമാണ്' (P· LIX)·

''ധ്യാനസല്ലാപങ്ങളിൽ'', പലപ്രാവശ്യം വി. ത്രേസ്യായോട്, പുത്രനിർവ്വിശേഷമായ സ്നേഹത്തോടെ, അദ്ദേഹം സംഭാഷിക്കുകയും, വിശുദ്ധയെ പ്രാർത്ഥനയിൽ തന്റെ അദ്ധ്യാപികയായി

ഗണിക്കുകയും ചെയ്യുന്നു. അദ്ദേഹം എഴുതുന്നു: "അതുകൊണ്ട് എന്റെ അമ്മേ, നീ എനിക്ക് സഹായവും സങ്കേതവുമായിരിക്കണമേ. മുന്നോടിയായി, നിന്റെ സ്നേഹമണവാളന്റെ മുറിയിൽക്കയറി. അവിടന്ന് എന്റെ പക്കലേയ്ക്ക് തന്റെ കണ്ണുകൾ തിരിക്കണമെന്നഭ്യർത്ഥിക്കണമേ. ഈ ഉദ്ദേശ്യത്തിനായി, പാപികളുടെ സങ്കേതമായ ദേവമാതാവിന്റെ സഹായവും സങ്കേതവും അഭ്യർത്ഥിച്ചാലും!" അതേ ഗ്രന്ഥത്തിൽ, തന്റെ ഹൃദയത്തിൽ, ഈശോയ്ക്കായി ഇരിപ്പിടമൊരുക്കുവാൻ, അദ്ദേഹം പ. കന്യകയോടപേക്ഷിക്കുന്നു. അതിനായി, പ. അമ്മയെ സഹായിക്കണമെന്ന് വി. ത്രേസ്യായോടും അഭ്യർത്ഥിക്കുന്നു (P. LIX).

## മററു മധ്യസ്ഥർ

ഈ പ്രവാസത്തിലൂടെയുള്ള യാത്രയിൽ മനുഷ്യർക്ക് താങ്ങും തണലുമായി സ്വർഗ്ഗസ്ഥരായ വിശുദ്ധർ സദാസഹായത്തിനുണ്ട് എന്ന വിശ്വാസം–വിശുദ്ധൻമാരുടെ ഐക്യത്തിലുള്ള വിശ്വാസം– വാ. ചാവറയിൽ സജീവമായിരുന്നു. പാപിയായ തനിക്കുവേണ്ടി സദാ മാധ്യസ്ഥരായി വർത്തിക്കുന്നതിന് മരിയമഗ്ദലേനാ, ഈജിപ്ററ് മറിയം, മർഗ്ഗരീററാ കൊർട്ടോനാ എന്നീ വിശുദ്ധരെ അദ്ദേഹം ക്ഷണിച്ചിരുന്നു. മരണസമയത്ത് അവരുടെ സഹായം ഉണ്ടാകണമെന്ന് പ്രത്യേകമായും അവരോട്, അദ്ദേഹം അപേക്ഷിച്ചിരുന്നു.

## സ്വന്തം അമ്മ

തന്റെ വത്സലമാതാവ് സ്വർഗ്ഗത്തിലാണെന്ന വിശ്വാസത്തോടെ, അവളെ വാ. ചാവറ തന്റെ മദ്ധ്യസ്ഥഗണത്തിൽ ഉൾപ്പെടുത്തിയിരുന്നു.

(P. LIX)

## കാവൽമാലാഖ

അമ്മ ഉറക്കിക്കിടത്തുമ്പോൾപ്പോലും, അരികെ ഉണർന്നിരുന്ന്, തന്നെ കാക്കുന്നതിനായി കാവൽദൂതനെ നൽകിയ ദൈവത്തെ ചാവറ സ്തുതിക്കുന്നു. (ആത്മാ. 2/20-28). പ്രതിസന്ധികളിൽ ഈ കാവൽ ദൂതന്റെ സഹായം തേടിയിരുന്നതിനു സാക്ഷ്യമാണ്, മാന്നാനത്തുവച്ച്, കൂലികൊടുക്കാൻ കാശില്ലാതെ, വിഷമിച്ചപ്പോൾ, മാധ്യസ്ഥ്യം തേടിയതും, അദ്ഭുതകരമായി സഹായം വന്നെത്തിയതും (P. XLIX).

2) *അയൽക്കാരോടുള്ള സ്നേഹം*

## സ്നേഹമുള്ള ശെമ്മാശൻ

സെമിനാരിയിൽവച്ചു, വാ. ചാവറയുടെ സഹപാഠിയായിരുന്ന ഫാ. ചാണ്ടി മംഗലത്ത്, ചാവറയെപ്പററി ഇങ്ങനെ അനുസ്മരിക്കുന്നു: ''കരുണയുള്ളവനും, സ്നേഹമുള്ളവനും യാതൊരു ആവലാതിയും ഇല്ലാത്തവനുമായ ഒരു ശെമ്മാശൻ!'' (P. LX).

അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ ലെയോപ്പോൾഡ് മിഷനറി, ചാവറയുടെ സഹപാഠികളിൽ

നിന്ന് സമ്പാദിച്ച വിവരങ്ങൾ ഇങ്ങനെ സമാഹരിക്കുന്നു: ''അദ്ദേഹം എല്ലാ സഹപാഠികളോടും സ്നേഹത്തോടും ഉപവിയോടുംകൂടെ പെരുമാറിയിരുന്നു യുവജനങ്ങളിൽ സാധാരണ കാണാറുള്ള ദേഷ്യം, വിദ്വേഷം എന്നിവയുടെ ലാഞ്ചനപോലും ചാവറയിൽ ദൃശ്യമായിരുന്നില്ല'' (P. LX).

''സഹോദരസ്നേഹത്തിൽ അദ്ദേഹം സമുന്നത മാതൃക നൽകിയിരുന്നു'' ഇതാണ് രണ്ടാമത്തെ ചരിത്രകാരനായ പോരൂക്കര കുറിയാക്കോസ് ഏലിയാസച്ചന് ലഭിച്ച സാക്ഷ്യങ്ങളുടെ സംക്ഷേപം.
(P. LIX)

## വ്യക്തികളെ വിലയിരുത്തുന്നതിൽ സത്യസന്ധത

അപരാധികളെന്ന് പൊതുവെ കരുതപ്പെട്ടിരുന്നവരെപ്പററി നന്നായി വിചാരിക്കാനുള്ള ന്യായങ്ങൾ എടുത്തുകാണിക്കുവാൻ ചാവറയ്ക്ക് നിഷ്ഠയുണ്ടായിരുന്നു. ഉദാഹരണം: മെനേസീസ് മെത്രാപ്പോലീത്തായും ചില പോർത്തുഗീസ് മിഷനറിമാരും ഈശോസഭക്കാരും സീറോ മലബാർ റീത്തുകാരെ പോർത്തുഗീസ് ഭരണത്തിൻകീഴ് കൊണ്ടുവരാൻ പരിശ്രമിച്ചു. ചില ലത്തീൻപാരമ്പര്യങ്ങൾ സീറോ മലബാർ ആരാധനക്രമത്തിൽ നടപ്പാക്കാൻ ശ്രമിച്ചു എന്നെല്ലാമുള്ള വസ്തുതകൾ, മലയാളികളുടെ ഇടയിൽ അവരോട് വിരോധം ഉളവാക്കിയിരുന്നു ചാവറയാകട്ടെ, അതെല്ലാം അറിയാമായിരുന്നിട്ടും, തന്റെ സഭാംഗങ്ങളുടെ ശ്രദ്ധ അവർ ചെയ്ത നൻമയിലേയ്ക്ക് തിരിക്കുന്നു. അദ്ദേഹം കുറിക്കുന്നു: ''ഒരു കാര്യം

നിങ്ങൾ ഓർമ്മിക്കണം. മെനേസിസ് മെത്രാപ്പോലീത്തായോടും, പോർത്തുഗീസ് ഭരണത്തിൻകീഴുള്ള മററുള്ളവരോടും, ഈശോസഭക്കാരോടും നന്ദിയുള്ളവരായിരിക്കാൻ നമുക്ക് കടമയുണ്ട്. നമ്മുടെ പിതാക്കൻമാർ അറിയാതെ, നെസ്തോറിയൻകാരുടെ തെററിൽ അകപ്പെട്ടപ്പോൾ, അവർ നമ്മെ സഹായിച്ചു. നാം (സീറോ മലബാർ റീത്തുകാർ) അവരെ വെറുത്തിരുന്നു. ഉപവിയുടെ ഐക്യത്തിൽ അവരെ നാം ചേർത്തിരുന്നില്ല. അത് നമ്മുടെ അനാസ്ഥയായിരുന്നോ അഥവാ അവരുടേതായിരുന്നോ എനിക്കറിഞ്ഞുകൂടാ. ഭാവിയിൽ ഇങ്ങനെ സംഭവിക്കരുത്''

(P. LX).

## തെററുകാരുടെയും സത്പേരിൽ ദത്തശ്രദ്ധ

തൻെറ പ്രതിപാദനങ്ങളിൽ, മററുള്ളവർക്ക് അപമാനം വരരുതെന്നും,ചാവറയ്ക്ക് നിർബന്ധമുണ്ടായിരുന്നു. റോക്കോസ് ശീശ്മയെപ്പററി പ്രതിപാദിക്കുമ്പോൾ, കുടക്കച്ചിറ അന്തോണിയച്ചനെപ്പററി പ്രസ്താവിക്കുന്നതിന് ആമുഖമായി അദ്ദേഹം എഴുതുന്നു: ''ഇവിടെ എൻെറ ഹൃദയവും ഈളവൽ പിടിച്ചിരിക്കുന്ന കരങ്ങളും വിറയ്ക്കുന്നു. കാരണം, ഞാൻ കണ്ടതും കേട്ടതും മാത്രമേ എഴുതുന്നുള്ളുവെങ്കിലും, അതുവഴി, അദ്ദേഹത്തിനു കുറെ മാനക്കേടു വരാൻ പാടുണ്ട്. അല്ലെങ്കിൽ കേൾക്കുന്നവർ ഞാൻ ഉദ്ദേശിക്കുന്നതിലും കൂടുതലായി വ്യാഖ്യാനം നൽകിയെന്നു വരാം. എങ്കിലും, പലർക്കും ആത്മനാശം വരുത്തിവച്ചതും, വരുത്തിക്കൊണ്ടിരിക്കുന്നതും, ഭാവിയിൽ വരുത്താവുന്നതുമായ വലിയ ദുർഭഗത

എൻെറ ജ്യേഷ്ഠാനുജൻമാർക്ക് ഇനിയെങ്കിലും വരാതിരിക്കാൻ ഇടയാകണം എന്നുമാത്രമാണ് എൻെറ ഉദ്ദേശ്യം. അതിനാൽ, എൻെറ മാനുഷിക ബലഹീനതയാൽ, ഇടത്തോട്ടോ വലത്തോട്ടോ ചാഞ്ഞ്, ഇതിൽ എനിക്ക് തെററു ഭവിക്കാതിരിക്കുവാൻ എന്നെ കാത്തുകൊള്ളണമെന്ന് കാവൽമാലാഖയോട് അപേക്ഷിച്ചുകൊണ്ട് സംക്ഷേപമായി പ്രസ്താവിക്കുന്നു.'' (നാളാ. pp 183-184)

മാത്രമല്ല, നാളാഗമത്തിൽ താൻ കുറിക്കുന്നത് ആരുടെയെങ്കിലും പേരിന് കളങ്കം വരുത്തുമെന്ന് തോന്നിയാൽ, ചാവറ അങ്ങനെയുള്ളവരുടെ പേരുകൾ വിട്ടുകളയുമായിരുന്നു. 1855_ൽ, സഭയിൽ വ്രതം ചെയ്യുന്നതിനു ഒരുങ്ങി വന്നവരിൽ പകുതിയോളം പേർ, നിയമകാർക്കശ്യത്തിൻെറ പേരിൽ തിരിച്ചുപോയ വിവരം ചാവറ, കുറിക്കുന്നതു ഇങ്ങനെയാണ്: ''അവർ സന്യാസജീവിതം ഉപേക്ഷിച്ചു. അതിനാൽ അവരുടെ പേരുകൾ ഇവിടെ നല്കുന്നില്ല'' (p. LX).

**അനുരഞ്ജനസേവനം:**

പല അവസരങ്ങളിലും, പരസ്പരധാരണയില്ലാതെ, അസമാധാനത്തിൽ കഴിഞ്ഞിരുന്നവർക്ക് സമാധാനം തിരിച്ചുനല്കാൻ വാ. ചാവറ പരിശ്രമിച്ചിരുന്നു.

മാന്നാനത്തെ പെരുമാലിൽ കുടുംബം, ചില മുൻവിധികൾമൂലം, സ്ഥലത്തെ ആശ്രമവുമായി,

കുറെനാരം ശത്രുതയിൽ കഴിയുവാൻ ഇടയായി. ആ കുടുംബാംഗങ്ങളിൽ ഒരാളെ സഭയിൽ നിന്നു പിരി ച്ചുവിട്ടതാണ് പ്രധാന കാരണം. ചാവറ ആ കുടും ബത്തിൽ ചെന്ന്, ശാന്തമായി വസ്തുതകരം ധരിപ്പി ച്ച്, അവരെ ആശ്രമവുമായി രമ്യപ്പെടുത്തി (P LX1).

ഒരവസരത്തിൽ, ചാവറയുടെ ആത്മപിതാവായി രുന്ന ലെയോപ്പോരംദ് മിഷനറിയും വികാരി അപ്പ സ്തോലിക്കാ മോൺ. ബച്ചിനേല്ലിയും, എന്തോ തെ റ്റിദ്ധാരണ നിമിത്തം, മനസ്സുകൊണ്ട് അകന്നു പോയി. ചാവറ വിനയപൂർവ്വം അവരെ അനുരഞ്ജ നപ്പെടുത്താൻ ശ്രമിച്ചു. തൽഫലമായി ലെയോപ്പോരം ദ് മിഷനറി, രോഗശയ്യയിലായിരുന്ന വികാരി അപ്പ സ്തോലിക്കായെ, ആദരപൂർവ്വം ശുശ്രൂഷിക്കാൻ തു ടങ്ങി (P. LX1).

മി. മാത്തൻ കളപ്പുര, ആശ്രമവസ്തുക്കരം കൈ കാര്യം ചെയ്യുന്നതിൽ വരുത്തിയ നഷ്ടങ്ങരംമൂലം, ആശ്രമം സിവിൽ കോർട്ടിൽ കേസു കൊടുക്കാൻ നിർ ബന്ധപ്പെട്ടു. തന്മൂലം മി. മാത്തൻ പല നഷ്ട ങ്ങളും സഹിക്കേണ്ടിവന്നു. അദ്ദേഹത്തെ രമ്യപ്പെടു ത്താൻ, ചാവറ സാദ്ധ്യമായ പരിശ്രമമെല്ലാം ചെയ് തുവെങ്കിലും, അവയെല്ലാം വിഫലമാവുകയാണു ണ്ടായത് (P.LX1).

ഇടവകകളിൽ ജനങ്ങരം തമ്മിലോ, ജനങ്ങളും വികാരിമാരും തമ്മിലോ വഴക്കുണ്ടാകുമ്പോരം, പല പ്പോഴും ചാവറയെയാണ് അതു തീർക്കുവാനായി

വൈദികമേലദ്ധ്യക്ഷന്മാർ നിയോഗിച്ചയച്ചിരുന്നത്.

ദൈവജനത്തെ പൊതുവായും, സ്വന്തസഭാംഗങ്ങളെ പ്രത്യേകമായും സഹോദരസ്നേഹത്തിൽ വളർത്തിയെടുക്കുവാൻ, ചാവറ തന്റെ പ്രസംഗങ്ങളും ഉപദേശങ്ങളും വഴി സർവ്വാത്മനാ പരിശ്രമിച്ചു. കുടുംബനായകന്മാർക്ക് അദ്ദേഹം നല്കുന്ന ഉപദേശത്തിന്റെ ഒരു ഭാഗം: ''മക്കളോട് അധികകാഠിന്യവും അധിക കാരുണ്യവും തിന്മയാണ്. അതിവാത്സല്യം നിഗളവും, അധികകോപവും ശിക്ഷയും നിരാശയും...അവർക്കു വരുത്തും......പിള്ളപ്പട എന്നു പറയുന്ന വഴക്ക് നിങ്ങൾ ഉണ്ടാക്കരുത്. തങ്ങളുടെ മക്കളെ മറ്റൊരുവൻ അപമാനിച്ചു; മററു കുഞ്ഞുങ്ങൾ തല്ലി-ഇങ്ങനെയുള്ളവ ഗൗരവമായി ഗണിക്കുന്ന കാരണവന്മാരും പൈതങ്ങൾതന്നെ.'' (''കുടുംബക്രമം,'' എഴു. pp.148–9 ന. 9,13)

തന്റെ സഭാംഗങ്ങൾക്കുള്ള മരണശാസനയിൽ, അദ്ദേഹം ഇങ്ങനെ എഴുതി: ''പ്രിയമുള്ള സഹോദരന്മാരേ, ഓരോ ആശ്രമങ്ങളുടെയും വികാരിമാർ, യഥാർത്ഥ ഉപവിയും കൂട്ടായ്മയും ഉള്ളവരായിരിക്കണം. ആശ്രമങ്ങൾ എത്ര വർദ്ധിച്ചാലും, ഒരു കുടുംബം, ഒരേ ഉദരത്തിൽ നിന്ന് പിറന്ന്, അതേ തള്ളയുടെ പാൽകുടിച്ച് വളർന്നവർ എന്നപോലെയുള്ള യഥാർത്ഥസ്നേഹത്തിന് ഭംഗം വരുത്താതെ അതിൽ ഉപരിയുപരി വർദ്ധിച്ചുവരണം.'' (എഴു. p. 100)

## ചാവറയുടെ സമൂഹം സ്നേഹസമൂഹം

ചാവറയും സഭാംഗങ്ങളും ഇതേവിധം സ്നേഹത്തിൽ വളർന്നുവരുന്നതുകണ്ട് സംതൃപ്തനായ ലെയോപ്പോൾഡ് മിഷനറി അത് ഇങ്ങനെ സാക്ഷ്യപ്പെടുത്തി: ''എനിയ്ക്ക് വാസ്തവത്തിൽ സാക്ഷ്യപ്പെടുത്താൻ സാധിക്കും, ഞാൻ അവരുടെ നേതൃത്വം വഹിച്ച പത്തുവർഷം (1860_1870) ഈ പുണ്യത്തിനെതിരായി പ്രസ്താവ്യമായ യാതൊരു പോരായ്കയും ഞാൻ കണ്ടിട്ടില്ലെന്ന്'' (P.LX11).

## ഉപകാരികളോട് കൃതജ്ഞത

തന്റെ മരണപത്രികയിൽ സഭ മുഴുവനുമോ, ഓരോ ആശ്രമമോ പ്രത്യേകവിധം നന്ദി പ്രദർശിപ്പിക്കേണ്ട വ്യക്തികളുടെയും കുടുംബങ്ങളുടെയും ഒരു പട്ടിക തന്നെ ചാവറ രേഖപ്പെടുത്തിയിട്ടുണ്ട്.

മററുള്ളവരിൽ നിന്ന് ലഭിച്ച സേവനങ്ങളെ ചാവറ അതിയായി മതിച്ചിരുന്നു. പ്രവർത്തനങ്ങളുടെ വിജയം തനിയ്ക്ക് എന്നതിനെക്കാൾ സഹപ്രവർത്തകർക്ക് നല്കുക ചാവറയുടെ പ്രത്യേകതയായിരുന്നു (P. LX11).

## കീഴുള്ളവരോട് പരിഗണന

1855_ൽ കർമ്മലീത്താ നിയമാവലി, പുതിയ സഭയുടെ അനുഷ്ഠാനത്തിനായി നല്കപ്പെട്ടപ്പോൾ, തന്റെ കീഴുള്ളവരുടെ പ്രകൃതിയ്ക്കും സ്വഭാവത്തിനും അത് അനുയോജ്യമാവില്ല എന്ന വസ്തുത, സ

ത്വരമായിത്തന്നെ ചാവറ രൂപതാധികാരിയെ അറിയിച്ചു.

പാറപ്പുറത്ത് വർക്കിയച്ചൻ തന്റെ നാളാഗമത്തിൽ വിവരിക്കുന്ന ഒരു സംഭവം: അപ്രേം കളത്തിലച്ചന്റെ മാതുലൻ മരണാസന്നനായിരിക്കേ, കളത്തിലച്ചൻ രോഗിയെ ചെന്നു കാണാൻ ആഗ്രഹിച്ചു. പ്രൊവിൻഷ്യലിന്റെ ദലഗാത്തായിരുന്ന ലെയോപ്പോൾഡ് മിഷനറി അനുവാദം നിഷേധിച്ചു. കേരളത്തിൽ, രക്തബന്ധുക്കളുടെ പ്രകൃതി കൂടുതൽ അടുത്തറിയാമായിരുന്ന ചാവറ, സഭയുടെ തന്നെ ലക്ഷ്യവും കൂടി കണക്കിലെടുത്ത്, പ്രസ്തുത അനുവാദം നല്കേണ്ടതാണെന്ന് ചൂണ്ടിക്കാണിച്ചു. മിഷനറി തന്റെ നിശ്ചയത്തിൽ ഉറച്ചുനിന്നുകൊണ്ട്, കാര്യം സമൂഹത്തിന്റെ വോട്ടിനു സമർപ്പിച്ചു. മിഷനറി ഒഴികെ മറ്റെല്ലാവരും ചാവറയുടെ തീരുമാനം ശരിവച്ചു (P. LX11).

പ്ലാശനാൽ ആശ്രമം സഭയെ ഏല്പിക്കാനുള്ള വൈദികമേലദ്ധ്യക്ഷന്റെ ആഗ്രഹത്തെ, അവിടെ താമസിക്കേണ്ടിവരുന്ന തന്റെ കീഴുള്ളവരുടെ ആരോഗ്യം പരിഗണിച്ച് ചാവറ നിരുത്സാഹപ്പെടുത്തിയതും, പിതാവിന്റെ മറിച്ചുള്ള തീരുമാനത്തെ അദ്ദേഹം ബഹുമാനിച്ചതും, അനന്തരദുരന്തത്തിന്റെ അനുഭവത്താൽ നിർബന്ധിതനായി, പിതാവ് പ്ലാശനാൽ ഉപേക്ഷിക്കുവാൻ സഭയ്ക്കു നിർദ്ദേശം നല്കിയതുമെല്ലാം, തന്റെ കീഴുള്ളവരോട് ചാവറയ്ക്കുണ്ടായിരുന്ന പരിഗണനയുടെ സാക്ഷ്യവും കൂടിയായിരുന്നു.

1870-ൽ ചാവറയ്ക്ക് കുറെ നല്ല മാങ്ങ കിട്ടി. അതിൽ ചിലത് കൂനമ്മാവിൽ നിന്ന് മാന്നാനത്തേയ്ക്ക് അയച്ചുകൊടുത്ത്, അത് എല്ലാവരും രുചിക്കണമെന്ന് നിർദ്ദേശം നൽകുന്നതും, അതുപോലെ കൂനമ്മാവു മഠത്തിലേയ്ക്കും അയച്ചുകൊടുത്ത് നിർദ്ദേശം നൽകുന്നതും, കീഴുള്ളവരോടുള്ള ചാവറയുടെ വാത്സല്യത്തിന്റെ മൃദുലത വെളിപ്പെടുത്തുന്നുണ്ട് (P. LX111).

## തെററുതിരുത്തൽ

ഇതേ സ്നേഹചൈതന്യത്തിൽ കീഴുള്ളവരെ തിരുത്തുന്നതിലും ചാവറയുടെ മാതൃക മികച്ചു നില്ക്കുന്നു. സർക്കുലർ എഴുത്തുകളിൽ (ലെയോപ്പോൾഡ്, ജെരാർദ് മിഷനറിമാർ പ്രൊവിൻഷ്യൽ ഡെലഗാത്തുമാർ പ്രിയോരായ വാ. ചാവറയോടുകൂടി അയച്ചവയിൽ) പൊതുജീവിതത്തിൽ സഭാംഗങ്ങൾ തിരുത്തേണ്ട പോരായ്കകൾ സാദരം എടുത്തുകാണിക്കുന്നു. മാന്നാനം ആശ്രമാധിപനായിരുന്ന പോരൂക്കര എലിസേവൂസച്ചനെ ശാസിക്കുന്നതിൽ ചാവറ പ്രദർശിപ്പിക്കുന്ന നയവും മനോഹരമാണ്. അത് വിശദമായി അന്യത്ര ചേർത്തിട്ടുണ്ട് (P. LX111).

## രോഗികളോട് അനുകമ്പ

സ്ക്കറിയാ അപ്രേം കളത്തിലച്ചൻ മാന്നാനം നാളാഗമത്തിൽ ഇങ്ങനെ കുറിച്ചിരിക്കുന്നു: ''പ്രിയോരച്ചൻ (ചാവറ) ഇവിടെ ആയിരുന്നപ്പോൾ, ദിവസേന അദ്ദേഹത്തെ (രോഗിയായിരുന്ന നെല്ലിശ്ശേരിയച്ചനെ) സന്ദർശിച്ച്, ദീർഘനേരം ആദ്ധ്യാത്മികകാ

ര്യങ്ങളെപ്പററി സംസാരിക്കുക പതിവായിരുന്നു. ഈ രണ്ടു പിതാക്കന്മാരും (അപരൻ: മോൺ. ബച്ചിനേല്ലി) രോഗികളോട് വളരെ കരുണയുള്ളവരായിരുന്നു; സാന്ത്വനവചനങ്ങൾകൊണ്ട് അവരെ സമാശ്വസിപ്പിച്ചിരുന്നു: അതിന്, ഈയുള്ളവൻ തന്നെ അനുഭവസ്ഥനാണ്'' (P. LXII).

വളരെ ബദ്ധപ്പാടുള്ള ജോലികളിൽ വ്യാപൃതനായിരിക്കുമ്പോഴും, ചാവറ, ഇടയ്ക്കിടയ്ക്ക് രോഗികളെ സന്ദർശിക്കാനും, അവരെ ആശ്വസിപ്പിക്കാനും ഓടിയെത്തും. ആലപ്പുഴ ന്യായാധിപൻ ചാവറയെ അദ്ദേഹത്തിൻെറ വസതിയിലേയ്ക്ക് ഒന്ന് ചെല്ലണമെന്നഭ്യർത്ഥിച്ച വാർത്തയോടുകൂടിത്തന്നെ മിഷനറിയായിരുന്ന ജോസഫ് ഏലിയാസച്ചൻ ധ്യാനം പ്രസംഗിച്ചിരുന്ന പള്ളിയിൽ, തീരെ അവശനായിക്കിടക്കുന്നു എന്ന വാർത്തയും ചാവറയ്ക്കു ലഭിച്ചു. ആദ്യമേതന്നെ, ചാവറ പ്രസ്തുത പള്ളിയിൽ ച്ചെന്ന് രോഗിയെ ആശുപത്രിയിലേയ്ക്കു കൊണ്ടുപോയി, ആവശ്യമായ എല്ലാ സേവനവും നല്കുന്നതിന് ഏർപ്പാടുകൾ ചെയ്തു. തന്മൂലം, ഒരു ദിവസം വൈകി മാത്രമേ ന്യായാധിപൻെറ വസതിയിലെത്താൻ സാധിച്ചുള്ളു (P. LXIII).

തെക്കൻ പള്ളിപ്പുറത്ത് വികാരിയായിരിക്കെ, ചാവറ സ്വന്തജീവൻ അപകടത്തിലാക്കിക്കൊണ്ടുതന്നെ വസൂരി ദീനം പിടിച്ച ഒരു ഇടവകക്കാരന് അന്ത്യശുശ്രൂഷകൾ നല്കുവാൻ പുറപ്പെട്ടു. ബന്ധപ്പെട്ട പലരും അദ്ദേഹത്തെ ആ സാഹസത്തിൽ നിന്ന് പിന്തിരിയാൻ ഉപദേശിച്ചു. യുവവൈദികനായിരു

ന്ന ചാവറ, അതിനൊന്നും വഴിപ്പെടാതെ, അത് തന്റെ കർത്തവ്യമാണെന്നും ദൈവം സഹായത്തിനുണ്ടാകുമെന്നും പറഞ്ഞ്, രോഗിയുടെ പക്കലെത്തി; അയാൾക്കു കൂദാശകൾ നല്കി. അയാൾ മരിക്കുന്നതുവരെ അയാളെ ആശ്വസിപ്പിച്ച്, അന്ത്യയാത്രക്കായി അവസാനം വരെ സഹായിച്ചു. മരണശേഷം മാത്രമേ തിരിച്ചെത്തിയുള്ളു (P. LXIV).

1843-ൽ, ചാവറ മാന്നാനത്ത് നൽമരണസഖ്യം സ്ഥാപിച്ചു. 1869-ൽ കൈനകരിയിലും സ്ഥാപിച്ചു. സഖ്യാംഗങ്ങളുടെ കടമകളിൽ ഒന്ന് സമീപപ്രദേശത്തുള്ള രോഗികളെ സന്ദർശിക്കുക, അവരെ നല്ല മരണത്തിന് ഒരുക്കുക എന്നിവയായിരുന്നു.

കൈനകരിയിലെ സഖ്യത്തിന് ഒരു പ്രത്യേക കടമകൂടിയുണ്ടായിരുന്നു. ഒരു ഉപവിഭവനം നിർമ്മിച്ച്. അതിൽ ഭിക്ഷുക്കളെയും, രോഗികളെയും അനാഥരെയും സ്വീകരിച്ച്, അവരെ ശുശ്രൂഷിക്കുക. ഈ ഭവനം ഇപ്പോഴും നിലനില്ക്കുന്നു. അതിന്റെ പിന്നോടികൾ ഇന്ന് കേരളത്തിൽ പല സ്ഥലങ്ങളിലും ഉയർന്നുവന്നിട്ടുണ്ട് (P. LXIV).

## പാവപ്പെട്ടവരോട് പ്രത്യേക പരിഗണന

1843-ൽ, മാന്നാനത്ത് സ്ഥാപിതമായ നൽമരണസംഖ്യം സംബന്ധിച്ച സർക്കുലറിൽ ഇങ്ങനെ കാണുന്നു: "ഇവരെപ്പററി (തിരുക്കുടുംബത്തെപ്പററി) ധ്യാനിച്ച്, വി. യൗസേപ്പിന്റെ മരണത്തിരുനാൾ ദിവസം, (മാർച്ച് 19-ാം തീയതി), ഒരു പുരുഷനും,

സ്ത്രീയ്ക്കും, ശിശുവിനും, ഭക്ഷണവും വസ്ത്രങ്ങളും കൊടുക്കുവിൻ.''

ഈ ഉപവി പ്രവൃത്തി സുകരമാക്കാൻവേണ്ടി സഖ്യാംഗങ്ങൾ, 100 ചക്രം സംഭാവന ചെയ്യണമെന്ന നിർദ്ദേശം നൽകി.

1869-ൽ കൈനകരിയിലെ നൽമരണസഖ്യത്തിനു കൊടുത്ത പ്രത്യേകനിർദ്ദേശം മുകളിൽപ്പറഞ്ഞ ഉപവീഭവനസ്ഥാപനമായിരുന്നു.

1865-ൽ ചാവറ മാന്നാനം സന്ദർശിച്ചപ്പോൾ, അവിടെ അനേകം അനാഗതർ മതപഠനത്തിനു വന്നിരുന്നതായി കണ്ടു. അവർ അകലെനിന്നു വന്നിരുന്ന പാവപ്പെട്ടവരായിരുന്നതുകൊണ്ട്, അവർക്ക് ഉച്ചഭക്ഷണം കൊടുക്കണമെന്ന് ആശ്രമാധിപന് നിർദ്ദേശം നൽകി.

വേറൊരവസരത്തിൽ മാന്നാനത്ത് വന്നപ്പോൾ, പ്രസ്തുത പാവപ്പെട്ടവർക്ക് വസ്ത്രം നൽകുന്നതിനായി, പിടിയരി പിരിച്ചെടുത്ത വകയിൽനിന്ന് 1,000 ചക്രം കൊടുത്തേൽപ്പിച്ചു.

മി. ചക്രപ്പമ്പിൽ, നാമകരണക്കോടതി മുമ്പാകെ നൽകിയ സാക്ഷ്യം: അദ്ദേഹത്തിന്റെ മാതുലൻ ഒരു നാരായണപ്പണിക്കർക്ക് കുറെ നെല്ല് പലിശയ്ക്കു കൊടുത്തിരുന്നു. കടക്കാരൻ പിന്നീട് കുറെ തിരിച്ചടച്ചുവെങ്കിലും, ബാക്കി അടയ്ക്കുന്നതിനുള്ള കഴിവില്ലാതെ വിഷമിക്കുന്ന വിവരം ചാവറയെ അ

റിയിച്ചു. ചാവറ ഉടനെ മാതുലന് ഒരെഴുത്തുകൊടു ത്തയച്ചു: ''തോമസേ, പ്രിയ മകനേ, ഉപവിയെപ്രതി കടം ഇളച്ചുകൊടുക്കുക. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ!'' മാതുലൻ അതുകിട്ടിയ ഉടനെ കടം ഇളച്ചുകൊടുത്തു (P. LXV).

ജീവചരിത്രകാരനായ പോരൂക്കരയുടെ സാക്ഷ്യം: പ്രിയോരച്ചൻ ധനികൻമാരിൽനിന്ന് പിരിച്ചെടുത്ത ദാനധർമ്മംകൊണ്ട് പാവപ്പെട്ടവരെ സഹായിച്ചിരുന്നു.

മാന്നാനം ആശ്രമനാളാഗമത്തിൽനിന്ന് വിശദമാകുന്നുണ്ട്, ആശ്രമങ്ങൾ ആറുശതമാനത്തിലധികം പലിശ ഈടാക്കരുതെന്ന് ചാവറ നിർദ്ദേശിച്ചിരുന്നുവെന്ന്. അക്കാലത്ത്, കേരളത്തിലെ സാധാരണ പലിശനിരക്ക് 12 ശതമാനമായിരുന്നു. (P. LXV)

## ശത്രുസ്നേഹം

സെമിനാരിജീവിതകാലത്തുതന്നെ, ശത്രുസ്നേഹത്തിന് ചാവറ സമുന്നതസാക്ഷ്യം നൽകി. ആസ്ഥപ്പാടുപട്ടം കഴിഞ്ഞുള്ള സ്വീകരണം നിഷേധിച്ച ചേന്നംകരി ഇടവക വികാരിയോടുള്ള തന്റെ സമീപനംവഴി, ചാവറ നൽകിയ മാതൃക ഈ പംക്തിയുടെ രണ്ടാംപുസ്തകം പരാമർശിക്കുന്നുണ്ട്. പട്ടംകഴിഞ്ഞ് പുത്തൻകുർബാന ആ പള്ളിയിൽ ത്തന്നെ അദ്ദേഹം അർപ്പിച്ചു. വർഷംതോറും, പ്രധാന തിരുനാൾ ദിവസം, പ്രതിഫലം വാങ്ങാതെ, അവിടെ പ്രസംഗം നടത്തിപ്പോന്നു. പിന്നീട്, വി. യൗ

സേപ്പിൻെറ ഒരു രൂപവും ചാവറ ആ പള്ളിക്കു നൽകുകയുണ്ടായി. (P. LXV)

മാന്നാനം ആശ്രമത്തിൻെറ നിലം കൃഷിചെയ്തിരുന്ന കളപ്പുര മാത്തൻെറ കാര്യവും ഇതിനകം പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. അയാൾ ചാവറയെ അത്യധികം ശല്യപ്പെടുത്തി; വഞ്ചനാപരമായി അദ്ദേഹത്തെ കോടതിയിൽ കയററി. പക്ഷേ വിധി അയാൾക്കു വിരോധമായിരുന്നു. അയാളുമായി രമ്യപ്പെടുന്നതിനുള്ള ശ്രമം വിഫലമായെങ്കിലും, മരണപത്രത്തിൽ, മാത്തൻെറ കുടുംബത്തിന് സാധിക്കുന്ന സഹായം ചെയ്തുകൊടുക്കണമെന്ന് മാന്നാനം ആശ്രമത്തിനു ചാവറ നിർദ്ദേശം നൽകി. ''മാന്നാനം ആശ്രമത്തിൻെറ സഹോദരങ്ങൾ സാധ്യമായ സഹായം മാഞ്ഞൂരിലെ, മുട്ടത്തുപാടം ഇടവകക്കാരൻ കളപ്പുര മാത്തൻെറ കുടുംബത്തിന് ചെയ്തുകൊടുക്കണം. അതുവഴി അവർ കർത്താവിൻെറ ശിഷ്യർക്കനുയോജ്യമായ മാതൃകയായിരിക്കും നൽകുക.'' (P. LXVI)

**കേരളത്തിൽ**. റോക്കോസിന് എതിരെയുള്ള പ്രവർത്തനങ്ങൾക്കിടയിൽ, അദ്ദേഹത്തെ ചാവറ അപമാനിച്ചില്ല. എപ്പോഴും അദ്ദേഹത്തോട് ബഹുമാനപൂർവ്വം പെരുമാറി.

റോക്കോസ് ചാവറയെ എഴുത്തുവഴിയും ധിക്കാരപരമായ സംസാരം വഴിയും അവഹേളിച്ചപ്പോഴും, ചാവറയുടെ നിലപാടിൽ പ്രതികാരം ഒട്ടുംതന്നെ പ്രത്യക്ഷപ്പെട്ടില്ല.

''മാർ അവുദീശോ'' ആയിവന്ന തൊണ്ടനാട്ട് അന്തോനിക്കത്തനാരെയും (ഇദ്ദേഹമായിരുന്നു ശീശ്മയുടെ സാക്ഷാൽ പ്രേരകശക്തി) ചാവറ അപമാനിച്ചില്ല. അദ്ദേഹത്തെ മനസ്സുതിരിക്കാൻ പരിശ്രമിക്കുകയും 1865-ൽ (?) മനസ്തപിച്ചുവന്നപ്പോഠം, തിരുസഭയുമായി രമ്യപ്പെടുന്നതിനുള്ള ഒത്താശകഠം ചെയ്തുകൊടുക്കുകയും ചെയ്തു.

ഇതേ സ്നേഹമാണ് ക്രിസ്തീയകുടുംബങ്ങളിൽ രൂഢമൂലമാക്കാൻ ചാവറ പരിശ്രമിച്ചത്. കുടുംബങ്ങഠക്കു നല്കുന്ന ഉപദേശത്തിൻെറ ഒരു ഭാഗം: ''ഒരു കുടുംബത്തിൻെറ ഭാഗ്യവും ബഹുമാനവും, എല്ലാവരോടും സമാധാനത്തോടുകൂടെ ജീവിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്, പരസ്പരം പകരംവീട്ടാൻ മൃഗങ്ങഠക്കും കഴിയും. ക്ഷമിക്കുക, പൊറുക്കുക എന്നിവ മഹാന്മാരുടെയും, ധീരന്മാരുടെയും, വിവേകികളുടെയും പ്രത്യേകതയാണ്'' (P. LXVI–LXVII).

## ആത്മരക്ഷയിൽ തീക്ഷ്ണത

സെമിനാരിയിൽ പ്രവേശിച്ചതുമുതൽ ചാവറയിലെ ദൈവസ്നേഹം ആത്മരക്ഷയിലുള്ള തീക്ഷ്ണതയിലൂടെ പ്രശോഭിക്കുവാൻ തുടങ്ങി. ദൈവശാസ്ത്രപഠനത്തെപ്പററി ജീവചരിത്രകാരനായ ലെയൊപ്പോഠഡ് മിഷനറിയുടെ പ്രസ്താവന: ''തദനന്തരം (ആസ്ഥപ്പാടുപട്ടത്തിനുശേഷം) ജ്ഞാനരഹിതനായ വൈദികൻ മററുള്ളവർക്ക് ആദ്ധ്യാത്മിക നന്മയ്ക്ക് ഉപകരിക്കുന്നില്ല എന്നു മാത്രമല്ല അവ

രുടെ നിത്യമരണത്തിനുതന്നെ കാരണമാകും എന്നു മനസ്സിലാക്കിയ നമ്മുടെ യുവവിദ്യാർത്ഥി, പഠനത്തിൽ ഉപരിതീക്ഷ്ണതയോടെ, ദൈനംദിനം, സാധിക്കുന്നത്ര ജ്ഞാനസമ്പാദനം വഴി, ദൈവശുശ്രൂഷയിൽ വ്യാപൃതനാകുവാൻ ശ്രമിച്ചു'' (P. LXVII).

തെക്കൻ പള്ളിപ്പുറത്തെ പകർച്ചവ്യാധിക്കാരനുവേണ്ടി ചെയ്ത ധീരസേവനം, മാന്നാനത്തെയും കൈനകരിയിലെയും നൽമരണസഖ്യസ്ഥാപനം, അനാഗതരായ മതപഠനക്കാർക്ക് ഭക്ഷണവും വസ്ത്രവും നല്കുന്നതിനു ചെയ്ത മുൻകരുതലുകൾ, എന്നല്ല വന്ധ്യയായ കേരളസഭയെ വന്ധ്യതയിൽ നിന്ന് സമുദ്ധരിക്കുന്നതിനായി, സെമിനാരിപ്രവേശനം മുതൽ മരണംവരെയും ചാവറ ചെയ്ത ബഹുമുഖപ്രവർത്തനങ്ങൾ എല്ലാംതന്നെ ആത്മരക്ഷയിലുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണതയുടെ ഉജ്ജ്വലസാക്ഷ്യങ്ങളാണ്.

## തീക്ഷ്ണതയുടെ ഉറവിടം ദൈവസ്നേഹം

ഈ തീവ്രമായ തീക്ഷ്ണതയുടെ ഉറവിടം ചാവറയിൽ നിറഞ്ഞുനിന്ന ദൈവസ്നേഹമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളാണ് അതിനു സാക്ഷ്യം നല്കുക.

മാന്നാനം നാളാഗമത്തിൽ, ഒരു നവംബർ 1-ാം തീയതിയിലെ കുറിപ്പിൽ ഇങ്ങനെ കാണുന്നു:'' സകലവിശുദ്ധരുടെ തിരുനാൾ സംബന്ധിച്ച് പെ. ബ. പ്രിയോരച്ചൻ പള്ളിയിൽ ചെയ്ത പ്രസംഗം വിശ്വാസികളെ അത്യധികം സ്പർശിച്ചു.'' വേറൊ

രു ഭാഗത്ത് ഇങ്ങനെ കുറിച്ചിരിക്കുന്നു: ''പ്രിയോരച്ചൻ മേയ്മാസത്തിൽ അനേകം പ്രസംഗങ്ങൾ ചെയ്തു. തന്മൂലം അക്കൊല്ലം വളരെ ആളുകൾ വണക്കമാസത്തിൽ പങ്കുചേർന്നു'' (P. LXVII).

ബ്ര. റോക്കിയുടെ കുറിപ്പുകളുടെ സാക്ഷ്യം: ''പ്രിയോരച്ചൻ റോക്കോസ് ശീശ്മകാലത്ത്, പുത്തൻ ചിറയിൽ പലപ്രാവശ്യം പ്രസംഗിച്ചു. രണ്ടോ മൂന്നോ പ്രസംഗങ്ങൾ കഴിഞ്ഞപ്പോൾ, അനേകർ തിരുസഭയോടു പുനരൈക്യപ്പെട്ടു.'' (P. LXVIII)

മഞ്ഞുമ്മേൽ ലൂവീസച്ചന്റെ ഓർമ്മക്കുറിപ്പുകൾ ഇങ്ങനെ സാക്ഷിക്കുന്നു: ''മിഷൻ വാർത്തകൾ നൽകുന്ന മാസികകളും തമിഴുപുസ്തകങ്ങളും അദ്ദേഹം ശ്രദ്ധാപൂർവ്വം വായിച്ച് ആ വിവരങ്ങൾ വഴി വിശ്വാസികളിൽ, വിശ്വാസപ്രചാരണത്തിൽ തീക്ഷ്ണത ഉളവാക്കിയിരുന്നു.'' (P. LXVIII)

ലെയോപ്പോൾഡ് മിഷനറി, റോമിലെ കർമ്മലീത്താ പ്രിയോർ ജനറാളിന് ഇങ്ങനെ എഴുതി (1870-ൽ): ''സീറോ ബാബിലോണിയനായ മോൺ. റോക്കോസ് ആരംഭിച്ച നിർഭാഗ്യകരമായ ശീശ്മയുടെ സാഹചര്യത്തിൽ, ഈ സന്യാസികൾ, പ്രത്യേകിച്ച് അവരുടെ ഉന്നതസ്ഥാനീയായ സുപ്പീരിയർ-മൂന്നു സ്ഥാപകരിൽ ഒരാളായ മുൻപറഞ്ഞ ഫാ. കുറിയാക്കോസ് ഏലിയാസ്–എണ്ണമററ ക്രിസ്ത്യാനികൾക്ക്, ശക്തിയേറിയ തീക്ഷ്ണതയോടെ കാര്യങ്ങൾ വിശദീകരിച്ചുകൊടുത്തു. അവർക്ക് ക്രിസ്ത്യാനികൾക്കിടയിലുള്ള വലിയ മതിപ്പും സ്നേഹവും കാരണം

ശീശ്മക്കാരനായ മെത്രാൻെറ പദ്ധതി തകർത്തുകളഞ്ഞു. വികാരിയാത്തിൻെറ ഇടവകകളുടെ വലിയൊരു ഭാഗം ശീശ്മയോടു ചേരാൻ ഇടയായില്ലെങ്കിൽ, അതിനു കാരണം മതത്തോടും, ശരിയായ അധികാരത്തോടുമുള്ള അവരുടെ തീക്ഷ്ണതയായിരുന്നു. തദവസരത്തിൽ, സ്വകീയരായ ശീശ്മക്കാരിൽനിന്ന് അവർ സഹിക്കേണ്ടിവന്ന വൈരവും ഏഷണികളും വിവരിക്കുക സാദ്ധ്യമല്ല അവർ പ സിംഹാസനത്തോടും, വികാരി അപ്പസ്തോലിക്കായോടും മിഷനറിമാരോടും പ്രദർശിപ്പിച്ച അതിയായ വാത്സല്യവും അടുപ്പവും മൂലം, ശീശ്മക്കാർ തന്നെ അവരെ ''പ്രാപ്പഗാന്തക്കാർ'', ''റീത്തും സ്വരാജ്യവും പരിത്യജിച്ചവർ'' എന്നെല്ലാം വിളിച്ചിരുന്നു (P. LXVIII).

''ശീശ്മ അവസാനിച്ചപ്പോഴം, ചാവറതന്നെ സ്വന്തഅനുഭവം വച്ചുകൊണ്ട്, ഇനി ഈ ദുരന്തം കേരളത്തിൽ സംഭവിക്കാതിരിക്കാൻവേണ്ടി, ആ ചരിത്രം എഴുതിവച്ചുവെന്ന വസ്തുത മുമ്പേ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ.

ആലപ്പുഴ സിവിൽക്കോർട്ടിലെ ഒന്നാം ന്യായാധിപൻ ചാവറയുമായി നടത്തിയ സംഭാഷണത്തെപ്പററി അപ്രേം കളത്തിലച്ചൻ മാന്നാനം നാളാഗമത്തിൽ കുറിച്ചിരിക്കുന്ന ഭാഗവും ശ്രദ്ധേയമാണ്: ''ന്യായാധിപന് പ്രിയോരച്ചനിൽ സംതൃപ്തി തോന്നി. അവർ രണ്ടുമണിക്കൂറിലധികം സംഭാഷിച്ചു. പിന്നീട് പ്രിയോരച്ചൻ അതു സംബന്ധിച്ച് ഇങ്ങനെ പറഞ്ഞു: ക്രിസ്ത്യാനിയല്ലെങ്കിലും വളരെ പഠിപ്പും ധാർമ്മികഭദ്രതയുമുള്ള ആളാണ് അദ്ദേഹം.

അതുകൊണ്ട് അദ്ദേഹം ഒരു ക്രിസ്ത്യാനിയാകുവാൻ സാദ്ധ്യതയുണ്ട്!'' (P· LXVIII)

ദൈവാരൂപിയാൽ നിറഞ്ഞ വാ. ചാവറയെപ്പററി സമകാലീനർ പറഞ്ഞിരുന്നത് ബ്ര. മർസലീനൂസച്ചൻ (TOCD) ഇങ്ങനെ കുറിച്ചു: ''വളരെ ജോലികരം ഉണ്ടായിരുന്നിട്ടും, എപ്പോഴും എവിടെയും, കുമ്പസാരം കേരംക്കാൻ അദ്ദേഹം തയ്യാറായിരുന്നു. പലരും, സാധാരണയായി അദ്ദേഹത്തിൻെറ അടുക്കലാണ് പാപസങ്കീർത്തനം ചെയ്തിരുന്നത്.''

(P· LXIX)

വൈദികമേലദ്ധ്യക്ഷനും മിഷനറിമാരും, ചാവറയ്ക്ക് ആത്മരക്ഷയിലുള്ള ഈ തീക്ഷ്ണതയെ മുൻനിർത്തി, പാപികളെ മനസുതിരിക്കുവാനും മഹറോനിൽപ്പെട്ടവരെ അനുരഞ്ജിപ്പിക്കുവാനുമുള്ള അവസരങ്ങളിൽ അദ്ദേഹത്തിൻെറ സേവനം ആവശ്യപ്പെട്ടിരുന്നു.

ദൈവദാസനാകട്ടെ, ജീവിതം മുഴുവനും നീണ്ടുനിന്ന രോഗങ്ങരംക്ക് അധീനനായിരുന്നുവെങ്കിലും, ആത്മരക്ഷയുടെ കാര്യങ്ങരംക്കായി, സ്വന്തം ആരോഗ്യം അവഗണിച്ചുകൊണ്ടുപോലും, സേവനത്തിനു തയ്യാറായിരുന്നു. അത്യധികമായ ശാരീരികക്ഷീണം, അവഗണിച്ചുകൊണ്ടുപോലും, ആനക്കല്ല് ഇടവകയിലെ ചില വിപ്ലവകാരികളെ നേടിയെടുക്കാനായി അദ്ദേഹം ചെയ്ത സാഹസികയാത്രയെ നീതീകരിക്കാൻ ''എൻെറ നാമത്തെ പ്രതി സ്വജീവൻ പരിത്യജിക്കുന്നവൻ അതു കണ്ടെത്തും'' എന്ന ദിവ്യഗുരുവിൻെറ വചനങ്ങരംക്കുമാത്രമേസാധിക്കൂ.

(P· LXIX)

# II. സാൻമാർഗ്ഗിക പുണ്യങ്ങൾ

## i നീതി

ദൈവത്തിനും സഹജീവികൾക്കും അവരവരുടെ അവകാശം നൽകണമെന്ന നിഷ്ഠ വാ. ചാവറയ്ക്കുണ്ടായിരുന്നു.

**''100 രൂപ ന്യായമായി സമ്പാദിച്ചതോ?''** മഠം പണിക്കായി, ഒരാൾ നൽകിയ 100 രൂപ അയാൾ ന്യായമായി സമ്പാദിച്ചതാണോ എന്ന സംശയം ഉദിച്ചു. ലെയോപ്പോൾഡ് മിഷനറിയുമായി ആലോചിച്ചു കഴിഞ്ഞപ്പോൾ, ''അല്ലാ'' എന്ന അനുമാനത്തിലാണ് എത്തിച്ചേർന്നത്. അത്തരം പണം മഠംപണിയിൽ ഉപയോഗിക്കുവാൻ പററിയതല്ലാത്തതുകൊണ്ട്, രൂപതാധ്യക്ഷന്റെ അനുവാദത്തോടെ, അത് പാവപ്പെട്ടവർക്ക് സംഭാവന ചെയ്തു (P. LXIX).

**''നഷ്ടത്തേക്കാൾ വലുത് സത്യസന്ധത''** മാന്നാനം ആശ്രമത്തിന് ഒരു വലിയ സംഖ്യയുടെ കടംതിരിച്ചുകിട്ടാനുള്ള സാദ്ധ്യത കാലഹരണപ്പെട്ടുപോകാനുള്ള പ്രതിസന്ധി ഒഴിവാക്കാനായി, ആശ്രമ വക്കീൽ ഒരു രേഖയുണ്ടാക്കി, ചാവറയുടെ കൃത്രിമമായ കയ്യൊപ്പോടെ, കേസു കൊടുത്തു. ന്യായാധിപൻ ഒപ്പു സംബന്ധിച്ചുന്നയിക്കപ്പെട്ട സംശയം തീർക്കാൻ ചാവറയോട് നേരിട്ടു ചോദിച്ചു. ഒപ്പ് തന്റേതല്ലെന്ന് ചാവറ സാക്ഷിച്ചു. തന്മൂലം ആശ്രമത്തിനു പണം നഷ്ടപ്പെടുകയും വക്കീലിന് ശിക്ഷ ലഭിക്കുകയും ചെയ്തു. ഈ ദുർഭഗത തട

യാൻ ''ഹൃദയത്തിലുള്ള സത്യത്തെ നാവുകൊണ്ടു വഞ്ചിക്കുക'' ആ നീതിമാന് അസാദ്ധ്യമായിരുന്നു. (P. LXIX)

**വേലക്കാർക്ക് കൂലി.** ഇതു സംബന്ധിച്ച് ചാവറ കൈനകരിക്കാർക്കുകൊടുത്ത ''കുടുംബച്ചട്ട''ത്തിൽ ഇങ്ങനെ കാണുന്നു: ''വേലക്കാർക്ക് ന്യായമുള്ള കൂലികൊടുക്കാതിരിക്കുകയോ, താമസിപ്പിക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിൻ പക്കൽ നിലവിളിക്കുന്ന പാപമാകുന്നു.'' (ചട്ടം ന. 18. എഴു P. 143)

**കണക്കുകളിൽ കൃത്യത.** വാ. ചാവറയുടെ കണക്കു പുസ്തകങ്ങളുമായി പരിചയപ്പെട്ടിട്ടുള്ള, മാന്നാനത്തെ കണക്കെഴുത്തുകാരനായിരുന്നു ശങ്കരൻ ഇളയത്. അദ്ദേഹം നാമകരണക്കോടതിമുമ്പാകെ സാക്ഷിച്ചു, വെറും നിസ്സാരകാര്യങ്ങൾ പോലും കൃത്യമായി എഴുതുന്ന നിഷ്ഠ ചാവറയ്ക്കുണ്ടായിരുന്നുവെന്ന്.

**ദാനവിവരമെല്ലാം രേഖകളിൽ.** മാന്നാനം ആശ്രമത്തിന് അനേകം ദാനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയിൽ ചിലത് ദിവ്യബലിയർപ്പണത്തിനുള്ള കടമയോടുകൂടിയവയാണ്. ദാനധർമ്മങ്ങൾ ചെയ്യുന്നതിനുള്ള വ്യവസ്ഥകളും ചിലതിനുണ്ട്. ഇവയെല്ലാം ചാവറ കൃത്യമായി രേഖപ്പെടുത്തി, പിൻഗാമികൾക്ക് കൈമാറിയിട്ടുണ്ട്. (P.LXX)

**നന്ദിപ്രകടനം.** നിസാരസേവനങ്ങൾക്കു പോലും നന്ദിപ്രകടിപ്പിക്കുക വാ. ചാവറയുടെ സ്ഥിരനി

ഷ്ഠയായിരുന്നുവെന്ന് മുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ നിഷ്ഠ സഭാംഗങ്ങൾക്കും ഉണ്ടാകണമെന്ന ഉദ്ദേശ്യത്തോടെ അദ്ദേഹം മരണപത്രത്തിൽ ഇങ്ങനെ കുറിച്ചു: ''ഈ നാലുപേരെയും (സഭയുടെ രൂപീകരണത്തിൽ പ്രത്യേക പങ്കു വഹിച്ചിട്ടുള്ള മോൺ. ബെർണർദീൻ, ഫാ. ഫിലിപ്പോസ്, മാർസെലീനോസ്, ലെയൊപ്പോൾദ് എന്നീ നാലുപേരെ) പ്രത്യേകമായി, നന്ദിപൂർവ്വം, നമ്മുടെ ജപങ്ങളിൽ ഓർക്കാൻ കടമയുണ്ട്. ഇററലിയിലെ ആക്കുയിൽ എന്ന സ്ഥലത്തെ പേത്രുബെക്കാനെ എന്ന തറവാടിനെ പ്രത്യേകം ദൈവസമക്ഷം നിങ്ങൾ സ്മരിക്കണം...''
(എഴു. 101_102)

## അപരൻെറ സൽപ്പേര്

മററുള്ളവരുടെ നല്ല പേരിന് കോട്ടം വരാതെ, നാളാഗമം, ചരിത്രം മുതലായവ രേഖപ്പെടുത്തുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന നിഷ്ഠയുടെ ഉദാഹരണങ്ങളും ഇതിനുമുമ്പ് ഉദ്ധരിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ.

## ii വിവേകം

വാ. ചാവറ, വെറും 41_ാം വയസിൽ (പ്രായം ചെന്ന രണ്ടു സഹപ്രവർത്തകരുടെയും മരണശേഷം) സി. എം. ഐ സഭാഭരണം തനിയെ വഹിക്കേണ്ടിവന്നു എന്ന വസ്തുത രേഖപ്പെടുത്തുന്നതോടുകൂടി ലെയോപ്പോൾദ് മിഷനറി ഇങ്ങനെ കൂട്ടിച്ചേർത്തു. ''അദ്ദേഹം തൻെറ പ്രായക്കുറവ് വിവേകത്താൽ നികത്തി.'' (P. LXX)

മോൺ. ബച്ചിനേല്ലി ചാവറയെ വികാരി ജനറാളായി നിശ്ചയിച്ചപ്പോൾ, ആ സ്ഥാനം നല്കുന്നതിന് തന്നെ പ്രേരിപ്പിച്ച ഗുണങ്ങളിൽ വിവേകത്തിനു സ്ഥാനം നല്കുന്നുണ്ട്. പ്രൊപ്പഗാന്താ തിരുസംഘത്തിന് പ്രസ്തുത നിയമനം സംബന്ധിച്ചു എഴുതിയപ്പോഴും ചാവറയെ, വിവേകത്തിൽ ഉന്നതനിലവാരം പുലർത്തുന്ന വ്യക്തിയായി എടുത്തുകാണിക്കുന്നു. (P. LXX)

കൂനമ്മാവു മഠത്തിലെ നാളാഗമം വാ. ചാവറയുടെ മരണത്തെപ്പററി രേഖപ്പെടുത്തുമ്പോൾ, ''ഈ പിതാവ് ഒന്നാമത്തെ പ്രിയോരും ഈ സഭയുടെ വിവേകിയും അദ്ധ്യാനശീലനുമായ ഒന്നാമത്തെ അംഗവുമായിരുന്നു'' എന്ന് കൂട്ടിച്ചേർത്തിരിക്കുന്നു. (P. LXI)

## ആലോചന ചോദിക്കുന്നു

സുപ്രധാന കാര്യങ്ങളിലെല്ലാം മററുള്ളവരിൽ നിന്ന് പ്രത്യേകിച്ച് മേലധികാരികളിൽ നിന്ന് ആലോചന സ്വീകരിക്കുന്ന പതിവുണ്ടായിരുന്നു അദ്ദേഹത്തിന്. മാന്നാനം ആശ്രമനിർമ്മാണത്തിനിടയ്ക്ക് പെട്ടെന്ന് തെക്കൻ പള്ളിപ്പുറം വികാരിയായി നിയമനം വന്നപ്പോൾ, അനന്തരകരണീയത്തെപ്പററി പാലയ്ക്കൽ മല്പാൻെറ ആലോചന തേടിയ വിവരം അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. പാലയ്ക്കൽ മല്പാൻെറ മരണശേഷം, പോരൂക്കരയോടും, അദ്ദേഹത്തിൻെറ മരണശേഷം ലെയൊപ്പോൾഡ് മിഷനറിയോടും ആലോചന ചോദിക്കുക ചാവറയുടെ നിഷ്ഠയായിരുന്നു. (P. LXXI)

## ആലോചന നൽകുന്നു

സുപ്പീരിയർ എന്ന നിലയിൽ കീഴുള്ളവർക്ക് ആലോചന നൽകുന്നതിലും അവർക്കു നേതൃത്വം നൽകുന്നതിലും ചാവറയുടെ വിവേകം ഏവരുടെയും മതിപ്പിനു കാരണമായിട്ടുണ്ട്.

1876-ൽ, 125 സീറോ മലബാർസഭാംഗങ്ങൾ ഒമ്പതാം പീയൂസ് പാപ്പയ്ക്കയച്ച എഴുത്തിൽ ചാവറയോടുള്ള ഈ മതിപ്പ് സ്പഷ്ടമാകുന്നു: ''സീറോ മലബാർ റീത്തുകാരിൽ പലരും വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്ക് വിധേയരായിരിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നില്ല. അവർക്ക് സ്വന്തമായ അധികാരിയെ ലഭിക്കണമെന്നായിരുന്നു അഭിലാഷം. ഈ കാര്യം സംബന്ധിച്ച് ആവലാതികൾ വരാൻ തുടങ്ങിയപ്പോൾ, ഞങ്ങളുടെ ബ. ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ–മലയാളത്തിലെ ആശ്രമങ്ങളുടെ സ്ഥാപകൻ, ആദ്യപ്രിയോർ, അഭിവന്ദ്യ ബച്ചിനെല്ലി മെത്രാപ്പോലീത്തായുടെ വികാരി ജനറാൾ–തന്റെ നല്ല ആലോചനകൾ നൽകി, വാദികളെ തടഞ്ഞു നിർത്തി. ഈ ആഗ്രഹവും അപേക്ഷയും തന്നിൽ ത്തന്നെ നല്ലതാണെങ്കിലും, ഇപ്പോൾ നമ്മെ ഭരിക്കുന്ന വികാരി അപ്പസ്തോലിക്കായ്ക്ക് വിധേയരായി, തക്കസമയത്ത് അവ സമർപ്പിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്.'' (P.LXXI)

## ആലോചനാപൂർവ്വം പ്രവർത്തിക്കുന്നു

മാന്നാനത്തെ ആശ്രമശ്രേഷ്ഠന്റെ തെറ്റു തിരുത്തുന്നതിൽ, ചാവറ അവലംബിച്ച സമീപനരീതി,

കീഴുള്ളവരെ തിരുത്തുന്നതിലുള്ള വിവേകത്തിന് ഉത്തമസാക്ഷ്യമാണ്. ഒരു രോഗിയായ വൃദ്ധവൈദികന് വേണ്ടത്ര സേവനം ലഭിക്കുന്നില്ലെന്ന് മനസ്സിലായപ്പോൾ, ചാവറ ആശ്രമാധിപന് ഇങ്ങനെ എഴുതി: ''രോഗികളില്ലാത്ത ആശ്രമത്തെ എനിക്ക് ഭയമാണ്., മറിച്ച് ഒരാശ്രമത്തിൽ, തുടർച്ചയായി, രോഗികളുണ്ടെങ്കിൽ,അത് ഈശോ കർത്താവിന് വളരെ ആനന്ദം നൽകുന്ന ഭവനമാണെന്ന് വി. അമ്മത്രേസ്യ പറയുന്നു. തോമൻ (ജാലിക്കാരൻ) പറയുന്നു, നമ്മുടെ വല്യച്ചന്റെ കാര്യത്തിൽ അങ്ങേയ്ക്ക് പ്രത്യേക താല്പര്യമില്ലെന്ന്–അദ്ദേഹത്തിന് പാലും അപ്പവും ആവശ്യത്തിന് ലഭിക്കാത്തതുകൊണ്ട്, ഇപ്പോൾ വളരെ ക്ഷീണിച്ചിരിക്കുന്നുവെന്ന്''

(P. LXXI)

പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ്, ചാവറ, പരിതസ്ഥിതികളെല്ലാം പരിഗണിച്ച് സ്ഥാപനോദ്ദേശ്യത്തിന് അത് ഉപകരിക്കുമോയെന്ന് വിലയിരുത്തും. അംഗങ്ങളുടെ ആരോഗ്യം, ഗതാഗതസൗകര്യം, പ്രവർത്തനസാധ്യത എന്നിവയെല്ലാം പരിശോധനയിൽപ്പെടും.

അദ്ദേഹത്തിന്റെ ശിഷ്യഗണത്തിലൊരാളായ മത്തായി മറിയം പാലാക്കുന്നേൽ, കൂത്രപ്പിള്ളിയിൽ ഒരു വസ്തു സൗജന്യമായി നൽകാമെന്നു പറഞ്ഞെങ്കിലും, പരിശോധനകൾക്കുശേഷം, ചാവറ അതുപേക്ഷിച്ചു. കാരണം, മലകൾക്കിടയിലുള്ള ആ സ്ഥലത്ത്, വിശ്വാസികൾക്ക് ആദ്ധ്യാത്മിക സേവനമനുഷ്ഠിക്കുവാനുള്ള സാധ്യത തീരെ കുറവായിരുന്നു. (P. LXXII)

ഉപ്പാശനാൽ സ്ഥാപനം വസ്തുക്കളോടുകൂടി ദാനമായി നൽകപ്പെട്ടുവെങ്കിലും, ചാവറ അത് സ്വീകരിച്ചില്ല. കാര്യം വൈദികാധ്യക്ഷനെ ധരിപ്പിക്കുവാൻ ബന്ധപ്പെട്ടവരെ ഉപദേശിക്കുക മാത്രമാണ് ചെയ്തത്. ഈ കാര്യം വിശദമായി ഇതിനകം പ്രസ്താവിച്ചു കഴിഞ്ഞതാണ്.

കേരളീയരുടെ ആരോഗ്യത്തിന് താങ്ങാനാവാത്ത തപശ്ചര്യകൾ സഭാനിയമത്തിൽ ഉൾപ്പെടുത്തുന്നത് സന്യാസജീവിതത്തെത്തന്നെ ദൂഷ്യമായി ബാധിക്കുമെന്ന ബോധ്യത്തോടെയാണ്, 1855-ൽ കർമ്മലീത്താസഭയുടെ നിയമം നിർദ്ദിഷ്ടമായ വ്യത്യാസം കൂടാതെ സി എം. ഐ. സഭയ്ക്കു നൽകുന്നതിലുള്ള അപാകത ചാവറ രൂപതാധ്യക്ഷനെ ധരിപ്പിച്ചത്. പക്ഷേ അതു സ്വീകരിക്കാൻ തയ്യാറാകാത്തവരെ സഭാംഗങ്ങളായി സ്വീകരിക്കരുതെന്നായിരുന്നു മോൺ. ബച്ചിനേല്ലിയുടെ നിർദ്ദേശം. പകുതിപ്പേർ തിരസ്കൃതരായി. ഒരുവർഷത്തിനകം ചാവറയുടെ നിർദ്ദേശങ്ങളെല്ലാം സ്വീകരിക്കേണ്ടതായിരുന്നുവെന്ന് അധികാരികൾക്കു ബോധ്യമായി. തദനുസരണം നിയമം ലാഘവപ്പെടുത്തുകയും ചെയ്തു. (P. LXXII)

ചാവറയുടെ വിവേകത്തെ പരിഗണിച്ച്, വികാരി അപ്പസ്തോലിക്കമാരും മററധികാരികളും പല പ്രശ്നങ്ങളും കൈകാര്യം ചെയ്യാൻ അദ്ദേഹത്തെ നിയോഗിച്ചിരുന്നു. ചാവറ ആ കാര്യങ്ങൾ നിർവ്വഹിച്ചതിന്റെ റിപ്പോർട്ടുകൾ അദ്ദേഹത്തിന്റെ കൂർ

മ്മബുദ്ധിയും ദീർഘദൃഷ്ടിയും, നീതിനിഷ്ഠയും നയചാതുര്യവും വ്യക്തമാക്കുന്നുണ്ട്.

വികാരിയാത്തിന്റെ സാമ്പത്തികപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് മോൺ ബെച്ചിനെല്ലി, പലപ്പോഴും ചാവറയുടെ ഉപദേശം തേടിയിരുന്നു. തീരുമാനങ്ങൾ പ്രായോഗികമാക്കുമ്പോൾ, വൈദികരുടേയോ വിശ്വാസികളുടെയോ ആവലാതികൾക്കിട വരാതിരിക്കാൻ, അതിനായി അദ്ദേഹം ചാവറയെ നിയോഗിക്കുകയും ചെയ്യുമായിരുന്നു (P. LXXII).

ഒരിക്കൽ, കൊരട്ടിയിൽ കുറെ ''പട്ടവർ'' മാമ്മോദീസാ സ്വീകരിക്കാനാഗ്രഹിക്കുന്നവെന്ന് വികാരി അപ്പസ്തോലിക്കായ്ക്ക് അറിവുകിട്ടി. അവർ താമസിച്ചിരുന്ന സ്ഥലം വികാരിയാത്തിന്റേതായിത്തീർന്നാലേ, ആ താഴ്ന്ന ജാതിക്കാർക്ക്, അത് അവകാശമായി ലഭിക്കൂ എന്നു മനസിലാക്കിയ അദ്ദേഹം, ആ കാര്യം വേണ്ടവിധം നിർവ്വഹിക്കുന്നതിന് ചാവറയെ ഏല്പിച്ചു. ചാവറ വിവേകപൂർവ്വം, മററാരും വിവരം അറിയുന്നതിനുമുമ്പേതന്നെ, സ്ഥലം രൂപതയുടേതായി രജിസ്ററർ ചെയ്യിച്ചു.
(P. LXXII)

വിശ്വാസികളിൽനിന്നുള്ള പിരിവുകൾ സുഖകരമാക്കുന്നതിന് ചാവറ വിഭാവനം ചെയ്ത പദ്ധതികളുടെ പ്രായോഗികതയാൽ, ഇന്ന് അവയിൽ പലതും നിലവിലിരിക്കുന്നു (P. LXXIII)

മാന്നാനത്തും മററു സ്ഥലങ്ങളിലും, ഉപവിപ്രവൃത്തികൾക്കായി സഖ്യങ്ങൾ സ്ഥാപിച്ചപ്പോൾ,

അവയുടെ നടത്തിപ്പിനാവശ്യമായ ആദ്ധ്യാത്മിക അഭിനിവേശം നൽകുവാൻ ചാവറ പ്രത്യേകം മുൻകരുതലെടുത്തു. മാന്നാനത്തും കൈനകരിയിലും അത്തരം പ്രവൃത്തികൾ നൽമരണസഖ്യവുമായി ബന്ധപ്പെടുത്തിയതിൽ ഈ മുൻകരുതലാണ് നാം കാണുക.

റോക്കോസിനോടുള്ള പെരുമാററത്തിലാണ് ചാവറയുടെ വിവേകം ഏററവും കൂടുതൽ പ്രശോഭിച്ചത്. പല വൈദികരും അനേകം വിശ്വാസികളും റോക്കോസ്പക്ഷത്തു ചേർന്നുകഴിഞ്ഞ പ്രതിസന്ധിയിൽ, ചാവറയും റോക്കോസിനെ നേരിട്ടുകണ്ട് അദ്ദേഹത്തിൻെറ അധികാരപത്രങ്ങൾ പരിശോധിക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്ന വാർത്ത ജനതാമധ്യേ പരന്നു - പക്ഷേ ചാവറ, യാതൊരു ഇടർച്ചയ്ക്കും അവസരമുണ്ടാകാതിരിക്കാനായി ആദ്യമേ വികാരി അപ്പസ്തോലിക്കയെ വിവരമറിയിച്ച് ആലോചന നടത്തി. മററു പലരോടും ആലോചന ചോദിച്ചു.

റോക്കോസിനെ നേരിട്ടുകാണുന്നതിനുമുമ്പായി അദ്ദേഹത്തെ അറിയിച്ചു, മററുള്ളവർക്ക് ഇടർച്ചവരാതിരിക്കാൻ വേണ്ടി അദ്ദേഹത്തിൻെറ അധികാരചിഹ്നമായ മോതിരം മുത്തുകയില്ലെന്ന്. എങ്കിലും അദ്ദേഹത്തിൻെറ മുറിയിൽക്കയറി വാതിലടച്ചുകഴിഞ്ഞപ്പോൾ, എളിമയോടുകൂടി അദ്ദേഹത്തോടു പറഞ്ഞു, മോതിരം മാത്രമല്ല പാദങ്ങൾപോലും ചുംബിക്കാൻ തയ്യാറാണെന്ന്.

റോക്കോസിൻെറ അധികാരപത്രങ്ങൾ ഒമ്പതാം പീയൂസ് പാപ്പായിൽ നിന്നാണെന്ന് ചാവറയ്ക്കു ബോദ്ധ്യമായില്ല. അതുകൊണ്ട് വിവേകപൂർവ്വം, അദ്ദേഹം നേരിട്ട് മാർപ്പാപ്പായ്ക്കെഴുതി ചോദിച്ചു. മറുപടി കൽദായ ഭാഷയിൽത്തന്നെ അയച്ചുതരണമെന്ന് പ. പിതാവിനോട് പ്രത്യേകം അഭ്യർത്ഥിക്കുകയുണ്ടായി. വൈദികർക്ക് നന്നായി അറിയാവുന്ന ആ ഭാഷയിൽ പ. പിതാവിൻെറ മറുപടി അവർക്ക് നേരിട്ടു വായിച്ചു മനസിലാക്കുവാൻ സാധിക്കണമെന്ന മുൻകരുതലായിരുന്നു അത്. ആ വിവേകത്തെ പ. പിതാവ് അഭിനന്ദിക്കുകയും ചെയ്തു.

റോമിലേയ്ക്ക് എഴുതുന്നതിൽ, റോക്കോസ് ഭാഗത്തു ചേർന്നു കഴിഞ്ഞവർ വിരോധം പ്രകടിപ്പിച്ചില്ല. അതുകൊണ്ട് പ പിതാവിനുള്ള എഴുത്തിൽ, അവരിൽ നിന്നുതന്നെ പലരും ഒപ്പുവയ്ക്കുവാൻ ചാവറ മുൻകരുതലെടുത്തു. അങ്ങനെ പ. പിതാവിൻെറ മറുപടി രണ്ടുഭാഗത്തേയ്ക്കുമുള്ള സന്ദേശമായി സ്വീകരിക്കപ്പെട്ടു. ചാവറയുടെ വിവേകത്തിൻെറ മുൻകരുതലുകൾ!

ഒരിക്കൽ മല്പാൻമാരെന്നു വിളിക്കപ്പെട്ടിരുന്ന ഉന്നതസ്ഥാനികളായ ചില വൈദികർ, റോക്കോസിനെ സന്ദർശിച്ചതിനുശേഷം, വൈകുന്നേരത്ത് മാന്നാനത്തെത്തി. രാത്രി, ആശ്രമത്തിൽ താമസിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. ചാവറയെ അസ്വസ്ഥനാക്കിയ ഒരു പ്രതിസന്ധി! പിറെറ ദിവസം അവർ അവിടെ പൂജയർപ്പിക്കുന്നതു കണ്ടാൽ, അത് വിശ്വാസികൾക്ക് ഇടർച്ചയാകും: പൂജയർപ്പിക്കാൻ

അനുവദിക്കാതിരുന്നാൽ, അത് ബഹുമാന്യരായ അതിഥികൾ അത് അവരോടുള്ള അനാദരവായി പരിഗണിക്കും. ചാവറ ചെയ്തത് ഇതാണ്: അതിഥികളുടെ മുറികളിൽ, രാത്രിതന്നെ, കാര്യം വിശദമാക്കുന്ന കുറിപ്പുകൾ എഴുതിവച്ചു. അതുവഴി, പ്രസ്തുത വ്യക്തികൾ, അതിരാവിലെ, ദിവ്യപൂജയർപ്പിക്കാതെ, തിരിച്ചുപോയി. (LXXIII)

കേരളത്തിൽ, അന്നുണ്ടായിരുന്ന ലത്തീൻ റീത്തിലുള്ളവരും സീറോമലബാർ റീത്തിലുള്ളവരും വരാപ്പുഴ വികാരിയാത്തിലെ അംഗങ്ങളായിരുന്നു. ഇതുമൂലമുളവായിരുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ചാവറയുടെ സുചിന്തിതമായ അഭിപ്രായം, ഓരോ റീത്തിനും ഓരോ മെത്രാൻ ഉണ്ടാകുക എന്നതായിരുന്നു. അങ്ങനെ വികാരിയാത്തിന്റെ വിഭജനം സുകരമാകുന്നതിനായി, മിഷനറിമാർ പ്രത്യേകിച്ച് അന്ന് അധികാരസ്ഥാനത്തിരുന്ന കർമ്മലീത്തരിൽ ചിലർ സുറിയാനി ലിററർജി പഠിക്കുകയും, സീറോമലബാർറീത്ത് സ്വീകരിക്കുകയും ചെയ്യുന്നതു നന്നായിരിക്കുമെന്ന് ചാവറ കരുതിയിരുന്നു. പ. സിംഹാസനം, ചാവറയുടെ മരണം കഴിഞ്ഞ്, 16-ാം വർഷത്തിൽ (1887-ൽ) ഒരു പരിധിവരെ പ്രസ്തുത അഭിപ്രായം പ്രയോഗത്തിലാക്കി.

(P. LXXIV)

### iii. ആത്മശക്തി

### ദൈവാഹ്വാനങ്ങൾക്ക് പ്രത്യുത്തരം: ''പരമാവധി''

സെമിനാരിയിലായിരിക്കുമ്പോൾത്തന്നെ ആത്മധൈര്യത്തിന്റെ സമുന്നതസാക്ഷ്യമാണ് ചാവറയിൽ

നാം കാണുന്നത്. അപ്പനും അമ്മയും ഏകസഹോദരനും അകാലമരണം പ്രാപിക്കുന്നു, താൻ കുടുംബം നിലനിർത്തുന്നതിനുള്ള ഉത്തരവാദിത്വത്തോടെ അവശേഷിക്കുന്നു. എങ്കിലും ലോകത്തെ വിസ്മയിപ്പിക്കുന്ന നിശ്ചയദാർഢ്യത്തോടെ പൗരോഹിത്യ വിളിയിൽ അചഞ്ചലവിശ്വസ്തത പ്രദർശിപ്പിക്കുക മാത്രമല്ല, സന്യാസജീവിതത്തിനുള്ള സാധ്യത ലഭിച്ചപ്പോഠം, വസ്തുവകകളുടെ അവകാശവും പൂർണ്ണമായി ഉപേക്ഷിച്ച്, സമ്പൂർണദാരിദ്ര്യം വരിക്കുന്നു.

## പ്രാതികൂല്യങ്ങളാൽ തളരാത്ത മനോധൈര്യം

മാന്നാനത്ത് ആശ്രമപ്പണി നടന്നുകൊണ്ടിരിക്കുമ്പോഠം, ഫ്രാൻസീസ് സേവ്യർ മെത്രാന്റെ പ്രതികൂല നിലപാട് സൃഷ്ടിച്ച പ്രതിസന്ധി, ജനങ്ങഠംക്ക് പ്രാർത്ഥനപ്പുസ്തകങ്ങഠം സുലഭമാക്കുന്നതിനുവേണ്ടി, പ്രസ് നിർമ്മിക്കുന്നതിനായി ചെയ്ത സാഹസിക യത്നങ്ങളിൽ നേരിടേണ്ടിവന്ന നിരവധി പ്രാതികൂല്യങ്ങഠം, റോക്കോസ് ശീശ്മക്കാലത്ത് വിവിധ ഗതിവിഗതികളിൽ നൽകിയ നേതൃത്വത്തിൽ അനുഭവപ്പെട്ട അത്യദ്ധ്വാനവും മനോവേദനകളും, തന്റെ ദൗത്യനിർവ്വഹണത്തിനായി, സന്തതസഹചാരിയായ സന്ധിവാതത്തോടും (പള്ളിപ്പുറം മുതൽ) മറ്റ് ശരീരാസ്വാസ്ഥ്യങ്ങളോടും കൂടെ ചെയ്യേണ്ടിവന്ന നിരവധി യാത്രകഠം - ഊടുവഴികഠം, കുന്നുകഠം, മലകഠം മുതലായവയിലൂടെ, കാൽനടയായും, മററുവഴികളിലൂടെ കാളവണ്ടിയിലും, വെള്ളത്തിലൂടെ വള്ളം വഴിയും-ഇവയിലെല്ലാം, ഒട്ടുംതന്നെ നഷ്ടധൈര്യ

നാകാതെ, മററുള്ളവർക്ക് ആശ്വാസവും സാന്ത്വനവും, ധൈര്യവും പകർന്നുകൊടുത്തു മുന്നേറുവാൻ ചാവറ യെ പ്രാപ്തനാക്കിയ ദിവ്യശക്തിയ്ക്ക് ആത്മ ധൈര്യം എന്നല്ലാതെ മററെന്തുപേരാണ് സംയോജ്യ മാവുക! (P. LXXV)

## സഹനത്തിൽ പ്രസന്നത

അവസാന ദിനകാലത്തെ അനുഭവങ്ങൾ-കണ്ണുചി കിത്സക്കാരൻ നെററിയുടെ ചെവിവരെയുള്ള ഭാഗം പൊള്ളിച്ച്, പോളം പൊട്ടിച്ചതുമൂലമുണ്ടായ വേദ ന, ഒലിച്ചുകൊണ്ടിരുന്ന ചെന്നീർ എന്നിവയെല്ലാം- ക്ഷമാപൂർവ്വം, യാതൊരു ആവലാതിയും കൂടാതെ സഹിച്ചു. വിരൂപമായ അദ്ദേഹത്തിൻെറ മുഖവും, മൗനമായി സഹിച്ചിരുന്ന വേദനകളും ഓർത്ത്, മേല ധികാരികൾ ആ ചികിത്സ നിരോധിക്കുകയാണു ണ്ടായത്.

കൂനമ്മാവു മഠത്തിലെ നാളാഗമത്തിൽ ഇതു സം ബന്ധിച്ചു കുറിച്ചിരിക്കുന്നത് ഇങ്ങനെയാണ്: ''ഈ വേദനകളെല്ലാം ക്ഷമയോടും സന്തോഷത്തോടും കൂ ടെ മൂന്നുമാസം സഹിച്ചു. ഒരു കാര്യം എല്ലാവരെ യും വിസ്മയിപ്പിച്ചു. മനുഷ്യർക്ക് കാഴ്ച നഷ്ട പ്പെടുമ്പോൾ, ബാഹ്യവും ആന്തരികവുമായ അസ്വ സ്ഥത അനുഭവപ്പെടുക സാധാരണയാണ്. പക്ഷേ, നമ്മുടെ പിതാവിൽ അങ്ങനെയൊന്നും പ്രത്യക്ഷ പ്പെട്ടില്ല. എപ്പോഴും അദ്ദേഹത്തിൻെറ മുഖത്തൊരു പുഞ്ചിരി കാണും. മുഖം കണ്ടാൽ, അദ്ദേഹം ഇത്ത രം അസുഖങ്ങളുള്ള മനുഷ്യനാണെന്നു തോന്നുകയി

ല്ല. അദ്ദേഹം എന്തോ വലിയ ആനന്ദം അനുഭവിക്കുന്നതുപോലെ കാണപ്പെട്ടു.'' (P. LXXVI)

## സത്യത്തോടും തത്വങ്ങളോടും വിശ്വസ്തതയിൽ നിർഭയത്വം

വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ, ചാവറയുടെ നിലപാട് സുനിശ്ചിതമായിരുന്നു. അതിനുള്ള തന്റേടം അദ്ദേഹം എവിടെയും പ്രകടിപ്പിച്ചു.

റോക്കോസിന്റെ ആഗമനത്തിൽ അനേകം വിശ്വാസികളും, വൈദികരും, മല്പാന്മാർ പോലും, അദ്ദേഹത്തോട് വിധേയത്വം പ്രകടിപ്പിച്ചപ്പോൾ, ചാവറ, വൈദികർക്കായി നടത്തിയിരുന്ന ധ്യാനമദ്ധ്യേ പരസ്യമായി സത്യം വെളിപ്പെടുത്തി. റോക്കോസ് വാസ്തവത്തിൽ അയയ്ക്കപ്പെട്ട അജപാലകനല്ല എന്ന് അദ്ദേഹം തറപ്പിച്ചു പറഞ്ഞു. സ്വന്തപ്പെട്ടവരിൽ തന്നെ പലരും വിരോധം പ്രകടിപ്പിച്ചെങ്കിലും, സർക്കുലറുകൾ വഴി പള്ളികളിൽ, അദ്ദേഹം സത്യം പ്രസിദ്ധപ്പെടുത്തുകതന്നെ ചെയ്തു.

ഈ സംഭവങ്ങൾ അനുസ്മരിച്ചുകൊണ്ട് മഞ്ഞുമ്മേൽ ളൂവീസച്ചൻ ഇങ്ങനെ എഴുതി: ''ശീശ്മക്കാരെപ്പറ്റി അദ്ദേഹം സംസാരിച്ചിരുന്നപ്പോഴെല്ലാം, അദ്ദേഹത്തിന്റെ വിശ്വാസദാർഢ്യം പ്രത്യക്ഷമായിരുന്നു. (P. LXXVI)

ആനക്കല്ല് ഇടവകയിൽ മുമ്പു പ്രസ്താവിച്ചതുപോലെ, ഇരുവിധ അധികാരങ്ങൾ സംബന്ധി

ച്ചുണ്ടായ സംവാദത്തിൽ, ഇടവകക്കാർ രണ്ടായിത്തിരിഞ്ഞു. അവിടെച്ചെന്ന്, ചാവറ സത്യത്തിനു സാക്ഷ്യം നൽകി. സ്വന്തം ജീവൻ പോലും അപകടത്തിലാക്കിക്കൊണ്ടുള്ള ഒരു സാഹസമായിരുന്നു അത്.

ഒരിക്കൽ, ദേനഹാ എന്നുപേരായ ഒരു കൽദായ വൈദികൻ മാന്നാനത്ത് അതിഥിയായി വന്നു. ചാവറ അദ്ദേഹത്തെ സബഹുമാനം സ്വീകരിക്കുകയും സല്ക്കരിക്കുകയും ചെയ്തു. രാത്രിതാമസത്തിനുള്ള സൗകര്യങ്ങളും ചെയ്തു. പക്ഷേ, രാവിലെ ദിവ്യപൂജ സമർപ്പിയ്ക്കേണ്ട സമയം വന്നപ്പോഗം, വരാപ്പുഴ മെത്രാപ്പോലീത്തായുടെ സാക്ഷിപത്രം (Celebret) ഇല്ലാതെ അതനുവദിക്കാൻ സാദ്ധ്യമല്ലെന്നു പറഞ്ഞു, യാത്രയയച്ചു. (P. LXXVII)

## iv മിതത്വം (P. LXXVII)

''സഭാനിയമങ്ങരം കൃത്യമായി അനുസരിച്ചു ജീവിക്കുന്ന ഒരു നോവീസ്'' എന്നാണ് വാ. ചാവറയെ അടുത്തറിഞ്ഞിരുന്ന കർമ്മലീത്താമിഷനറിമാർ തങ്ങളുടെ റിപ്പോർട്ടുകളിൽ അദ്ദേഹത്തെപ്പററി കുറിച്ചിരിക്കുന്നത്. ഒരു നോവീസിനെ മിതത്വത്തിൻെറ പ്രതീകമായി എടുക്കാമെങ്കിൽ, വാർദ്ധക്യദശയിൽപ്പോലും, വാ. ചാവറ അതായിരുന്നു. (P. LXXXIV)

ചാവറയുടെ അടക്കമുള്ള പെരുമാററത്തെ സൂചിപ്പിച്ചുകൊണ്ട് സമകാലീനർ നല്കിയ സാക്ഷ്യം അദ്ദേഹം ''ഒരു മാലാഖയ്ക്ക് സമനായിരുന്നു'' എന്നാണ്. (P. XLI)

ഓരോ കാലത്തും സഭയിൽ നിലവിലിരുന്ന തപശ്ചര്യകളെല്ലാം ചാവറ കൃത്യമായി അനുഷ്ഠിച്ചിരുന്നു. ആദ്യകാലനിയമങ്ങളിൽ നൊയമ്പും ഉപവാസവും കേരളീയരുടെ ആരോഗ്യത്തെ ദൂഷ്യമായി ബാധിക്കാവുന്നവയായിരുന്നു. എങ്കിലും, നിയമാനുസൃതം ചാവറയും കൂട്ടുകാരും ജീവിക്കുകതന്നെ ചെയ്തു.

മിതപ്പെടുത്തിയ നിയമമനുസരിച്ചും അടിപ്രായശ്ചിത്തം നടപ്പിലുണ്ടായിരുന്നു. അതിൽ, ചാവറയുടെ നിഷ്ഠയെപ്പററി, മഞ്ഞുമ്മേൽ ളൂവീസച്ചൻെറ സാക്ഷ്യം ഇതാണ്: ''ചമ്മട്ടിയടി അന്നത്തെ പതിവനുസരിച്ച്, ഒട്ടുംതന്നെ മുടക്ക കൂടാതെ അദ്ദേഹം അനുഷ്ഠിച്ചിരുന്നു. അന്ന്, ആഴ്ചയിൽ മൂന്നു പ്രാവശ്യം സഭയിൽ ഈ പ്രായശ്ചിത്തം അനുഷ്ഠിക്കുമായിരുന്നു. അദ്ദേഹം അതിൽ ഒന്നാമനായി പങ്കെടുത്തിരുന്നു.''

ഭക്ഷണം സംബന്ധിച്ച് അതേ ളൂവീസച്ചൻ ഇങ്ങനെ എഴുതുന്നു: ''പൊതുഭക്ഷണംകൊണ്ട് അദ്ദേഹം സംതൃപ്തനായിരുന്നു. പ്രത്യേക ഭക്ഷണം ഒന്നുംതന്നെ അദ്ദേഹം കഴിച്ചിരുന്നില്ല.''

(P. LXXXVII)

## III· സന്യാസവ്രതങ്ങളാകുന്ന സുകൃതങ്ങൾ

### i എളിമ (P. LXXVII - LXXVIII)

ഏതൊരു പുണ്യത്തെയും നിഷ്പ്രഭമാക്കുന്ന ദുർഗുണം നിഗളമാണെങ്കിൽ, ഏതൊരു പുണ്യത്തി

ൻെറയും ശോഭയെ ഉജ്ജ്വലമാക്കുന്ന സുകൃതശീലം എളിമയാണ്. അതികായനായ ചാവറ ഈ പുണ്യത്തിൽ ആദ്യന്തം ശോഭിച്ചിരുന്നുവെന്നു മാത്രമല്ല, തൻെറ മൂന്നു വ്രതങ്ങളോടുകൂടി, സഭാനിയമപ്രകാരം എളിമയുടെ വാഗ്ദാനവും ചെയ്തിരുന്നു. വ്രതാനുഷ്ഠാനത്തോടുകൂടിച്ചേർത്ത ആ വാക്കുകൾ ഇവയാണ്: ''അതിനുംപുറമെ, ഏതെങ്കിലും സ്ഥാനം തേടുകയോ, സഭയ്ക്കകത്തോ പുറത്തോ, തനിച്ചോ മററുള്ളവർ വഴിയോ, ഏതെങ്കിലും സ്ഥാനമോ അധികാരമോ, പെ. ബ. സുപ്പീരിയറിൻെറ ഹിതാനുസരണമല്ലാതെ, അന്വേഷിക്കുകയോ ചെയ്യുന്നതല്ലെന്ന്, ഞാൻ വാഗ്ദാനം ചെയ്യുന്നു.''

## സ്ഥാനംവേണ്ട, സ്വർഗ്ഗം മതി

ഈ ചൈതന്യത്തിൽ, ചാവറ സ്ഥാനമാനങ്ങൾ തേടിയില്ലെന്നു മാത്രമല്ല, അവയെ ഒഴിഞ്ഞുമാറിയിരുന്നു. വികാരി അപ്പസ്തോലിക്കയായ മോൺ. ബച്ചിനേല്ലി ചാവറയെ തൻെറ വികാരി ജനറാളായി നിശ്ചയിച്ചിരിക്കുന്ന വിവരം പ. സിംഹാസനത്തെ അറിയിക്കുന്ന എഴുത്തിൽ, അദ്ദേഹത്തെത്തന്നെ, തൻെറ സഹായമെത്രാനായി നിയമിക്കണമെന്ന ആശയം അവതരിപ്പിക്കുന്നുണ്ട്. അതോടെ, ഇങ്ങനെ കൂട്ടിച്ചേർത്തു: ''ഒരു കാര്യം ഇതു സംബന്ധിച്ച് മുൻകൂട്ടി അറിയിക്കേണ്ടതുണ്ട്. കുരിയാക്കോസ് ചാവറ, കർമ്മലയിലെ അമലോത്ഭവ മറിയത്തിൻെറ മൂന്നാം സഭയുടെ പ്രിയോർ എന്നറിയപ്പെടുന്ന അദ്ദേഹം എളിമയുടെ സാധാരണവ്രതം എടുത്തിട്ടുണ്ട്. അതുകൊണ്ട്, എത്ര നിർബന്ധിച്ചാലും, കല്പനയാല

ല്ലാതെ ഈ മുദ്രയും സ്ഥാനവും അദ്ദേഹം സ്വീകരിക്കുകയില്ല. വികാരിജനറാൾ സ്ഥാനം സ്വീകരിക്കുന്നതിന്, ഞാൻ അത്തരമൊരു കല്പന കൊടുക്കേണ്ടിവന്നു.''

റോക്കോസ് പക്ഷക്കാർ മെത്രാൻസ്ഥാനം വാഗ്ദാനംചെയ്തുകൊണ്ട് ചാവറയെ വശത്താക്കാമെന്നു കരുതി. അദ്ദേഹത്തിൻെറ പ്രത്യുത്തരം സത്വരവും ലളിതവുമായിരുന്നു. ''എനിക്ക് മെത്രാൻ സ്ഥാനം വേണ്ട; രക്ഷ പ്രാപിച്ചാൽ മതി ''

## വലിപ്പത്തിൻെറ ചെറുപ്പം

ചാവറയുടെ, ''ആത്മാനുതാപം'', ''ധ്യാനസല്ലാപങ്ങൾ'' എന്നീ ഗ്രന്ഥങ്ങളിൽ, സ്വന്തപാപങ്ങളെക്കുറിച്ചു വിലപിച്ചുകൊണ്ട്, സ്വയം താഴ്ത്തുന്ന അനേകം ഭാഗങ്ങളുണ്ട്. ചാവദോഷം ചെയ്യാൻ ദൈവസഹായത്താൽ ഇടയായിട്ടില്ല എന്ന് ''ആത്മാനുതാപത്തിൽ'' പറയുന്ന ആൾതന്നെയാണ് ഇപ്രകാരം വിലപിക്കുന്നത്.

നാളാഗമത്തിൻെറയും പല ഭാഗങ്ങളിൽ, തന്നിൽ വന്ന പോരായ്കകൾ ചാവറ ഏററുപറയുന്നുണ്ട്, കൽദായക്കാരായ രണ്ടു സന്യാസികളെപ്പററിയുള്ള തൻെറ വിലയിരുത്തലിൽ വന്ന തെററും, ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്തായോട് കുഞ്ഞുങ്ങൾക്കടുത്തവിധം, വീണ്ടും വീണ്ടും തന്നെ പള്ളിപ്പുറത്തെ വികാരി ജോലിയിൽ നിന്നൊഴിവാക്കി, മാന്നാനത്തെ ആശ്രമജോലി തുടരാൻ അനുവദിക്കണമെന്നപേക്ഷി

ച്ചതിൽ വന്ന അപാകതയും രേഖപ്പെടുത്തിയിരിക്കു ന്ന ഭാഗങ്ങൾ ചാവറയുടെ വലിയ വ്യക്തിത്വത്തെ എടുത്തു കാണിക്കുന്നു.

സ്വന്തം ചിന്തയിലും വാക്കുകളിലും ഈ മഹാത്മാവിന്റെ എളിമ സ്വയം വെളിപ്പെടുത്തുന്നുണ്ട് മാന്നാനത്തെ നാളാഗമം ആരംഭിക്കുന്നത് ഇങ്ങനെയാണ്: ''ഇവ നമ്മുടെ പാലയ്ക്കൽ തോമാപ്പിതാവിന്റെ ശിഷ്യരിൽ എളിയവനായ ചാവറ കുരിയാക്കോസച്ചനാൽ എഴുതപ്പെട്ടതാണ്.''

രോഗിയായിരിക്കുമ്പോൾ, കുനമ്മാവ് മഠത്തിലേയ്ക്കു അദ്ദേഹം ഇങ്ങനെ എഴുതി: ''ഇനി മററുള്ളവർക്ക് എന്നിൽ നിന്ന് നന്മയൊന്നുമല്ല, ബുദ്ധിമുട്ടു മാത്രമേ ലഭിക്കുകയുള്ളു. ഇതിൽ നിന്ന്, ഇതുവരെയും ഞാൻ ആർക്കും ബുദ്ധിമുട്ടുവരുത്തിയിട്ടില്ലായെന്നു ധരിക്കരുത്. പക്ഷേ, ഇപ്പോൾ ഞാൻ മററുള്ളവരെ വിഷമിപ്പിക്കാനും ഭാരപ്പെടുത്താനും തുടങ്ങുന്നു-പുതിയതും വർദ്ധമാനമായതുമായ വിഷമതകൾ, എന്റെ ദുർഗ്ഗന്ധം വീശുന്ന ശരീരത്തിൽ നിന്നും, എന്റെ ദുഷിച്ച പ്രകൃതിയിൽ നിന്നും, എന്റെ ദുശ്ശീലങ്ങളുടെ ആധിക്യത്തിൽ നിന്നും മററുള്ളവരെക്കാൾ കൂടുതൽ എന്നെ ശുശ്രൂഷിക്കേണ്ടി വരുന്നവർക്ക് സഹിക്കേണ്ടി വരുന്നവയെല്ലാം തന്നെ.''

കന്യാസ്ത്രീകൾക്കു അദ്ദേഹം നല്കിയ സന്യാസ പരിശീലനത്തെപ്പററി, സ്വയം താഴ്ത്തിക്കൊണ്ട് ചാവറ അവർക്ക് ഇങ്ങനെ എഴുതുന്നു: ''ദല

ഗാത്തച്ചൻ (ലെയോപ്പോംദ് മിഷനറി) ഭോഷനായ ഞാൻ നിങ്ങരംക്കു നൽകിയ പരിശീലനത്തെ വില യിരുത്തുമ്പോരം, എന്തെങ്കിലും പോരായ്ക കണ്ടുപി ടിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അദ്ദേഹം എ ന്നെ തിരുത്തുന്നതു സംബന്ധിച്ച് എനിക്ക് ഒട്ടും പേടിയില്ല. പക്ഷേ, വലിയ ദെലഗാത്തച്ചനിൽ നി ന്ന് അതുണ്ടാകുമോ എന്ന് ഭയപ്പെടുന്നു.''

താൻ അവർക്കു നല്കിയ ഉപദേശങ്ങരം സംബ ന്ധിച്ച് വേറൊരെഴുത്തിൽ, ഇങ്ങനെ കുറിക്കുന്നു: ''...ഇങ്ങനെയിരിക്കേ, ഭോഷനായ എൻെറ നിയന്ത്രണ ത്തെ ആശ്രയിക്കരുത്; പ്രത്യുത ദൈവവചനങ്ങളെ ആശ്രയിക്കുവിൻ. അവിടന്ന് പറയുന്നു: ''മൂശയുടെ സിംഹാസനത്തിൽ ഇരിക്കുന്നവരെ അനുകരിക്കാതെ, നിങ്ങളെ തിരഞ്ഞെടുത്ത എന്നെ അനുഗമിക്കുവിൻ''.

താനല്ല, തന്നിലൂടെ ദൈവം പല കാര്യങ്ങളും നിർവ്വഹിച്ചു എന്ന് ധ്യാനസല്ലാപങ്ങളിൽ ചാവറ ഏ റ്റുപറയുന്നു.

ലെയോപ്പോരംദ് മിഷനറി ചാവറയുടെ ജീവച രിത്രത്തിൽ, ഇങ്ങനെ രേഖപ്പെടുത്തി: ''അദ്ദേഹത്തെ അറിഞ്ഞിരുന്നവരിൽ ആർക്കും അദ്ദേഹത്തിൻെറ ആ ഴമായ എളിമയെപ്പററി യാതൊരു സംശയവുമില്ലായി രുന്നു.''

## സ്തുതി സഹപ്രവർത്തകർക്ക്

തൻെറ നേട്ടങ്ങളെപ്പററി ഒരിക്കലും ചാവറ സ്വ യം പുകഴ്ത്തിയിട്ടില്ല. എന്നാൽ സ്തുതി മററുള്ള

വർക്ക് പ്രത്യേകിച്ചു സഹപ്രവർത്തകർക്ക് നല്കു ന്നതിൽ അദ്ദേഹം സംതൃപ്തി കണ്ടെത്തി. നാളാ ഗമത്തിൽ, ഇതിന് പല ഉദാഹരണങ്ങരം കാണാം. പുരുഷന്മാർക്കുള്ള സഭ പാലയ്ക്കൽ–പോരൂക്കര തോമാച്ചന്മാരാൽ സ്ഥാപിതമായി എന്നദ്ദേഹം പ്രസ്താവിക്കുന്നു, സ്ത്രീകരംക്കുവേണ്ടിയുള്ളത് ലെയോപ്പോരംഡ് മിഷനറിയാലും. അതേസമയം, ലെ യോപ്പോരംഡ് മിഷനറിയുടെ ഡയറിക്കുറിപ്പ് രണ്ടു സഭകളുടെയും സ്ഥാപകൻ ചാവറയാണെന്ന് സമർ ത്ഥിയ്ക്കുന്നു. വികാരി അപ്പസ്തോലിക്കായ്ക്ക് പാത്രിയർക്കീസിൽ നിന്ന് ലഭിച്ച സുറിയാനിക്കത്ത് ഇററാലിയനിലേയ്ക്ക് വിവർത്തനം ചെയ്തത് ചാ വറയുടെ നോട്ടത്തിൽ, മർസെലീനൂസ് മിഷനറിയാ ണ്: കന്യാസ്ത്രീകളുടെ നിയമാവലി മലയാളത്തി ലേക്ക് വിവർത്തനം ചെയ്തത്, ലെയോപ്പോരംഡ് മിഷനറിയും. ചാവറയാണ് ജോലി ചെയ്തതെങ്കി ലും, മേൽനോട്ടം വഹിച്ചിരുന്നത്, മുകളിൽപ്പറഞ്ഞ വരാണ്. അതുകൊണ്ട്, അവരാണ് കാര്യം നിർവ്വ ഹിച്ചത്, എന്നത് ഒരു പരിധിവരെ വാസ്തവമാണ്. കൊടുക്കാവുന്ന സ്തുതി അവർക്ക് കൊടുക്കുന്നതിൽ ചാവറ സംതൃപ്തനായി എന്നു സാരം.

### ii ദാരിദ്ര്യം: (P. LXXX–LXXXI)

### ക്രിസ്തുശിഷ്യത്വത്തെ പ്രതി സ്വയപരിത്യാഗം

ധനം, സുഖജീവിതം ഇവയ്ക്കൊന്നും ചാവറ യെ സ്വാധീനിക്കാൻ കഴിഞ്ഞിട്ടില്ല. ഏകസഹോദര

ന്റെ മരണശേഷം, ചാവറയായിരുന്നു കുടുംബത്തിലെ ഏക അവകാശി. പക്ഷേ അവയെല്ലാം ഉപേക്ഷിച്ച്, അദ്ദേഹം ക്രിസ്തുശിഷ്യത്വം അക്ഷരശഃ അവലംബിച്ചു.

വൈദികനായ ശേഷം, അന്ന് പല വൈദികരും ചെയ്തിരുന്നതുപോലെ, കുടുംബകാര്യങ്ങളിൽ ഇടപെടാൻ ചാവറ ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിന്റെ ശ്രദ്ധ പൂർണ്ണമായും മാന്നാനം ആശ്രമകാര്യത്തിൽ കേന്ദ്രീകൃതമായി. അദ്ദേഹത്തിന്റെ വാക്കുകളിൽ ''പിന്നീട് ആ ദിവസം മുതൽ (1833 ഏപ്രിൽമാസം മുതൽ) എന്റെ സ്വന്തപ്പെട്ടവരെ ഉപേക്ഷിച്ച്, എന്നെ പൂർണ്ണമായും സന്യാസജീവിതത്തിനു പ്രതിഷ്ഠിച്ചു.''

മാന്നാനത്തെ സമൂഹത്തിൽ, എല്ലാ വരവുചെലവുകളും പൊതുവായി നടത്തിയിരുന്നു. വരവിനുള്ള ഏകമാർഗ്ഗം വിശ്വാസികളിൽനിന്നുള്ള ധർമ്മവും, പള്ളികളും വൈദികരും നൽകിയ ദാനങ്ങളുമായിരുന്നു. ജീവചരിത്രകാരന്റെ സാക്ഷ്യം ഇതാണ്: ''വലിയ ബുദ്ധിമുട്ടു സഹിച്ച്, വിശ്വാസികൾ ഓരോരുത്തരെയും പോയിക്കണ്ട്, എളിമയോടുകൂടി ധർമ്മം ചോദിച്ച്, (ചാവറയും കൂട്ടരും) കിട്ടിയത് നന്ദിപൂർവ്വം സ്വീകരിച്ച്, കെട്ടിടം പണി മുന്നോട്ടുകൊണ്ടുപോയിരുന്നു.''

1855-ൽ വലിയ തീക്ഷ്ണതയോടെ ചാവറ സന്യാസവ്രതങ്ങൾ അനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ ദാരിദ്ര്യനിഷ്ഠയെപ്പററി ചില പ്രസ്താവനകൾ താഴെ ചേർക്കുന്നു.

1870–ൽ ലെഭയാപ്പോൾഡ് മിഷനറി അദ്ദേഹ ത്തിൻെറ പ്രിയോർ ജനറാളിന് ഇങ്ങനെ എഴുതി: ''അവരുടെ സെല്ലുകളും (ചെറിയ മുറികൾ) അവ യിലുള്ള വസ്തുക്കളും അങ്ങേയററം ദാരിദ്ര്യം നി ശ്വസിക്കുന്നു.''

മഞ്ഞുമ്മേൽ ളൂവീസച്ചൻ ചാവറയുടെ സെല്ലി നെ ഇങ്ങനെ വിവരിക്കുന്നു: അദ്ദേഹത്തിൻെറ മു റിയിൽ വെള്ളം വയ്ക്കാൻ ഒരു കൂസ്, മേശപ്പുറത്ത് നാലഞ്ചുപുസ്തകങ്ങൾ, കട്ടിൽ, കസേര. കട്ടിലിന് മേക്കട്ടിയോ വിരിയോ ഇല്ല. തലയിണയും ഉണ്ടാ യിരുന്നു. മേക്കട്ടിയും വിരിയും അന്ന്, ഇടർച്ചവ സ്തുക്കളായിരുന്നു.''

മർസെലീനൂസച്ചൻ (T·O·C·D), സമകാലീന രിൽനിന്ന് പറഞ്ഞുകേട്ടത് ഇങ്ങനെ കുറിക്കുന്നു: ''ഒരിക്കൽ അഭിവന്ദ്യ ബെർണർദീൻ മെത്രാപ്പോ ലീത്താ പ്രിയോരച്ചൻെറ മുറിയിൽ വന്നപ്പോൾ അ വിടെ ഒരു കസേരയേ ഉണ്ടായിരുന്നുള്ളു. അപ്പോൾ വന്ദ്യപിതാവ് പ്രിയോരച്ചനെ കസേരയിൽ ഇരു ത്തി അദ്ദേഹം നിന്നു സംസാരിച്ചു.''

മഠത്തിൻെറയും ആശ്രമത്തിൻെറയും വസ്തുക്കൾ ചാവറയുടെ നോട്ടത്തിൽ, ദൈവത്തിൻെറ വസ്തുക്ക ളാണ്. കൂനമ്മാവിലെ കന്യാസ്ത്രീകൾക്ക് അദ്ദേ ഹം എഴുതി: ''ഈ വസ്തുക്കൾ നമ്മുടേതല്ല. ഈ ശോമിശിഹായുടെ പത്രീമോനിയാണ്.''

## ഇല്ലാഞ്ഞിട്ടല്ല-സ്വമനസ്സാ

ആശ്രമങ്ങൾ, വസ്തുവകകൾ ധാരാളമുള്ളവയാ യി പുറമെ കാണപ്പെട്ടാലും, ദാരിദ്ര്യാരൂപിയിൽ വേ

ണം അകത്തുള്ളവർ ജീവിക്കുവാൻ. മാന്നാനത്തെ വികാരിയ്ക്ക് അദ്ദേഹം ഇങ്ങനെ എഴുതി: ''ഈ കാര്യം എപ്പോഴും ഓർത്ത് ധ്യാനിച്ച്, മാന്നാനത്തു വസിക്കുന്ന സന്യാസികളായ നിങ്ങളെ പരിപാലിക്കുന്ന ദൈവതിരുമനസ്സിനെ മഹത്വപ്പെടുത്തണം. അധികാരികളായാലും മററു പുറമെയുള്ളവരായാലും, ധനികരെന്ന് കരുതപ്പെടുന്ന നിങ്ങൾക്ക്, ദാരിദ്ര്യത്തിൻെറ പ്രതിഫലം ഒട്ട്യംതന്നെ–ഒരുതുള്ളിപോലും - നഷ്ടപ്പെടാൻ ഇടവരരുത്.

## പദ്ധതികൾക്ക് കൈമുതൽ: ദൈവത്തിൽ പ്രത്യാശ

തൻെറ ജീവിതംകാലം മുഴുവനും, ചാവറ പല അപ്പസ്തോലികപ്രവർത്തനങ്ങളിലും (ആശ്രമങ്ങൾ, സ്ക്കൂളുകൾ മുതലായവ സ്ഥാപിക്കുന്നതിൽ) ഏർപ്പെട്ടിരുന്നു. എന്നാൽ എപ്പോഴും അദ്ദേഹം ദരിദ്രനായിരുന്നു. പണമില്ല എന്ന ന്യായം അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തിയിരുന്നില്ല. ദൈവമഹത്വാർത്ഥം ഏതു പദ്ധതി ഏറെറടുക്കാനും അദ്ദേഹം തൻേറടം കാണിച്ചു. ഒരിക്കലും ദൈവസഹായം അദ്ദേഹത്തിനു ലഭിക്കാതിരുന്നിട്ടില്ല. തെളിവായ ഉദാഹരണമാണ് കൂനമ്മാവിലെ കന്യകാമഠത്തിൻെറ നിർമ്മാണചരിത്രം. ഒരിക്കൽ അദ്ദേഹം മഠത്തിലെത്തിയപ്പോൾ, മഠത്തിൻെറ നികുതിയടക്കാൻ സാധിക്കാതെ വിഷമിക്കുന്ന വിവരമറിഞ്ഞു, ഉടനെ പണം കടം വാങ്ങി നികുതിയടച്ചു. പിന്നെ സ്വന്തം സഭാംഗങ്ങളിൽ ഒരാളെ ധർമ്മം പിരിക്കാൻ അയച്ചു. അതു സംബന്ധിച്ച് അദ്ദേഹം ഇങ്ങനെ എഴുതി: ''ഞാൻ ...അച്ചനെ, കുറെ ഇരയും വലയും കൊണ്ട് (പടങ്ങൾ,

കൊന്ത മുതലായവയും കൊണ്ട്) അയച്ചു. ഞാൻ... ദൈവമാതാവിന്റെ നാമത്തിൽ, വല വീശിയിട്ട്, ഒരിക്കലും നിഷ്ഫലമായിട്ടില്ല.''

## iii ബ്രഹ്മചര്യം (P. LXXXI–LXXXIII)

### നൈസർഗ്ഗികവാസന

ബാല്യത്തിലേതന്നെ, നൈസർഗ്ഗികമായ ഒരു ആദ്ധ്യാത്മിക വാസനയാൽ, ബ്രഹ്മചര്യത്തെ ദൂഷ്യമായി ബാധിക്കാവുന്ന കാഴ്ചകൾ, കേൾവികൾ ചിന്തകൾ എന്നിവയോടു ചാവറയ്ക്ക് വിരസത അനുഭവപ്പെട്ടിരുന്നു. തന്മൂലം, ആശാന്റെ കളരിയിലെ, അന്തരീക്ഷം തീർത്തും അനാരോഗ്യപരമായി ചാവറ കരുതി. അദ്ദേഹം സ്മരിക്കുന്നു:

''കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷ സാധനം!''
(ആത്മാ. 4/107-8)

സമകാലീനരുടെ അഭിപ്രായം സമാഹരിച്ച്, ചാവറയുടെ ശിഷ്യനായിരുന്ന പാലക്കുന്നേൽ ചാക്കോ അച്ചൻ, പറഞ്ഞിരുന്നത് മുമ്പേ നാം പ്രസ്താവിച്ചതാണ്: ''അദ്ദേഹം ഒരു മാലാഖയ്ക്ക് സമനായിരുന്നു.''

കൈനകരിക്കാർക്കു നൽകുന്ന കുടുംബചട്ടത്തിൽ അദ്ദേഹം നൽകുന്ന ഉപദേശങ്ങളിൽ ചിലതാണ് താഴെ വരുന്നത് ''കുട്ടികൾ, കുടുംബത്തിൽപോലും

നഗ്നരായി നടക്കാൻ അനുവദിക്കരുത്...വിധിദിവസത്തിൽ മനസിലാകും എത്ര ആത്മാക്കരം, ബാലൻമാർ നഗ്നരായി നടന്നതുകൊണ്ടും, ബാലികമാർ അടക്കമില്ലാതെ വസ്ത്രം ധരിച്ചതുകൊണ്ടും, തമ്മിൽ ത്തമ്മിൽ സ്പർശിച്ചതുകൊണ്ടും, നരകത്തിൽ വീഴുവാൻ ഇടയായി എന്ന്.''

## കന്യകകൾക്കായി മഠസ്ഥാപനം-പരിശീലനം

സ്ത്രീകരംക്കുവേണ്ടിയുള്ള സഭാസ്ഥാപനത്തിന് ചാവറയെ പ്രേരിപ്പിച്ച ന്യായങ്ങളിൽ ഒന്ന് കന്യാവ്രതം അനുഷ്ഠിച്ച് ജീവിക്കുവാൻ ആഗ്രഹിച്ചിരുന്ന പെൺപൈതങ്ങരംക്ക് അതിനുള്ള സാധ്യത നൽകണം എന്നതായിരുന്നു.

മഠസ്ഥാപനത്തിനുശേഷം, സിസ്റേറഴ്സിൻെറ സന്യാസപരിശീലനത്തിൽ അദ്ദേഹം പ്രത്യേകശ്രദ്ധ വച്ചിരുന്നു. അതു സംബന്ധിച്ച് മഠത്തിൻെറ നാളാഗമത്തിൽ, ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ''ആരംഭംമുതലേ, നമ്മുടെ ആദ്ധ്യാത്മികവും ശാരീരികവുമായ ആവശ്യങ്ങരംക്കുള്ള മുൻകരുതലുകരം ചെയ്യുവാൻ അദ്ദേഹം വളരെ ബുദ്ധിമുട്ടി ''

ജീവചരിത്രകാരനായ പോരൂക്കര ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു: അവരുടെ വിശുദ്ധവും അടക്കമുള്ളതുമായജീവിതത്തിൽ സംപ്രീതനായി, പിതാവ് (ചാവറ) അവരെ വ്രതാനുഷ്ഠാനത്തിന് സ്വീകരിച്ചു; അവരുടെ കപ്പേളയിൽ ദിവ്യകാരുണ്യം എഴുന്നെള്ളിച്ചു വച്ചു. യാക്കോബ് തൻെറ ഏററം ഇളയ

മകനായ ബെഞ്ചമിനെ മററു മക്കളേക്കാരം കൂടുതൽ സ്നേഹിച്ചതുപോലെ, പിതാവ് ഈ കന്യകകളെ സ്നേഹിച്ചു. അമ്മ സ്വന്തംകുഞ്ഞുങ്ങളെ വളർത്തി പാലിക്കുന്നതുപോലെ, പിതാവ് അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തു.''

പല എഴുത്തുകളിലും ചാവറ സിസ്റേറഴ്സിനെ അവരുടെ ദൈവവിളിയുടെ ഔന്നത്യത്തെപ്പററി ഉൽബോധിപ്പിക്കുന്നു: ''ഓ എന്റെ ദൈവത്തിന്റെ രാജ്ഞിമാരേ, മണവാട്ടികളേ, നിങ്ങരം തിരഞ്ഞെടുത്ത ജീവിതാവസ്ഥ എത്രയോ ഉന്നതവും, സ്തുത്യർഹവുമാകുന്നു! വിധിദിവസത്തിൽ, എത്ര രാജ്ഞിമാർ, നിങ്ങളോട് അസൂയാലുക്കളാകുമെന്ന് നിങ്ങരം കാണും.''...... ''നിങ്ങരംക്ക് അവിടത്തോടല്ലാതെ വേറെ സ്നേഹം ഉണ്ടാകാതിരിക്കാൻവേണ്ടി എപ്പോഴും ജാഗരൂകരായിരിക്കുവിൻ. നിങ്ങളുടെ മണവാളന്റെ സ്വരം എത്രയോ മധുരമുള്ളത് എന്നോർക്കുവിൻ.''

ഈ ന്യായങ്ങരം കാണിച്ച് അവർ അടക്കമുള്ളവരായി ജീവിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തുകാണിക്കുന്നു: ''രാജാവിന്റെ ഭാര്യയെ സംവഹിക്കുന്ന വണ്ടി കറുത്ത കൂടാരത്താൽ മൂടപ്പെട്ടിരിക്കുന്നതായിട്ടാണ് ഞാൻ കണ്ടിരിക്കുന്നത്. ആരെയും കാണാതിരിക്കുവാൻ വേണ്ടിയാണ് അപ്രകാരം ചെയ്യുന്നത്. അങ്ങനെയെങ്കിൽ, എന്തുമാത്രം നിങ്ങളുടെ ദിവ്യമണവാളൻ നിങ്ങരം മറയപ്പെട്ടിരിക്കാൻ ആഗ്രഹിക്കും!''

## അടിസ്ഥാനപ്രേരകം: ഏകാന്തപ്രേമം

ഈ ഏകാഗ്രതയുടെ വിഷയം എന്താണെന്ന് ചാവറയുടെ നിസ്തുലമനോഹരമായ വാക്കുകൾ സ്പഷ്ടമാക്കുന്നുണ്ട്:

''എത്രയും ചിത്രമാം/നിൻമുഖപത്മത്തെ/
ഏകാന്തപ്രേമത്താൽ/പാർക്കുന്നഹം!''

ആ തിരുമുഖഭംഗി, അതായിരിക്കുന്ന വിധത്തിൽ ദർശിക്കുന്നതിനുള്ള വ്യവസ്ഥ അവിടത്തോടുള്ള സാരൂപ്യമാണെന്ന്, ദിവ്യനാഥനുമായുള്ള ചാവറ യുടെ സംഭാഷണം വ്യക്തമാക്കുന്നു. മുൾമുടിധാ രണംവഴി വിവർണ്ണമായ മുഖവും നയനങ്ങളും ധ്യാന വിഷയമാക്കിക്കൊണ്ട്, ചാവറ ചോദിക്കുകയാണ്:

''ആ, കരുണ നിറഞ്ഞ അപ്പാ, രത്നസമാനമായ നിന്റെ കണ്ണുകളുടേയും തിരുമുഖത്തിന്റേയും വി വർണ്ണതമാററി, അനുഗൃഹീതമായ നിന്റെ തിരുമുഖ ത്തിന്റെ സൗന്ദര്യം എന്നെനിയ്ക്ക് കാണാൻ ഭാഗ്യം ലഭിക്കും?'' ഉത്തരം: ''ആ, എന്റെ മകനേ, നിന്റെ ഭാഷ മാറുമ്പോൾ, ഈ മുഖഭാഷയും, നിന്റെ ക ണ്ണിൽ മാററപ്പെടും.'' പ്രത്യുത്തരം: ''കർത്താവേ, ഇ ന്നുമുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേ ക്ഷിച്ച്, എന്നെ പൂർണ്ണമായും നിനക്കു സമർപ്പിക്കു ന്നു. നിന്റെ തിരുമനസ്സല്ലാതെ മറെറാന്നും ഞാൻ ആഗ്രഹിക്കുന്നില്ല.'' (ധ്യാന. p. 21).

ചാവറയുടെ ബ്രഹ്മചര്യത്തിന്റെ പ്രായോഗി കവശം ഈശോയോടുള്ള ആനുരൂപ്യത്തിനായി അ

വിടത്തേക്കുള്ള പരിപൂർണ്ണ സമർപ്പണമായിരുന്നു. അവിടത്തെ ഇഷ്ടം – അതുമുഴുവൻ, അതുമാത്രം തന്റേതുമാക്കിത്തീർക്കുക.

## iv. അനുസരണം (P. LXXXIII–LXXXVII)

ബാല്യകാലത്ത് കുടുംബത്തിലും, വൈദികപഠനകാലത്ത് സെമിനാരിയിലും, ചാവറയുടെ അധികാരവിധേയത്വത്തെപ്പററി ഇതിനകം പ്രസ്താവിച്ചതിൽനിന്ന് സ്പഷ്ടമാണ്. പൗരോഹിത്യജീവിതാരംഭത്തിൽത്തന്നെ, മാന്നാനം ആശ്രമനിർമ്മാണകാലത്ത് വൈദികമേലധ്യക്ഷനോട് അദ്ദേഹം പ്രദർശിപ്പിച്ച വിധേയത്വത്തെ ''വീരോചിതമായ അനുസരണമായി'' നിരൂപകർ അനുമാനിക്കുന്നു.

### നിയമാനുഷ്ഠാനം

1855–ലെ വ്രതാനുഷ്ഠാനത്തിനു ശേഷമുള്ള, അദ്ദേഹത്തിന്റെ അനുസരണജീവിതത്തെപ്പററി, മഞ്ഞുമ്മേൽ ളൂവീസച്ചന്റെ സാക്ഷ്യം ഇതാണ്: ''അദ്ദേഹം ഒരു നോവീസിനെപ്പോലെ, എപ്പോഴും സഭാനിയമങ്ങൾ പാലിച്ചിരുന്നു.''

മാന്നാനത്തെ നാളാഗമം ഒരു സംഭവം വിവരിക്കുന്നുണ്ട്. ഒരിക്കൽ ചാവറ കൂനമ്മാവിൽനിന്ന് മാന്നാനത്തെത്തിയപ്പോൾ, പരിസരവാസികളിൽ പലരും അദ്ദേഹത്തെ കണ്ടു സംസാരിക്കാൻ വന്നുചേർന്നു. പക്ഷേ, ഉച്ചതിരിഞ്ഞുമാത്രമേ അവർക്ക് അദ്ദേഹത്തെ കാണാൻ സാധിച്ചുള്ളു. അതായത്, നിയമാനുസൃതം, സംസാരിക്കുവാൻ അനുവാദമുള്ള സമയത്ത്.

ചാവറയുടെ സാന്നിധ്യം മാത്രം മതിയായിരുന്നു, മററുള്ളവർക്ക് നിയമാനുസരണത്തിന് പ്രേരണ ലഭിക്കാൻ. മഞ്ഞുമ്മേൽ ളൂവീസച്ചൻ, ഈ കാര്യം സംബന്ധിച്ച് ഇങ്ങനെ എഴുതുന്നു: ''പ്രിയോരച്ചൻ സെമിനാരിയിൽ പ്രവേശിച്ചാൽ, എല്ലാവരും നിശ്ശബ്ദരാകുമായിരുന്നു.''

ലെയോപ്പോൾഡ് മിഷനറി പ്രിയോർജനറാളി നയച്ച റിപ്പോർട്ടിൽ, സി എം. ഐ സഭയിലെ ആദ്യത്തെ അംഗങ്ങളെപ്പററി ഇങ്ങനെ ഒരു ഭാഗമുണ്ട്: ''അച്ചൻമാർ നിയമാനുഷ്ഠാനത്തിൻെറ നിസ്സാരമായ അംശങ്ങൾപോലും ഇതുവരെയും കൃത്യമായി അനുഷ്ഠിച്ചുപോരുന്നു. അവർ യഥാർത്ഥത്തിൽ നോവീസസ് ആണെന്നുതോന്നും.'' വീണ്ടും: ''പ്രഥമവീക്ഷണത്തിൽ ഭാരമായി തോന്നാവുന്ന ഈ കൃത്യതയും തീവ്രതയും അവർ വളരെ സന്തോഷത്തോടെയാണ് പാലിക്കുന്നത്. അതെല്ലാം തങ്ങൾക്ക് തീരെ നിസ്സാരമായി തോന്നുന്നുവെന്ന് അവർതന്നെ പറയുന്നു. അവരുടെ അടക്കമുള്ള ആഹ്ലാദം സ്ഫുരിക്കുന്ന മുഖഭാവവും പെരുമാററവും മോൺ ബെർണാർദീനെ പലപ്പോഴും വിസ്മയിപ്പിച്ചിട്ടുണ്ട്.''

### അധികാരവിധേയത്വം

അധികാരികളോടുള്ള വിധേയത്വം സന്യാസജീവിതത്തിൻെറയും പൗരോഹിത്യ ജീവിതത്തിൻെറയും കാതലായ ഭാഗങ്ങളായി ചാവറ പരിഗണിച്ചിരുന്നു. സീറോ മലബാർ സഭയിൽ, ആരാധനാപരമായ ജീവിത നവീകരണത്തിനായി വളരെ കാര്യങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. പക്ഷേ യാതൊന്നും ബന്

ധപ്പെട്ട സഭാധികാരികളുടെ അനുമതി കൂടാതെ അ ദ്ദേഹം നടപ്പിൽ വരുത്തിയിട്ടില്ല.

അധികാരികളുടെ ആഗ്രഹങ്ങൾ സാധിച്ചുകൊ ടുക്കുവാൻ അദ്ദേഹം അതീവതല്പരനായിരുന്നു. 1831 മുതൽ മാന്നാനത്തു താമസിച്ചിരുന്ന അദ്ദേ ഹം, വികാരി അപ്പസ്തോലിക്കായുടെ ആഗ്രഹമനു സരിച്ച്, 1864 മുതൽ, കൂനമ്മാവിലേക്ക് താമസം മാററി. മരണം വരെ അവിടെത്തന്നെ താമസിച്ചു.

ഒരിക്കൽ ളാലം വികാരിയച്ചൻ, അവിടത്തെ പ്ര ധാന തിരുനാളിൽ സംബന്ധിക്കുന്നതിനും പ്രസം ഗിക്കുന്നതിനുമായി ചാവറയെ ക്ഷണിച്ചു. പക് ഷേ, സ്ഥലത്തെത്തിയപ്പോൾ മനസ്സിലായി, വികാ രി അപ്പസ്തോലിക്ക ചില വ്യവസ്ഥകൾ നിറവേ ററുന്നതുവരെ, അവിടെ തിരുനാളാഘോഷം നിരോ ധിച്ചിരിക്കുകയാണെന്ന്. അതുകൊണ്ട്, ചാവറ അ വിടെ ബലിയർപ്പിച്ചില്ല അതിനായി അടുത്ത പള്ളി യിലേക്കു പോയി. വ്യവസ്ഥകൾ നിറവേററുന്ന തുവരെ, പ്രസംഗവും പറഞ്ഞില്ല.

ലെയോപ്പോൾഡ് മിഷനറി ചാവറയുടെ വൈദിക ജീവിതത്തെ സമാഹരിച്ച്, ഇങ്ങനെ എഴുതി: ''അ നേകം വിഷമകരമായ കാര്യങ്ങൾ അദ്ദേഹം ചെയ് തു തീർത്തു - എപ്പോഴും ഈ രണ്ടുദ്ദേശ്യത്തോടുകൂ ടെ, സഭാധികാരികളോടുള്ള അനുസരണവും ആത്മാ ക്കളുടെ നന്മയും.''

അധികാരികളുടെ മുമ്പിൽ കാര്യങ്ങൾ തുറന്നു വയ്ക്കും. പക്ഷേ, അവസാന തീരുമാനം അധികാ

രികളുടേത്. മാന്നാനത്തെ പ്രതിസന്ധിയിലും ഗ്ലാശനാൽ ആശ്രമസ്വീകരണകാര്യത്തിലും ചാവറയുടെ ഈ നിലപാട് വളരെ സ്പഷ്ടമാണ്.

അധികാരികൾ മുൻവിധികൾ മൂലം തന്നെ തെററിദ്ധരിച്ചപ്പോൾ, അവരോട് വിരോധംപുലർത്താതെ, അവരെ സമീപിച്ച്, വസ്തുസ്ഥിതി അവരെ മനസ്സിലാക്കാൻ പരിശ്രമിച്ചു. തൽഫലമായി സംശയം തീരുകയും അധികാരികൾ സംതൃപ്തരാവുകയും ചെയ്തു.

## "കണ്ണും ചെവിയുമില്ലാത്ത ചൊൽവിളി"

അവസാന ദിനകാലത്ത്, വൈദ്യന്മാരുടെ നിർദ്ദേശവും മാന്നാനം ആശ്രമവാസികളുടെ ആഗ്രഹവും അധികാരികളുടെ അനുവാദവും പരിഗണിച്ച്, ചാവറ മാന്നാനത്തേയ്ക്ക് പോകാൻ ഒരുങ്ങി. കൂനമ്മാവു മഠത്തിലെ സിസ്റേറഴ്സിനോട് യാത്രയും പറഞ്ഞു. പക്ഷേ, ജരാർദു മിഷനറിയുടെ മനസ്സ് മറിച്ചാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. മിഷനറിയുടെ ചോദ്യം: "അച്ചാ, മാന്നാനത്തേയ്ക്ക് പോകാൻ ആഗ്രഹമുണ്ടോ?" ചാവറയുടെ ഉത്തരം: "അധികാരികളുടെ മനസ്സല്ലാതെ എനിക്കുവേറെ മനസ്സുണ്ടോ? അങ്ങയുടെ നിർദ്ദേശം അനുസരിക്കാൻ ഞാൻ ഒരുക്കമാണ്. മാന്നാനത്തേക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല, ആഗ്രഹിക്കാതിരിക്കുന്നുമില്ല." സിസ്റേറഴ്സിനോട് യാത്രപറഞ്ഞപ്പോൾ, അവർ സങ്കടത്തോടുകൂടി പറഞ്ഞു: "പിതാവേ, കൂനമ്മാവിൽ താമസിക്കാൻ അങ്ങേക്കിഷ്ടമാണെങ്കിൽ, മററുള്ളവരെല്ലാം അതനുസരിച്ച് ക്രമീ

കരണങ്ങൾ ചെയ്യും.'' അദ്ദേഹം പറഞ്ഞു: ''എനിയ്ക്കു സ്വന്തമായ മനസ്സുണ്ടോ? മാന്നാനത്തു താമസിക്കാനോ കൂനമ്മാവിൽ താമസിക്കാനോ ഞാനാഗ്രഹിക്കുന്നില്ല. അധികാരികൾ എന്നെ എങ്ങോട്ടയക്കുന്നുവോ, അവിടേയ്ക്ക് പോകാൻ തയ്യാറാണ്.''

ജരാർദു മിഷനറിയുടെയും മററു മിഷനറിമാരുടെയും തീരുമാനമനുസരിച്ച്, ചെയ്തുകഴിഞ്ഞ ഒരുക്കങ്ങൾ പരിഗണിക്കാതെ ചാവറ കൂനമ്മാവിൽ ത്തന്നെ താമസിച്ചു.

കൂനമ്മാവുമഠത്തിൽ, ചാവറയുടെ അവസാന സന്ദർശനത്തെ നാളാഗമം ഇങ്ങനെ വിവരിക്കുന്നു: ''കുറെ സമയം, അനുസരണത്തിൻെറ മാഹാത്മ്യത്തെയും സ്വമനസ്സിൻെറ പരിത്യാഗത്തെയുംപററി ഞങ്ങളോടു സംസാരിച്ചു. അവസാനം ഞങ്ങളെ ആശീർവ്വദിച്ച് തിരിച്ചുപോയി'' നാളാഗമം തുടരുന്നു: ''ഈ പിതാവ് ഏവരെയും ഒരു ശിശുവിനെപ്പോലെ അനുസരിച്ചിരുന്നു. പിതാവ് മരണംവരെ നമുക്കു നൽകിയിരുന്ന ഈ വിസ്മയനീയ മാതൃക അനുകരിക്കാൻ നമുക്കു കടമയില്ലേ? പെ. ബ. ദെലഗാത്തച്ചൻെറ അസാന്നിധ്യത്തിൽ, പ്രിയോരും ആശ്രമങ്ങളുടെ തലവനുമായിരുന്ന ഈ പിതാവിനെ അനുസരിക്കുവാൻ എല്ലാവർക്കും കടമയുണ്ടായിരുന്നു. പക്ഷേ അദ്ദേഹം ചെയ്തത് ഇങ്ങനെയാണ്, കാരണം, തൻെറ മനസ്സ് മുഴുവനായും അദ്ദേഹം ത്യജിച്ചിരുന്നു. അദ്ദേഹത്തിൻെറ ജീവിതം നമുക്കേവർക്കും അനുസരണമെന്ന പുണ്യത്തിൻെറ മാതൃക നൽകി.''

അന്ത്യദിനത്തിൽ, വിവിധ വൈദ്യൻമാർ, പല തരം മരുന്നുകൾ ഉപയോഗിച്ച് ചാവറയെ സുഖപ്പെടുത്താൻ പരിശ്രമിച്ചു. ചില പ്രയോഗങ്ങൾ വളരെ വേദനാകരമായിരുന്നു. എന്നാൽ അദ്ദേഹം, ചികിത്സ സംബന്ധിച്ചോ, മരുന്നുകൾ സംബന്ധിച്ചോ, ഭക്ഷണത്തെപ്പററിയോ, ഒരിക്കലും ആവലാതിപ്പെട്ടില്ല. ശുശ്രൂഷകർക്കും അദ്ദേഹം എപ്പോഴും വിധേയനായിരുന്നു. അധികാരികൾതന്നെ പ്രാകൃതമായ ചികിത്സാരീതികൾ കണ്ട് അനുകമ്പാപൂർവ്വം ഇടപെട്ട്, അവ നിർത്തൽ ചെയ്തു.

വൈദ്യൻമാരുടെയും, ചികിത്സാരീതികളുടെയും സൗകര്യം പ്രമാണിച്ച്, ആശ്രമാവൃതിക്കു പുറത്തുള്ള ഒരു കെട്ടിടത്തിലേയ്ക്ക് താമസം മാററേണ്ടിവന്നപ്പോൾ, അദ്ദേഹത്തിൻെറ ഹൃദയം അതിയായി വേദനിച്ചു. പക്ഷേ ആ വിവരം ആരോടും പറഞ്ഞില്ല. എന്നാൽ ലെയോപ്പോൾഡ് മിഷനറി, റോമിൽനിന്ന് തിരിച്ചെത്തിയപ്പോൾ, ചാവറയുടെ സങ്കടം മനസ്സിലാക്കി, അദ്ദേഹത്തിൻെറ താമസം ആവൃതിക്കകത്തുതന്നെ ആക്കി. അത് ചാവറയ്ക്ക് തികച്ചും ആശ്വാസപ്രദമായി.

തൻെറ അന്ത്യം അടുത്തുകഴിഞ്ഞുവെന്നു മനസ്സിലായപ്പോൾ, അന്ത്യകൂദാശകൾ നല്കണമെന്ന് പല പ്രാവശ്യം അദ്ദേഹം അഭ്യർത്ഥിച്ചു. പക്ഷേ, ബന്ധപ്പെട്ടവർ അത് വീണ്ടും വീണ്ടും നീട്ടിക്കൊണ്ടുപോയി. മരണത്തിൻെറ തലേദിവസം, അവർ പറഞ്ഞു അന്ത്യകൂദാശകൾ നല്കാൻ പോകുന്നുവെന്ന്. പതിവുപോലെ, അദ്ദേഹം പറഞ്ഞു: ''അധികാരിക

ളുടെ മനസ്സുപോലെയാകട്ടെ; എൻെറ മനസ്സു പോലെയല്ല.''

ആദ്ധ്യാത്മികപിതാവുമായുള്ള അവസാനസംഭാഷണം, അദ്ദേഹത്തിൻെറ അനുസരണാരൂപി കൂടുതൽ സ്പഷ്ടമാക്കുന്നുണ്ട്. ലെയോപ്പോൾഡ് മിഷനറി ചോദിച്ചു: ''സമാധാനമാണോ?'' ഉത്തരം: ''എനിയ്ക്ക് സമാധാനവും സന്തോഷവുമാണ്.'' ഉടനെ കൂട്ടിച്ചേർത്തു: ''കഴിഞ്ഞ ഞായറാഴ്ച ഞാൻ കുർബാന കണ്ടില്ല.'' ആത്മപിതാവ് ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു: ''സ്വന്തം ഉപേക്ഷകൊണ്ടല്ലല്ലൊ; ആജ്ഞ ലഭിച്ചതുകൊണ്ടല്ലേ?'' ചാവറ പ്രത്യുത്തരിച്ചു: ''ഞാനതു അനുസരണത്തെപ്രതി ചെയ്തു: അതെനിക്കു മതി''.

ദൈവത്തെ പ്രതിനിധീകരിക്കുന്ന അധികാരികളിലൂടെ, അവിടത്തേയ്ക്ക് പൂർണ്ണമായ വിധേയത്വം ഇതിൽ കുറഞ്ഞത് ചാവറയ്ക്ക് ചിന്ത്യമായിരുന്നില്ല. ഈ പൂർണ്ണ സമർപ്പണമാണ് താഴെ വരുന്ന ഈരടിയിൽ അദ്ദേഹം വെളിപ്പെടുത്തുന്നത്:

''ഏകനാഥേശനേ/നിന്നുടെ ദാസൻമേ/
ഏകദാ നിന്നെ/ഞാൻ കാണാകേണം.''
(ആത്മാ. 22/51-8)

സഭാംഗങ്ങൾക്കുള്ള അന്ത്യശാസനം ഇതിൻെറ വിശദീകരണമാണെന്നു പറയാം. ''പ്രിയകുഞ്ഞുങ്ങളേ, ഞാനും നിങ്ങളും ഇതുവരെയും യഥാർത്ഥ സന്യാസികളായിത്തീർന്നിട്ടില്ല, സന്യാസിയുടെ ഏക അട

യാളം സ്വന്തമനസ്സു മുഴുവനായും ത്യജിക്കുന്ന കണ്ണും ചെവിയുമില്ലാത്ത ചൊൽവിളിയാണ്. ഇത്രയും ചെയ്യുന്നവൻ സന്യാസിയായി.

പെ. ബ. വികാരി അപ്പസ്തോലിക്കാ അച്ചൻെറയും, നമുക്ക് ഡെലഗാത്തായി കല്പിച്ചു നൽകപ്പെടുന്ന പെ. ബ. മൂപ്പച്ചൻെറയും മനസ്സിനും, ദൈവത്തിൻെറയും ഇവരുടെയും കല്പനകൾക്ക് വിരോധമല്ലാത്ത സകലകാര്യത്തിലും പെ. ബ. മിഷനറി മൂപ്പച്ചന്മാരുടെയും ചൊൽവിളിക്കും നിങ്ങളെത്തന്നെ വിധേയമാക്കി, പൂർണ്ണമായ അനുസരണം അഭ്യസിക്കണം.

''വിഷാദിക്കേണ്ട ആരംഭത്തിൽ വിഷമവും വൈമനസ്യവും തോന്നിയാലും, പിന്നീട് അതു നന്നായി എന്നും, അതായിരുന്നു വേണ്ടിയിരുന്നതെന്നും മനസ്സിലാകും. മാത്രമല്ല, വലിയ മനഃസമാധാനത്തിൻെറ അനുഭൂതിയും ഉണ്ടാകും.

''ഈ മൂന്നുതരത്തിലുള്ള അനുസരണം പാലിക്കുന്നവൻ മോക്ഷസമാധാനം, ഈ കൊച്ചുമോക്ഷമായ കൊവേന്തയിൽ വച്ചുതന്നെ, രുചിച്ചറിയും.'' (എഴു. pp. 90-100)

## ഉപസംഹാരം

ഇതാ, ദൈവത്തിനും, ദൈവത്തെപ്രതി സഹജീവികൾക്കുമായി സമർപ്പിക്കപ്പെട്ട ഒരു ധന്യജീവിതം! സ്വയം ദാനംചെയ്ത പിതാവായ ദൈവത്തിൻെറ ഔദാര്യത്തിന് പ്രത്യുത്തരമായ, മകൻെറ ഔദാ

ര്യം! ദൈവസുതൻെറ സ്വയം ശൂന്യവൽക്കരണമാകുന്ന് സ്നേഹപ്രകടനത്തെ അനുകരിച്ച സഹോദര സ്നേഹം! അവിടത്തെ ഇരുകല്പനകളും വീരോചിതമായി പാലിച്ച ഒരു സുകൃതസരണിയുടെ സംക്ഷിപ്ത വിശകലനം!

ഈ ജീവിതത്തെ, ആദ്യന്തം സ്വാധീനിച്ച ചൈതന്യം ദൈവേഷ്ട നിർവ്വഹണത്തിൽ പരമാവധി എന്ന മാനദണ്ഡമായിരുന്നു. ബാല്യത്തിൽത്തന്നെ, ചാവറക്കുടുംബത്തെ, കൂമ്പടയാൻപോകുന്ന പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കുന്നതിനായി, സെമിനാരി വിട്ടിറങ്ങുക എന്ന ആഹ്വാനത്തിലും, അന്ത്യദിനത്തിൽ, കൂനമ്മാവിൽ നിന്നും സ്വന്തത്തിൻെറ സ്വന്തമായ മാന്നാനത്തേയ്ക്ക് മടങ്ങുക എന്ന നിർബന്ധത്തിലും, വാ. ചാവറയുടെ നിലപാട്, അദ്ദേഹത്തിൻെറ സ്ഥായിയായിരുന്ന ഈ ജീവിതനിയമത്തിൻെറ ആദ്യത്തെയും അവസാനത്തെയും മൈൽക്കുററികളായിരുന്നുവെന്ന് അദ്ദേഹത്തിൻെറ കടഞ്ഞെടുത്ത വാക്കുകൾ വ്യക്തമാക്കുന്നു:

> ''ഏകനാഥേശനെ/നിന്നുടെ ദാസൻമേ/
> ഏകദാ നിന്നെ/ഞാൻ കാണാകേണം''
>
> (ആത്മാ. 22/58–59)

ഈ ജീവിതവീക്ഷണത്തിൻെറ അടിസ്ഥാനശില, ദൈവം തൻെറ സാക്ഷാൽ പിതാവാണ് എന്ന "പുതിയ ഉടമ്പടിയുടെ'' അടിസ്ഥാനബന്ധം തന്നെയായിരുന്നു. സ്വർഗ്ഗീയപിതാവിൻെറ–തൻെറ ''അപ്പൻെറ'' – പരിപാലനാവൈഭവത്തിലുള്ള ഉറച്ച

വിശ്വാസം അവിടത്തെ ക്രമീകരണങ്ങളെല്ലാം സ്നേഹപൂർവ്വം ആശ്ലേഷിക്കുന്നതിന് ചാവറയ്ക്ക് അസന്ദിഗ്ദമായ ഉറപ്പുനൽകി. ജനനംമുതൽ, അനുഗ്രഹപരമ്പരയാൽ തന്നെ അനുധാവനം ചെയ്ത ഈ പരിപാലനയെ അനുസ്മരിച്ചുകൊണ്ട് ജ്വലിക്കുന്ന ഹൃദയത്തോടെ, പിതാവിൻെറ സ്വയംദാനമായ ദിവ്യസുതനിലൂടെ, അവിടത്തേയ്ക്ക് കൃതജ്ഞത സമർപ്പിക്കുക സാധാരണ പതിവായിരുന്നു. ആ തിരുമുഖമായിരുന്നു അദ്ദേഹത്തിൻെറ'' ഏകാന്തഃപ്രേമ'' വിഷയം. ആ മുഖത്ത് വിഷാദമോ വേദനയോ പ്രതിഫലിച്ചു കാണുക അദ്ദേഹത്തിനു ദുഃസഹമായിരുന്നു. തൻെറ ബാല്യത്തിലെ, ബലഹീനതകളും ദുർബലതകളും പലപ്പോഴും ആ ഹൃദയത്തിലെ സങ്കടം വർദ്ധിപ്പിക്കുവാൻ ഇടയായല്ലോ എന്നോർത്ത് ദീർഘനേരം, അനുതപിക്കുന്ന പതിവും ചാവറയ്ക്കുണ്ടായിരുന്നു. അനുതപിക്കുന്ന മകനെ ആശ്ലേഷിക്കാനും ചുംബിക്കാനും ഓടിയെത്തുന്ന പിതാവിൻെറ കരങ്ങൾ മലിനമാകരുത്, തൻെറ ദുർഗന്ധം പിതാവിലേയ്ക്ക് പകരാൻ ഇടവരരുത് എന്ന മുൻകരുതലോടെ, ആ ആശ്ലേഷത്തെയും ചുംബനത്തെയും നിരുത്സാഹപ്പെടുത്തുന്ന ചാവറയുടെ കറകളഞ്ഞ അനുതാപമല്ലെ, സാക്ഷാൽ ഉത്തമ മനസ്താപം—അതായത്, മകൻെറ ആഭിജാത്യരാഹിത്യം കണ്ട് വേദനിക്കുന്ന പിതൃഹൃദയത്തോടുള്ള മകൻെറ അനുകമ്പാർദ്രസ്നേഹം (ദൈവസ്നേഹത്തിൻെറ അതിമൃദുലമായ ഭാവം)?

ഈ അനുതാപത്തെ മുൻപറഞ്ഞവിധം ബഹുമാനിക്കുന്ന പിതാവിലുള്ള ചാവറയുടെ മനോശര

ണം അപാരമായിരുന്നു. പിതാവ് ആവശ്യപ്പെടുന്ന തെന്തും പരമാവധി ചെയ്യുന്നതിനുള്ള ധീരമായ തീരുമാനത്തിന് എതിരായി നിരക്കുന്ന ദുർബലതാബോധവും നിസ്സാരതാബോധവും തജ്ജന്യമായ നിരുത്സാഹതയും ചാവറയുടെ മുമ്പിൽ നിരർത്ഥകമായിരുന്നു. അത്തരം ചിന്തകളെ നേരിടാൻ അദ്ദേഹം ഉപയോഗിച്ച അനശ്വരസൂക്തം ''തിരുമനസ്സു നടക്കും, നടത്തും'' എന്നതായിരുന്നു. ജീവിതാനുഭവങ്ങളിൽ നിന്ന്, ഉരുത്തിരിഞ്ഞ സിദ്ധൗഷധം!

തൻമൂലം, അദ്ധ്യാത്മികതയിലും, ദൈവരാജ്യത്തിനുവേണ്ടിയുള്ള അദ്ധ്വാനങ്ങളിലും ''പരമാവധി'' എന്ന മാനദണ്ഡം എന്നും എവിടെയും പാലിച്ചുകൊണ്ട്, വിജയത്തിൽ നിന്ന് വിജയത്തിലേയ്ക്ക് കുതിക്കുവാൻ ചാവറയ്ക്കു സാധിച്ചു.

ശിരസ്സിൽ മുൾമുടി ധരിച്ച്, രക്തമണിഞ്ഞ, വിവർണ്ണമായ തിരുമുഖത്തിൻെറ മനോഹാരിത, അതിൻെറ നിസർഗ്ഗ സൗന്ദര്യം ദർശിക്കുവാൻ തനിക്ക് എന്നു സാധിയ്ക്കും എന്ന ചോദ്യത്തിനു കിട്ടിയ ഉത്തരം ചാവറയെ അതിമാത്രം ഉത്തേജിപ്പിച്ചു: ''നിന്നിൽത്തന്നെ മാററം വരുമ്പോൾ, ഈ മുഖവും നിൻെറ കണ്ണുകളിൽ രൂപാന്തരപ്പെടും'' അന്നുമുതൽ, അവിടത്തെ പൂർണ്ണമായ ആനുരൂപ്യപ്രാപ്തിയ്ക്കായി, ചാവറ സ്വയം സമർപ്പിച്ചു. ''ഇന്നുമുതൽ'' എന്നദ്ദേഹം പറഞ്ഞ വാക്കുകൾ, അചഞ്ചലമായ ദൃഢ (ധ്യാന. p.21) നിശ്ചയത്തി

ന്റെ പ്രകടനമായിരുന്നു. "തിരുസഭയെ വിശുദ്ധീകരിക്കുന്നതിനും, പവിത്രീകരിക്കുന്നതിനും, ജരയോ നരയോ കൂടാതെ മഹത്വപൂർണ്ണയാക്കിത്തീർക്കുന്നുതിനുമായി സ്വയം സമർപ്പിച്ച ദൈവസുതന്റെ തനിരൂപമാകാനുള്ള ആ സ്വയം സമർപ്പണമാണ് ചാവറയുടെ വീരോചിതമായ സുകൃതാഭ്യസനത്തിലും, വന്ധ്യയായിരുന്ന കേരളസഭയെ ഉദ്ധരിക്കുന്നതിനും വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിചെയ്ത നിസ്തുലസേവനങ്ങളിലും, നിഴലിച്ചുകാണുക. അതിനുള്ള ആത്മദാഹമാണ്, രാജാധിരാജനോടുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ പ്രതിഫലിക്കുന്നത്:

"കേസരിരാജൻനീ/നിന്നുടെ സുമതം/
കേരളമൊക്കെയും/കാണാകേണം"
(ആത്മാ. 21/25–26)

ദൈവത്തിന്റെ സഭയെ അദ്ദേഹം പുത്രതുല്യം സ്നേഹിച്ചു. പ. പിതാവിന്റെ സഹനവും, വിജയാപജയങ്ങളും അദ്ദേഹത്തെ വികാരധീനനാക്കി; തിരുസഭാധികാരികളെ അദ്ദേഹം ബഹുമാനിച്ചു; അവർക്ക് സദാ അധീനനായി വർത്തിച്ചു. കാരണം, അവർ തന്റെ പിതാവിന്റെ പ്രതിനിധികളായിരുന്നു. തിക്താനുഭവങ്ങൾ സംഖ്യാതീതമായിരുന്നു. അവയെല്ലാം, ഉപരിനന്മയ്ക്കായുള്ള ദൈവപരിപാലനയുടെ നിഗൂഢക്രമീകരണങ്ങളാണെന്ന് തെളിവായ വീക്ഷണം ചാവറയെ നിർവീര്യനാക്കുന്നതിനു പകരം, പ. കന്യകയെപ്പോലെ, "ഹൃദയത്തിൽ സം

ഗ്രഹിച്ച് ധ്യാനിക്കാനുള്ള'' വിഷയമായി പരിണമിക്ക മാത്രമേ ചെയ്തുള്ളു.

ഇവയിലെല്ലാം, ചാവറയെ ആദ്യന്തം സഹായിച്ചിരുന്ന അമൂല്യ പാരമ്പര്യങ്ങളായിരുന്നു പൗരസ്ത്യം, കർമ്മെലീത്തം, ഭാരതീയം എന്ന് മുൻഗ്രന്ഥം നൽകിയ സൂചന, ഈ സുകൃത സരണിയുടെ വിശകലനം സ്പഷ്ടമാക്കുന്നുണ്ട്.

ഇതാ, വാ. ചാവറയുടെ സുദൃഢമായ വിശ്വാസവീക്ഷണം, ചൈതന്യം, സഭാത്മകത, സീറോ മലബാർ സഭയ്ക്കുവേണ്ടിയുള്ള സ്വയം സമർപ്പണം!

ഈ പഠനത്തിൽനിന്നുള്ള അനുമാനം, നാമകരണതിരുസംഘം ഇങ്ങനെ അവതരിപ്പിക്കുന്നു: ''എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ, എന്റെ പിതാവ് അവനെ സ്നേഹിക്കയും, ഞങ്ങൾ അവന്റെ പക്കൽ വന്ന്, അവനോടുകൂടെ വസിക്കുകയും ചെയ്യും'' (യോഹ. 14:23). ദൈവദാസൻ കുറി. ഏലിയാസച്ചൻ നയിച്ച ജീവിതത്തിന്റെ ആഴം–അദ്ദേഹത്തിന്റെ ആന്തരികചൈതന്യം - സമ്യക്കായി പ്രകാശിപ്പിക്കുവാൻ, നമ്മുടെ കർത്താവിന്റെ ഈ വാക്യത്തെക്കാൾ മെച്ചപ്പെട്ട മറ്റൊന്ന് കണ്ടുപിടിക്കുക അസാദ്ധ്യമാണ്. അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന ദൈവം ഒരർത്ഥത്തിൽ, ബാഹ്യമായി സ്വയം വെളിപ്പെടുത്തുകയായിരുന്നു. തൽഫലമായി, ''ദൈവത്തിന്റെ മനുഷ്യനായും'', ''ദൈവകൃപ നിറഞ്ഞവനായും'' മററും അദ്ദേഹത്തെ പരസ്യമായി വിശേഷിപ്പിക്കുവാൻ മററുള്ളവർക്ക് സാധിച്ചു.'' (ഡിക്രി കാണുക).

തുടർന്ന്, പ. പിതാവ് ജോൺപോൾ രണ്ടാമൻ ചെയ്ത പ്രഖ്യാപനത്തോടെ, ഈ വിശകലനം അവസാനിപ്പിച്ചുകൊള്ളട്ടെ: ''ദൈവദാസൻ ചാവറ കുറി. ഏലിയാസച്ചൻ ദൈവികപുണ്യങ്ങളായ വിശ്വാസത്തിലും, ശരണത്തിലും, ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹത്തിലും, സാന്മാർഗ്ഗികപുണ്യങ്ങളായ വിവേകം, നീതി, മിതത്വം, ആത്മധൈര്യം എന്നിവയിലും ഇവയോട് ബന്ധപ്പെട്ട സുകൃതങ്ങളിലും, വീരോചിതമായ രീതിയിൽ വ്യാപരിച്ചിരുന്നതായി,, യഥാർത്ഥത്തിൽ സ്പഷ്ടമായി കാണുന്നു.'' (ഡിക്രിയുടെ അവസാനഭാഗം)